13 നവംബർ വ്യാഴം 2025
1201 തുലാം 27
Vol 08 Issue No 43

# കേരള പ്രണാമം

സത്യം വദ ധർമ്മം ചര

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

`7.50
പേജ് 12
www.keralapranamam.com
infokeralapranamam@gmail.com

# ഭീകരാക്രമണം തന്നെ; സ്പോൺസർ പാകിസ്ഥാൻ??

## ആരായാലും വെറുതേ വിടില്ല,അപലപിച്ച് കേന്ദ്രപ്രമേയം

**ന്യൂഡൽഹി:** ചെങ്കോട്ടയ്ക്കു സമീപമുണ്ടായ കാർസ്ഫോടനം ഭീകരാക്രമണമാണെന്ന് കേന്ദ്രസർക്കാർ സ്ഥിരീകരിച്ചു. അതിനു പിന്നിലെ കുറ്റവാളികളെയെല്ലാം ഉടൻ കണ്ടെത്തും. സ്പോൺസർമാർ ആരായാലും അവരെയടക്കം വെറുതെവിടില്ലെന്നും കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് വ്യക്തമാക്കി. ഇന്നലെ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അദ്ധ്യക്ഷതയിൽ സുരക്ഷാകാര്യങ്ങൾക്കായുള്ള കാബിനറ്റ് സമിതിയും കേന്ദ്ര കാബിനറ്റും യോഗം ചേർന്നിരുന്നു. പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതിയായ 7- ലോക് കല്യാൺ മാർഗിലായിരുന്നു ഉന്നതതല യോഗം. ഇതിനുശേഷമാണ് അശ്വിനി വൈഷ്ണവ് മാദ്ധ്യമങ്ങളെ കണ്ട് ഭീകരാക്രമണമാണെന്ന് ഔദ്യോഗികമായി സ്ഥിരീകരിച്ചത്. ജെയ്ഷെ മുഹമ്മദിന്റെ പങ്ക് സംശയിക്കുന്ന പശ്ചാത്തലത്തിൽ പാകിസ്ഥാനെ ഉന്നമിട്ടാണ് കേന്ദ്രത്തിന്റെ 'സ്പോൺസർ' പരാമർശം. ആക്രമണത്തെ അപലപിച്ച് കേന്ദ്രമന്ത്രിസഭ ഏകകണ്ഠമായി പ്രമേയം പാസാക്കി. ദേശവിരുദ്ധ ശക്തികൾ നടത്തിയത് ഹീനവും ഭീരുത്വവും നിറഞ്ഞ പ്രവൃത്തിയാണ്. ഉത്തരവാദികളെ നിയമത്തിന് മുന്നിൽ അതിവേഗം കൊണ്ടുവരും. ആഴത്തിലുള്ള



അന്വേഷണം നടത്തും. ഭീകരതയ്ക്കെതിരെ സന്ധിയില്ലാത്ത നിലപാടാണ് രാജ്യത്തിനെന്നും കേന്ദ്രം വ്യക്തമാക്കി.

**പൊളിഞ്ഞത് വൻപദ്ധതി**

2006ലെ മുംബയ് ട്രെയിൻ സ്ഫോടന പരമ്പര മാതൃകയിൽ, ഡിസംബർ 6ന് ബാബറി മസ്ജിദ് തകർത്തതിന്റെ വാർഷികത്തിൽ ഡൽഹിയിലും സമീപനഗരങ്ങളിലും സ്ഫോടനം നടത്താനായിരുന്നു പദ്ധതിയെന്നാണ് അന്വേഷണസംഘത്തിന് ലഭിച്ച സൂചന. ചെങ്കോട്ട,ഇന്ത്യാ ഗേറ്റ്,കോൺസ്റ്റിറ്റ്യൂഷൻ ക്ലബ്,ചാന്ദ്നി ചൗക്കിലെ ഗൗരി ശങ്കർ ക്ഷേത്രം,ഗുരുഗ്രാം,ഫരീദാബാദ് തുടങ്ങിയവയായിരുന്നു ലക്ഷ്യം.പൊതുസ്ഥലങ്ങളിലും ആരാധനാലയങ്ങളിലും സ്ഫോടനങ്ങൾ നടത്തി രാജ്യത്ത് വർഗീയ ലഹളയുണ്ടാക്കുകയായിരുന്നു ലക്ഷ്യം. ഇതിനായി 200ൽപ്പരം തത്ക്ഷണ ബോംബുകൾ (ഐ.ഇ.ഡി) നിർമ്മിക്കാനും ഒരുങ്ങിയിരുന്നു. ഇതിനിടെയാണ് ഉമർനബിയുമായി ബന്ധപ്പെട്ടവരുടെ അറസ്റ്റ് ഫരീദാബാദിലുണ്ടായത്.

**10 അംഗ എൻ.ഐ.എ സംഘം**

എ.ഡി.ജി.പി വിജയ് സാഖറെയുടെ നേതൃത്വത്തിൽ 10 അംഗ പ്രത്യേക സംഘം രൂപീകരിച്ചാണ് എൻ.ഐ.എയുടെ അന്വേഷണം. ഒരു ഐ.ജി, 2 ഡി.ഐ.ജിമാർ, മൂന്ന് എസ്.പിമാർ, മൂന്ന് ഡിവൈ.എസ്.പിമാർ എന്നിവർ സംഘത്തിലുണ്ട്.

ഡോ.ഉമർ നബി ചെങ്കോട്ടയ്ക്കു സമീപത്തെ പാർക്കിംഗ് മേഖലയിൽ 3 മണിക്കൂറോളം കാറുമായി കാത്തുകിടന്നത് എന്തിന്? കാറിൽ നിന്ന് പുറത്തിറങ്ങിയിട്ടില്ല. ആരുടെയെങ്കിലും നിർദ്ദേശത്തിനായി കാത്തിരിക്കുകയായിരുന്നോ ? ചെങ്കോട്ട മേഖലയിലെത്തുന്നതിന് മുൻപ് അക്ഷർധാം ക്ഷേത്രത്തിന് സമീപത്തും, കൊണാട്ട് പ്ലേസിലും കാർ എത്തിയിരുന്നുവെന്ന് സി.സി.ടി.വി ക്യാമറകൾ വ്യക്തമാക്കുന്നു. നഗരത്തിലെ രാംലീല മൈതാന് സമീപമുള്ള മസ്ജിദിൽ പ്രാർത്ഥിച്ചതായും കണ്ടെത്തി. അവിടെയും മൂന്ന് മണിക്കൂറോളം ചെലവഴിച്ചിരുന്നു. എന്തിനായിരുന്നു ഇതെല്ലാമെന്നും അന്വേഷിക്കും.

**പരിക്കേറ്റവരെ മോദി സന്ദർശിച്ചു**

ഇന്നലെ ഭൂട്ടാനിൽ നിന്ന് മടങ്ങിയെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി എൽ.എൻ.ജെ.പി ആശുപത്രിയിലാണ് ആദ്യമെത്തിയത്. പരിക്കേറ്റവരെ സന്ദർശിച്ചു. ഗൂഢാലോചനയ്ക്ക് പിന്നിലുള്ളവരെ നീതിക്ക് മുന്നിൽ കൊണ്ടുവരുമെന്ന് വ്യക്തമാക്കി. കൃത്യമായ മെഡിക്കൽ സഹായം ഉറപ്പാക്കണമെന്ന് അധികൃതർക്ക് നിർദ്ദേശം നൽകി. 13 പേർ മരിച്ച സംഭവത്തിൽ ആറുപേരുടെ നില അതീവ ഗുരുതരമായി തുടരുകയാണ്.

# ഗഗൻയാൻ: പാരച്യൂട്ട് രണ്ടാം പരീക്ഷണവും വിജയം

**തിരുവനന്തപുരം:** മനുഷ്യനെ ബഹിരാകാശത്ത് എത്തിക്കാനുള്ള ഇന്ത്യയുടെ സ്വപ്ന ദൗത്യമായ ഗഗൻയാന്റെ ക്രൂ മൊഡ്യൂളിനെ സുരക്ഷിതമായി ഭൂമിയിൽ തിരിച്ചിറക്കുന്നതിനുള്ള പാരച്യൂട്ടുകളുടെ രണ്ടാമത്തെ പരീക്ഷണവും പൂർണ വിജയം. ക്രൂ മൊഡ്യൂളിനെ ബഹിരാകാശത്തു നിന്ന് തിരിച്ചിറക്കുമ്പോൾ വേഗത കുറയ്ക്കാൻ ഉപയോഗിക്കുന്ന രണ്ട് പ്രധാന പാരച്യൂട്ടുകൾ പൂർണമായി തുറക്കുന്നതിന് കാലതാമസമുണ്ടായാൽ മൊഡ്യൂൾ സുരക്ഷിതമായി ലാൻഡ് ചെയ്യുന്ന പരീക്ഷണമാണ് നടത്തിയത്. ക്രൂ മൊഡ്യൂളിന്റെ ഭാരത്തിന് തുല്യമായ വസ്തു (ആറ് ടൺ) വ്യോമസേനയുടെ ഐ.എൽ 76 വിമാനം ഉപയോഗിച്ച് 2.5 കിലോമീറ്റർ ഉയരത്തിലെത്തിച്ച് താഴേക്കിട്ടു. തുടർന്ന് പാരച്യൂട്ടുകൾ ഉപയോഗിച്ച് വേഗതകുറച്ച് ഭൂമിയിൽ സാവധാനം ലാൻഡ് ചെയ്യിക്കുന്നതായിരുന്നു പരീക്ഷണം. നവംബർ മൂന്നിന് ഉത്തർപ്രദേശ് ഝാൻസിയിലെ ബാബിന ഫീൽഡ് ഫയറിംഗ് റേഞ്ചിൽ നടത്തിയ പരീക്ഷണം വിലയിരുത്തി വിജയമെന്ന് കണ്ടെത്തിയശേഷം ഇന്നലെയാണ് ഐ.എസ്.ആർ.ഒ ഇക്കാര്യം പുറത്തറിയിച്ചത്. ഓഗസ്റ്റിൽ നടത്തിയ ആദ്യ പരീക്ഷണവും വിജയമായിരുന്നു. ഗഗൻയാന്റെ ആദ്യ ആളില്ലാ പരീക്ഷണ വിക്ഷേപണം അടുത്ത ജനുവരിയിൽ നടക്കാനിരിക്കെ ഐ.എസ്.ആർ.ഒയ്ക്ക് ഇത് ആത്മവിശ്വാസം പകരും. തിരുവനന്തപുരത്തെ വിക്രംസാരാഭായ് സ്പെയ്സ് സെന്റർ, ഏരിയൽ ഡെലിവറി റിസർച്ച് ആൻഡ് ഡെവലപ്മെന്റ് എസ്റ്റാബ്ലിഷ്



മെന്റ്, ഡി.ആർ.ഡി.ഒ, ഇന്ത്യൻ വ്യോമസേന, ഇന്ത്യൻ ആർമി എന്നിവയുടെ പങ്കാളിത്തത്തോടെയാണ് പാരച്യൂട്ട് സിസ്റ്റം നിർമ്മിച്ചത്.

**തിരിച്ചിറക്കാൻ 10പാരച്യൂട്ടുകൾ**

ഗഗൻയാൻ ക്രൂ മൊഡ്യൂളിനെ ഭൂമിയിലേക്ക് തിരിച്ചിറക്കാൻ ഉപയോഗിക്കുന്നത് നാല് തരത്തിലുള്ള പത്ത് പാരച്യൂട്ടുകൾ. ഇവ ഒന്നിനു പിറകെ മറ്റൊന്നായി തുടർച്ചയായി തുറക്കുന്ന രീതിയിലാകും വിന്യസിക്കുക. പാരച്യൂട്ട് കമ്പാർട്ട്മെന്റിന്റെ സംരക്ഷണകവർ നീക്കം ചെയ്യുന്ന രണ്ട് കവർ സെപ്പറേഷൻ പാരച്യൂട്ടുകൾ തുറക്കുന്നതോടെയാണ് ഇവയുടെ പ്രവർത്തനം തുടങ്ങുക. രണ്ട് ഡ്രോഗ് പാരച്യൂട്ടുകൾ മൊഡ്യൂളിന്റെ വേഗം കുറയ്ക്കാനായി വിന്യസിക്കും. പിന്നാലെ മൂന്ന് പൈലറ്റ് പാരച്യൂട്ടുകൾ വിടർന്ന് മൂന്ന് പ്രധാന പാരച്യൂട്ടുകളെ വേർതിരിക്കും. ഇത് വേഗം കുറച്ച് സുരക്ഷിതമായ ലാൻഡിംഗിന് വഴിയൊരുക്കും. മൂന്ന് പ്രധാന പാരച്യൂട്ടുകളിൽ രണ്ടെണ്ണം മാത്രം പൂർണമായും വിന്യസിച്ചിരിക്കുമ്പോഴും മൊഡ്യൂളിന് ലാൻഡ് ചെയ്യാൻ കഴിയുന്ന വിധമാണ് നിർമ്മാണം. അതാണ് ഇത്തവണ പരീക്ഷിച്ചത്.

# ഭരണഘടനാ ഭേദഗതിക്ക് അംഗീകാരം: പാകിസ്ഥാനിൽ അധികാരം മുനീറിന്റെ കൈകളിലേക്ക്

**ഇസ്ലാമാബാദ്:** വിവാദമായ 27 -ാം ഭരണഘടനാ ഭേദഗതിയിലൂടെ അധികാരവും പദവിയും കൈപ്പിടിയിലൊതുക്കാനുള്ള തയ്യാറെടുപ്പിൽ പാകിസ്ഥാൻ കരസേനാ മേധാവി ഫീൽഡ് മാർഷൽ അസിം മുനീർ. പ്രധാനമന്ത്രി ഷെഹ്ബാസ് ഷെരീഫിന്റെ നേതൃത്വത്തിൽ അവതരിപ്പിച്ച ഭേദഗതി ബിൽ ഇന്നലെ പാർലമെന്റിന്റെ അധോസഭയായ നാഷണൽ അസംബ്ലിയിൽ പാസായതോടെയാണ് സൈനിക ഏകാധിപതിയായി മാറാനുള്ള അവസരം മുനീറിന്റെ കൈയ്യിലെത്തിയത്. ബിൽ സെനറ്റിൽ നേരത്തെ പാസായിരുന്നു. രാജ്യത്തിന്റെ ഭരണഘടനാപരവും സൈനികപരവുമായ ഘടനകളിൽ വലിയ മാറ്റങ്ങൾ വരുത്തുന്നതാണ് ഭേദഗതി. സുപ്രീം കോടതി കാഴ്ചക്കാരായി മാറും. ജനാധിപത്യ, ജുഡിഷ്യൽ വ്യവസ്ഥകളെ അട്ടിമറിച്ച് സ്വേച്ഛാധിപത്യം സ്ഥാപിക്കാനുള്ള നീക്കത്തിന്റെ ഭാഗമാണെന്ന് കാട്ടി ബില്ലിനെ പ്രതിപക്ഷം എതിർത്തെങ്കിലും ഫലമുണ്ടായില്ല. പ്രസിഡന്റ് ആസിഫ് അലി സർദ്ദാരിയുടെ അംഗീകാരത്തോടെ ഭേദഗതി ഉടൻ നിയമമാകും. ഓപ്പറേഷൻ സിന്ദൂറിന് ശേഷം മേയിലാണ് മുനീറിനെ ഫീൽഡ് മാർഷൽ പദവിയിലേക്ക് ഉയർത്തിയത്. ഇതോടെ മുനീർ രാജ്യത്തെ ഏറ്റവും ശക്തരായ വ്യക്തികളിൽ ഒരാളായി മാറി. ഷെഹ്ബാസ്, മുനീറിന്റെ കൈയ്യിലെ പാവയാണെന്ന് നിരീക്ഷകർ വിമർശിക്കുന്നു. യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായി നടത്തിയ ഷെഹ്ബാസിന്റെ ചർച്ചകളിൽ മുനീറും ഒപ്പമുണ്ടായിരുന്നു. ചാരസംഘടനയായ ഐ.എസ്.ഐയുടെ മുൻ തലവനായ മുനീർ 2022ലാണ് സേനാ മേധാവിയായത്.

**മുനീർ കൂടുതൽ ശക്തനാകും**

പുതിയ പദവി - ചീഫ് ഒഫ് ഡിഫൻസ് ഫോഴ്സസ്



(സി.ഡി.എഫ്) എന്ന പേരിൽ സംയുക്ത സേനാ മേധാവിയുടെ പദവി നിലവിൽ വരും. മുനീർ പദവിയിലെത്തും. ഇതുവരെ സേനാ മേധാവികളുടെ ഏകോപന ചുമതല വഹിച്ചിരുന്നു ജോയിന്റ് ചീഫ്സ് ഒഫ് സ്റ്റാഫ് കമ്മിറ്റി ചെയർമാന്റെ സ്ഥാനം നിറുത്തലാക്കി


സമ്പൂർണ്ണ അധികാരം - നാവികസേന, വ്യോമസേന മേധാവികളുടെ പ്രത്യേക പദവികൾ ഒഴിവാക്കി, മൂന്ന് സേനകളുടെയും ഭരണഘടനാപരമായ അംഗീകാരമുള്ള മേധാവിയായി കരസേനാ മേധാവി (സി.ഡി.എഫ്) മാറും.

പരമോന്നത സൈനിക കമാൻഡർ ആജീവനാന്ത പദവി - ഫീൽഡ് മാർഷൽ (മുനീറിന് ഫീൽഡ് മാർഷൽ പദവിയാണ് ) പോലെ ഫൈവ് സ്റ്റാർ റാങ്കിലുള്ള സൈനിക ഉദ്യോഗസ്ഥർക്ക് ആജീവനാന്തം പദവികളും പ്രത്യേകാവകാശങ്ങളും നിലനിൽക്കും. പ്രസിഡന്റിന് സമാനമായി അവർക്ക് പ്രോസിക്യൂഷനിൽ നിന്ന് പ്രതിരോധം ലഭിക്കും

പുതിയ കോടതി - സുപ്രീം കോടതിയെ മറികടക്കുന്ന പുതിയ ഫെഡറൽ ഭരണഘടനാ കോടതി സ്ഥാപിക്കും. ഭരണഘടനാപരം, സൈനികം, ദേശീയ സുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട എല്ലാ കേസുകളും ഈ കോടതി കൈകാര്യം ചെയ്യും. സൈന്യവുമായോ പ്രതിരോധവുമായോ ബന്ധപ്പെട്ട തീരുമാനങ്ങൾ പുനഃപരിശോധിക്കാനോ ചോദ്യം ചെയ്യാനോ ഉള്ള സുപ്രീം കോടതിയുടെ അധികാരം ഇല്ലാതാകും

# പി.എം ശ്രീ മരവിപ്പിക്കൽ തീരുമാനം: കത്ത് റെഡിയെന്ന് സി.പി.ഐ മന്ത്രിമാരോട് മുഖ്യമന്ത്രി

**തിരുവനന്തപുരം:** പി.എം ശ്രീ ധാരണാപത്രം മരവിപ്പിക്കുന്നതു സംബന്ധിച്ച മുന്നണി തീരുമാനം നടപ്പിലാക്കാത്തതിലെ അതൃപ്തി അറിയിക്കാനെത്തിയ സി.പി.ഐ മന്ത്രിമാർ പാർട്ടി തീരുമനപ്രകാരമാണ് പ്രശ്നം ഉന്നയിക്കുന്നതെന്ന് മുഖ്യമന്ത്രിയെ അറിയിച്ചു. കത്തയയ്ക്കാതിരുന്നാൽ കടുത്ത നടപടി വേണ്ടിവരുമെന്നും പറഞ്ഞു. കത്ത് അന്തിമഘട്ടത്തിലാണെന്നും താനടക്കമുള്ളവർ കത്തിലെ ഉള്ളടക്കം പരിശോധിച്ചാണ് തയ്യാറാക്കിയതെന്നും മുഖ്യമന്ത്രി പിണറായി വിജയൻ മറുപടി നൽകി. കത്ത് തയ്യാറായ വിവരം മന്ത്രിസഭയിലും മുഖ്യമന്ത്രി അറിയിച്ചു. തുടർന്നാണ് ഉച്ചകഴിഞ്ഞ് കത്തയച്ചത്. മന്ത്രിസഭയിൽ ചർച്ചചെയ്യാതെ പി.എം ശ്രീ പദ്ധതിയിൽ ഒപ്പിട്ട സി.പി.എം തീരുമാനത്തിൽ പ്രതിഷേധിച്ച് കഴിഞ്ഞ മാസം 29ലെ മന്ത്രിസഭ ബഹിഷ്കരിക്കാൻ സി.പി.ഐ തീരുമാനിച്ചിരുന്നു. തുടർന്നു നടത്തിയ ചർച്ചയ്ക്കൊടുവിലാണ് തുടർനടപടി മരവിപ്പിക്കാനുള്ള കത്ത് കേന്ദ്രത്തിന് അയയ്ക്കാൻ തീരുമാനമായത്. കേരളത്തിനുള്ള ഫണ്ട് തടഞ്ഞുവയ്ക്കരുതെന്നും കത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്.



പി.എം ശ്രീ പദ്ധതിയിൽ കേരളം ഒപ്പുവച്ചതിനു പിന്നാലെ സർവശിക്ഷക് കേരള (എസ്.എസ്.കെ) പദ്ധതിയിലെ ആദ്യ ഗഡുവായ 92.41 കോടി രൂപ കേന്ദ്രം അനുവദിച്ചിരുന്നു. രണ്ടും മൂന്നും ഗഡു ലഭിക്കാനുണ്ട്. ഇത് നൽകണമെന്ന് മന്ത്രി വി. ശിവൻകുട്ടി കഴിഞ്ഞ ദിവസം കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്രപ്രധാനെ ഡൽഹിയിൽ സന്ദർശിച്ച് അഭ്യർത്ഥിച്ചിരുന്നു. പി.എം ശ്രീ സംബന്ധിച്ച ധാരണാപത്രം തത്കാലം മരവിപ്പിച്ചുവെന്ന കാര്യം കേന്ദ്രമന്ത്രിയെ വാക്കാൽ അറിയിച്ചിട്ടുണ്ടെന്ന് ശിവൻകുട്ടി വാർത്താലേഖകരോട് പറഞ്ഞിരുന്നു.

# ശബരിമല കൊള്ള പത്മകുമാറിലേക്ക്, ചോദ്യം ചെയ്യലിൽ നിന്ന് ഇന്നലെ ഒഴിഞ്ഞുമാറി

## ഇന്ന് ഹാജരായേക്കും

**പത്തനംതിട്ട:** ശബരിമല സ്വർണക്കൊള്ളയിൽ എൻ. വാസുവിനു പിന്നാലെ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് എ. പത്മകുമാറിനും കുരുക്ക് മുറുകി. ശബരിമല കട്ടിളപ്പാളി കേസിൽ പ്രത്യേക അന്വേഷണ സംഘം പത്മകുമാറിനെ ഇന്നലെ ചോദ്യം ചെയ്യാൻ വിളിച്ചെങ്കിലും സമയം ചോദിച്ച് ഒഴിഞ്ഞുമാറി. ഇന്ന് ഹാജരായേക്കും. സി.പി.എം ജില്ലാ കമ്മിറ്റി അംഗമാണ് പത്മകുമാർ. തദ്ദേശ തിരഞ്ഞെടുപ്പ് പ്രചാരണവേളയിൽ പത്മകുമാറിന്റെ അറസ്റ്റുണ്ടായാൽ പാർട്ടിക്ക് അത് കനത്ത തിരിച്ചടിയാകും. സ്വർണപ്പാളികേസിൽ എട്ടാം പ്രതിയാണ് പത്മകുമാർ. ഇതു രണ്ടാം തവണയാണ് ചോദ്യം ചെയ്യലിന് വിളിക്കുന്നത്. ആദ്യം ആരോഗ്യപ്രശ്നം പറഞ്ഞ് ഒഴിഞ്ഞു. അടുത്ത ബന്ധുവിന്റെ മരണമാണ് ഇന്നലെ കാരണമായി പറഞ്ഞത്. വാസുവിന്റെ റിമാൻഡ് റിപ്പോർട്ടിൽ പത്മകുമാറിന്റെ പങ്ക് വ്യക്തമായി പറയുന്നുണ്ട്. അതുകൊണ്ടുതന്നെ പൊലീസിന് മുന്നിൽ ഹാജരാകുന്നത് നീട്ടിക്കൊണ്ടുപോകാനുമാവില്ല. 2019ൽ വാസു ദേവസ്വം കമ്മിഷണറും പത്മകുമാർ പ്രസിഡന്റുമായിരിക്കെയാണ് കേസിനാസ്പദമായ സ്വർണക്കൊള്ള നടന്നത്. കട്ടിളപ്പാളി സ്വർണമെന്ന് അറിയാമായിരുന്നിട്ടും വാസു രേഖപ്പെടുത്തിയത് ചെമ്പുപാളിയെന്നാണ്. ഇത് ദേവസ്വം പ്രസിഡന്റിന്റെ അറിവോടോയെന്നാണ് വാസുവിന്റെ മൊഴി.



**അഴിമതി നിരോധനനിയമം ചുമത്തും**

തിരുവനന്തപുരം: പ്രതികൾക്കെതിരേ അഴിമതി നിരോധന നിയമം ചുമത്തും. നിലവിലെ ഐ.പി.സി കുറ്റകൃത്യങ്ങൾക്കൊപ്പം അഴിമതി നിരോധന നിയമത്തിലെ വകുപ്പുകളും കൂട്ടിച്ചേർക്കാൻ റാന്നി കോടതിയിൽ റിപ്പോർട്ട് നൽകും. എന്നാൽ വിജിലൻസ് പ്രത്യേകം കേസെടുക്കില്ല. അന്വേഷണം നടത്തുന്ന എസ്.ഐ.ടിക്ക് പ്രതികൾക്കെതിരേ അഴിമതി നിരോധന നിയമത്തിലെ വകുപ്പുകളും കൂട്ടിച്ചേർക്കാം. റാന്നി കോടതിക്ക് തന്നെ കേസ് തുടർന്നും പരിഗണിക്കാനാവും. പ്രത്യേക വിജിലൻസ് കോടതിയിലേക്ക് മാറ്റേണ്ട ആവശ്യമില്ലെന്നും വിജിലൻസ് ആസ്ഥാനം അറിയിച്ചു.

പ്രചാരണായുധമാക്കി യു.ഡി.എഫ്, എൻ.ഡി.എ

ബോർഡ് പ്രമുഖരുടെ അറസ്റ്റും ദേവസ്വം മന്ത്രിയുടെ രാജിയും ആവശ്യപ്പെട്ട് കെ.പി.സി.സിയുടെ നേതൃത്വത്തിൽ ഇന്നലെ സെക്രട്ടേറിയറ്റ് ധർണ നടത്തി. വൃഷ്ചികം ഒന്നിന് വാർഡ് തലത്തിൽ പ്രതിഷേധം

നേരത്തേ സെക്രട്ടേറിയറ്റ് വളയൽ പ്രക്ഷോഭം നടത്തിയ ബി.ജെ.പി, വോട്ടുതേടിയുള്ള വീട് സന്ദർശനങ്ങളിൽ സ്വർണക്കൊള്ളയാണ് പ്രധാനമായും ചർച്ചയാക്കുന്നത്

പത്മകുമാർ പ്രസിഡന്റായിരിക്കെ ദേവസ്വം മന്ത്രിയായിരുന്ന കടകംപള്ളിക്കും ദ്വാരപാലക ശില്പം കൊണ്ടുപോകാൻ കഴിഞ്ഞ സെപ്തംബറിൽ പോറ്റിക്ക് അനുമതി നൽകിയ പി.എസ്. പ്രശാന്തിനും പങ്കുണ്ടെന്നാണ് ആരോപണം


പത്മകുമാറിന്റെയും അറസ്റ്റുണ്ടായാൽ, ആരുടെയൊക്കെ പേരുകൾ പിറകേ വരുമെന്ന ആശങ്ക എൽ.ഡി.എഫിനുണ്ട്

അയ്യപ്പന്റെ സ്വർണം കവർന്ന ആരെയും രക്ഷിക്കില്ലെന്നും ഏറ്റവും മികച്ചരീതിയാലാണ് അന്വേഷണമെന്നും പ്രതിരോധം തീർക്കുകയാണ് മുന്നണി

# ജാതിവിവേചനം: കേരള സെനറ്റിൽ കൂട്ടപ്രതിഷേധം

**തിരുവനന്തപുരം:** നാലു മാസത്തെ ഇടവേളയ്ക്ക് ശേഷം ഇന്നലെ ചേർന്ന കേരള സർവകലാശാലാ സെനറ്റ് മൂന്നര മണിക്കൂർ ബഹളത്തിൽ മുങ്ങിയതോടെ വി.സി ഡോ.മോഹനൻ കുന്നുമ്മേൽ യോഗം പിരിച്ചുവിട്ടു. രാവിലെ എട്ടരയ്ക്ക് യോഗം ആരംഭിച്ചപ്പോൾ തന്നെ സംസ്കൃത വിഭാഗത്തിലെ വിവാദ പിഎച്ച്ഡി വിഷയത്തിൽ ഡീൻ ഡോ. സി.എൻ വിജയകുമാരിയെ പുറത്താക്കണമെന്ന് ആവശ്യപ്പെട്ട് സി.പി.എം അംഗങ്ങൾ ബഹളം തുടങ്ങി. ഡീനിന്റെ ജാതി വിവേചനം അവസാനിപ്പിക്കുക, ഡോ.വിജയകുമാരിയെ പുറത്താക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുള്ള പ്ലക്കാർഡുകളുമായി സിപിഎം സെനറ്റംഗങ്ങൾ വിസിയെ ഉപരോധിച്ചു. എ.കെ.ജി സെന്റർ കൈവശം വച്ചിട്ടുള്ള അധികഭൂമി, ബിരുദ സീറ്റൊഴി





വ്, സിൻഡിക്കേറ്റംഗങ്ങളുടെ അനധികൃത ഓഫീസ് ഉപയോഗം തുടങ്ങിയ സുപ്രധാന ചോദ്യങ്ങൾ ഒഴിവാക്കാനായി. മുൻ വൈസ് ചാൻസലർ മഹാദേവൻ പിള്ളയ്ക്ക് അനുശോചനം അർപ്പിക്കുന്ന അജൻഡ മാത്രമാണ് ഇടതംഗങ്ങൾ അനുവദിച്ചത്. സംസ്കൃതത്തിൽ പാണ്ഡിത്യമില്ലാത്ത വിദ്യാർത്ഥിക്ക് പിഎച്ച്ഡി നൽകരുതെന്ന് വി.സിക്ക് ശുപാർശ നൽകിയ ഡീൻ ഡോ.വിജയകുമാരിയെ യോഗത്തിൽ നിന്ന് പുറത്താക്കണമെന്ന ആവശ്യം വി.സി നിരാകരിച്ചു. ബി.ജെ.പി അംഗങ്ങൾ വിജയകുമാരിയെ അനുകൂലിച്ചു. ഇതോടെ സി.പി.എം, ബി.ജെ.പി അംഗങ്ങൾ ചേരിതിരിഞ്ഞ് മുദ്രാവാക്യം വിളിച്ചു. തനിക്കെതിരായ മുദ്രാവാക്യം വിളികളും ഹാളിനുള്ളിലെ ബഹളവും ഡോ. വിജയകുമാരി മൊബൈലിൽ പകർത്തുന്നത് ഇടത് അംഗങ്ങളെ ചൊടിപ്പിച്ചു. 12ആയിട്ടും ബഹളം തുടർന്നതോടെ, വി.സി യോഗം പിരിച്ചു വിട്ടു.

**വി.സിയെ അരമണിക്കൂർ തടഞ്ഞു,**

സെനറ്റ് ഹാളിലെ അനുശോചന യോഗം കഴിഞ്ഞ് പുറത്തിറങ്ങിയ വി.സി ഡോ. മോഹനൻ കുന്നുമ്മേലിനെ എസ്.എഫ്.ഐക്കാർ തടയുകയും, കാറിൽ ഇടിക്കുകയും ചെയ്തു. അര മണിക്കൂർ കാറിൽ കാത്തിരുന്നിട്ടും സമരക്കാരെ പൊലീസ് നീക്കുന്നില്ലെന്ന് മനസിലാക്കിയ വി.സി ഗവർണറെ ബന്ധപ്പെട്ടു. ഗവർണർ ഡിജിപിയെ വിളിച്ച് നിർദ്ദേശം നൽകിയതോടെ, ഉന്നത പൊലീസുദ്യോഗസ്ഥരെത്തി സമരക്കാരെ നീക്കം ചെയ്തു. വൈസ് ചാൻസലറെ തടഞ്ഞുവച്ച് കൈയേറ്റം ചെയ്യാൻ ശ്രമിച്ചവർക്കെതിരേ നടപടി ആവശ്യപ്പെട്ട് രജിസ്ട്രാർ ഡിജിപിക്ക് പരാതി നൽകി.

**ഡീൻഷിപ്പ് റദ്ദാക്കണം: ഇടത് അംഗങ്ങൾ**

സെനറ്റ് യോഗത്തിൽ,ഡീൻ സി.എൻ. വിജയകുമാരിയുടെ ഡീൻഷിപ്പ് റദ്ദാക്കണമെന്ന ആവശ്യമാണ് പ്രധാനമായും ഇടത് സിൻഡിക്കേറ്റ് അംഗങ്ങൾ ഉന്നയിച്ചത്. വിജയകുമാരിയുടെ നോമിനേഷൻ പിൻവലിക്കാൻ ഗവർണർ തയ്യാറാവുക. ഗവേഷക വിദ്യാർത്ഥിയായ വിപിൻ രജിസ്ട്രാർക്ക് നൽകിയ പരാതി പൊലീസിന് കൈമാറുക, സെനറ്റ് യോഗത്തിൽ നിന്ന് ഡീനിനെ ഒഴിവാക്കി ചർച്ച ചെയ്യുക എന്നീ ആവശ്യങ്ങളും ഇടതുപക്ഷ അംഗങ്ങളായ ഷിജു ഖാൻ, ജി. മുരളീധരൻ തുടങ്ങിയവർ ഉന്നയിച്ചു. അതേസമയം കേരള സർവകലാശാല സിൻഡിക്കേറ്റ് യോഗം 18ന് ചേരും. സംസ്കൃത പി.എച്ച്ഡി വിഷയം, നിരവധി ഗവേഷക വിദ്യാർത്ഥികൾക്ക് പി.എച്ച്ഡി അനുവദിക്കുന്നത്, പി.എം ഉഷ ഫണ്ടിന്റെ വിനിയോഗം എന്നിവയെല്ലാം ചർച്ചയാവും.



കേരള പ്രണാമം
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

"ഈശ്വരനെ നമുക്ക് ഭയവും വിശ്വാസമുണ്ടെങ്കിൽ നാം മറ്റൊന്നും ഭയപ്പെടേണ്ടതില്ല്"
മഹാത്മാ ഗാന്ധി



## ജസ്റ്റിസ് ബാലാജിയുടെ ബെഞ്ചിന് അഭിന്ദനങ്ങൾ

മനുഷ്യനിർമ്മിതമായ ജാതി സംവിധാനം ദൈവത്തിന്റെ പേരിൽ ചാരി വ്യാഖ്യാനിക്കുന്നത് കാലാകാലങ്ങളായി ഇന്ത്യയിൽ നിലനിൽക്കുന്ന ഒരു രീതിയാണ്. എല്ലാ ചരാചരങ്ങളിലും കുടികൊള്ളുന്നത് ഒരേ ദൈവ ചൈതന്യമാണെന്ന് പ്രഭാഷണങ്ങൾ നടത്തുന്നവർ പോലും, ജാതിവ്യവസ്ഥയെ ന്യായീകരിക്കാനും ജാതിയുടെ പേരിൽ ആളുകളെഅകറ്റിനിറുത്താനും ശ്രമിക്കുന്ന കാപട്യം ഇന്നും അഭംഗുരം തുടരുന്നു എന്നത് ആർക്കും നിഷേധിക്കാനാകാത്തൊരു നഗ്നയാഥാർത്ഥ്യമാണ്. ഇതിനൊപ്പം തന്നെയാണ് ജാതികൊണ്ട് വിശ്വാസത്തെ വേലികെട്ടിത്തിരിക്കുന്ന പ്രവണതയും സമാന്തരമായി വളർന്നുവരുന്നത്. ഗുരുദേവൻ ഉൾപ്പെടെയുള്ള ആദ്ധ്യാത്മിക ശ്രേഷ്ഠരുടെ ചിരന്തനമായ കർമ്മ വെളിച്ചം പകർന്ന പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിൽ ജാതിയുടെ പേരിലുള്ള അകറ്റിനിറുത്തൽ പ്രത്യക്ഷമായി അപ്രത്യക്ഷമായെങ്കിലും വികലമായ ചില മനസുകളിൽ സൂക്ഷ്മതലത്തിൽ ഇപ്പോഴും നിലനിൽക്കുന്നു എന്നതും ഒരു യാഥാർത്ഥ്യമാണ്.ദൈവത്തിന്റെയും പാരമ്പര്യത്തിന്റെയും ആചാരത്തിന്റെയും മറ്റും പേരിൽ സവർണ ബോധം അടിച്ചേല്പിക്കാനുള്ള ശ്രമങ്ങൾ കൂടെക്കൂടെ ഇവിടെയും ഉണ്ടാകാറുണ്ട്. ദൈവത്തെ നിഷേധിച്ചുകൊണ്ട് അധികാരത്തിൽ വന്ന രാഷ്ട്രീയ കക്ഷികൾ ഭരിക്കുന്ന തമിഴ്നാട്ടിൽ പട്ടണപ്രദേശങ്ങൾ ഒഴിച്ചുനിറുത്തിയാൽ ചില ഉൾനാടൻ ഗ്രാമങ്ങളിൽ നൂറ്റാണ്ടുകൾ പഴക്കമുള്ള ജാതിവിവേചനങ്ങളാണ് നിലനിൽക്കുന്നത്. ഈ പശ്ചാത്തലത്തിൽ ദൈവത്തിന് വിവേചനമില്ലെന്നും ജാതിയോ മതമോ ഉപയോഗിച്ച് വിശ്വാസത്തെ വേലികെട്ടി നിറുത്താനും ദൈവികതയെ പരിമിതപ്പെടുത്താനും സാധിക്കില്ലെന്നുമുള്ള മദ്രാസ് ഹൈക്കോടതിയുടെ നിരീക്ഷണവും തുടർന്നുള്ള ഉത്തരവും വളരെ ശ്രദ്ധേയവും കാലോചിതവുമാണ്. കാഞ്ചീപുരത്തെ ഗ്രാമത്തിൽ ദളിത് കോളനിയിലൂടെ ക്ഷേത്രരഥം എഴുന്നള്ളിക്കാനുള്ള നടപടിയെടുക്കാൻ ജില്ലാ ഭരണകൂടത്തോട് ഉത്തരവിട്ടുകൊണ്ടാണ് ജാതിയുടെയോ മതത്തിന്റെയോ പേരിൽ വിശ്വാസത്തിന് വേലികെട്ടാനാവില്ലെന്ന് ജസ്റ്റിസ് ബാലാജിയുടെ ബെഞ്ച് വ്യക്തമാക്കിയത്. കാഞ്ചീപുരം പുത്തഗ്രാം പ്രദേശത്തെ ദളിത് വിഭാഗത്തിൽപ്പെട്ട സെൽവരാജ്, തൊട്ടുകൂടായ്മ നിർമ്മാർജ്ജന സമിതി ജില്ലാ സെക്രട്ടറി ആനന്ദൻ എന്നിവരാണ് ഹർജി സമർപ്പിച്ചത്. ഭരണഘടനയുടെ ആർട്ടിക്കിൾ 14 പ്രകാരം തൊട്ടുകൂടായ്മ നിറുത്തലാക്കിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ആർക്കൊക്കെയാണ് ദൈവത്തിനു മുന്നിൽ നിൽക്കാനും ആരാധിക്കാനും അർഹതയുള്ളതെന്നും ഇല്ലാത്തതെന്നുമൊക്കെയുള്ള നിബന്ധനകൾ നിർദ്ദേശിക്കാൻ ആർക്കും അവകാശമില്ലെന്നും കോടതി ചൂണ്ടിക്കാട്ടി. ദൈവത്തെ ആരാധിക്കുന്നതിൽ ഒരു വിവേചനവും നടത്തുന്നില്ലെന്ന് ഉറപ്പിക്കാനും മുത്തുകാളിയമ്മൻ ക്ഷേത്രത്തിൽ ദളിതർക്ക് എല്ലാ സൗകര്യവും ഒരുക്കാനും കാഞ്ചീപുരം ജില്ലാ ഭരണകൂടത്തോടും ദേവസ്വം വകുപ്പിനോടും കോടതി ഉത്തരവിട്ടുണ്ട്. രഥം ദളിത് കോളനിയിലൂടെ എഴുന്നള്ളിക്കാൻ അവസരമൊരുക്കണമെന്നും കോടതി പറഞ്ഞു. രഥം വരുമ്പോൾ മുത്തുകാളിയമ്മൻ ക്ഷേത്രത്തിൽ ദളിതർ ആരാധന നടത്തുന്നത് ഇതര ജാതിക്കാർ തടഞ്ഞിരുന്നതാണ് കേസിന് ഇടയാക്കിയത്. ഇത്തരം വിവേചനങ്ങൾ ജാതിയുടെ പേരിൽ ഒരുകൂട്ടം ആളുകൾ കാണിക്കാൻ ജനാധിപത്യ ഭരണകൂടങ്ങൾ അനുവദിക്കരുത്. അവർപരാജയപ്പെടുന്നതുകൊണ്ടാണ് നീതി ലഭിക്കാൻ അകറ്റിനിറുത്തപ്പെടുന്നവന് കോടതികളെ സമീപിക്കേണ്ടി വരുന്നത്.



## ചൈനയിൽ അടുത്തിടെ ഉദ്ഘാടനം കഴിഞ്ഞ പാലം തകർന്നു

ബെയ്ജിങ്: ചൈനയിൽ അടുത്തിടെ നിർമ്മാണം പൂർത്തിയാക്കിയ പാലം തകർന്നുവീണു. സിചുവാൻ പ്രവിശ്യയിൽ പുതുതായി ഉദ്ഘാടനം ചെയ്ത പാലമാണ് മണ്ണിടിച്ചിലിനെ തുടർന്ന് ഭാഗികമായി തകർന്ന് നദിയിലേക്ക് പതിച്ചത്. ഈ വർഷം ആദ്യമായിരുന്നു പാലത്തിന്റെ ഉദ്ഘാടനം. എന്നാൽ, സെപ്റ്റംബറിലാണ് ഇത് പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തത്.മധ്യ ചൈനയെയും ടിബറ്റിനെയും ബന്ധിപ്പിക്കുന്ന ദേശീയ പാതയുടെ ഭാഗമായ ഹോങ്ചി പാലത്തിന്റെ കോൺക്രീറ്റ് ഭാഗം കഷണങ്ങളായി തകർന്നുവീഴുന്നതിന്റെ വീഡിയോ ദൃശ്യങ്ങൾ സാമൂഹിക മാധ്യമങ്ങളിൽ വൻതോതിൽ പ്രചരിക്കുന്നുണ്ട്. ചൊവ്വാഴ്ച ഉച്ചകഴിഞ്ഞാണ് സംഭവം നടന്നത്.എക്സിൽ പോസ്റ്റ് ചെയ്ത ഒരു വീഡിയോയിൽ, പാലത്തിന്റെ അടിത്തറയിലേക്ക് ശക്തമായ മണ്ണിടിച്ചിലുണ്ടാവുകയും തുടർന്ന് പാലത്തിന്റെ ഒരു ഭാഗം താഴെയുള്ള നദിയിലേക്ക് തകർന്നു വീഴുന്നതും കാണാം. അന്തരീക്ഷത്തിൽ പൊടിയുംഅവശിഷ്ടങ്ങളും നിറയുന്നതും വീഡിയോയിലുണ്ട്. നിമിഷങ്ങൾക്കുള്ളിലാണ് പാലത്തിന്റെ തൂണുകൾ വെള്ളത്തിലേക്ക് പതിച്ചത്.

വീഡിയോയ്ക്ക് പലതരത്തിലുള്ള പ്രതികരണങ്ങളാണ് വരുന്നത്. നിർമ്മാണത്തിലെ വേഗത ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി (സിസിപി) കരുതുന്നതുപോലെ അത്ര വലിയ കാര്യമല്ല. അവർ ഒരുപക്ഷേ എൻജിനീയർമാരെയും പ്രോജക്ട് മാനേജർമാരെയും കമ്പനി ഉടമകളെയും പദ്ധതിക്ക് മേൽനോട്ടം വഹിച്ച ചില സിസിപി നേതാക്കളെയും വധിച്ചേക്കാം, ഒരു ഉപയോക്താവ് കുറിച്ചു. ഇതൊരു പാലം തകർച്ച എന്നതിലുപരി ഒരു മണ്ണിടിച്ചിൽ പോലെയാണ് തോന്നുന്നത്. പാലത്തിന്റെ ഭൂരിഭാഗവും ഇപ്പോഴും നിലനിൽക്കുന്നുണ്ട്, മറ്റൊരു ഉപയോക്താവ് അഭിപ്രായപ്പെട്ടു.

ചൈനയുടെ പടിഞ്ഞാറൻ മലയോര മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിലെ വെല്ലുവിളികളിലേക്കാണ് ഈ സംഭവം വിരൽ ചൂണ്ടുന്നത്. ഇവിടെ ഭൂകമ്പ സാധ്യതയും മണ്ണിടിച്ചിൽ സാധ്യതയുമുള്ള പ്രദേശങ്ങളിലാണ് ദ്രുതഗതിയിലുള്ള വികസനം നടക്കുന്നത്, മൂന്നാമതൊരാൾ പ്രതികരിച്ചു.

സമീപത്തെ ചരിവുകളിലും റോഡുകളിലും വിള്ളലുകൾ കണ്ടെത്തിയതിനെയും അടുത്തുള്ള മലയിൽ ഭൂപ്രദേശത്തിന് മാറ്റങ്ങൾ സംഭവിച്ചതായും കണ്ടെത്തിയതിനെ തുടർന്ന് തിങ്കളാഴ്ച ഉച്ചയോടെ പാലം അടച്ചിരുന്നുവെന്ന് റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തു. ഈ മുൻകരുതൽ നടപടികൾക്കിടയിലും ചൊവ്വാഴ്ച സ്ഥിതി കൂടുതൽ വഷളാവുകയും ശക്തമായ മണ്ണിടിച്ചിലിൽ 758 മീറ്റർ നീളമുള്ള പാലത്തിന്റെ ഒരു ഭാഗവും സമീപറോഡുകളും തകരുകയുമായിരുന്നു.

ചെങ്കുത്തായതും മണ്ണിടിച്ചിൽ സാധ്യതയേറിയതുമായ ഈ പ്രദേശത്തെ ഭൗമശാസ്ത്രപരമായ അസ്ഥിരതയാണ് തകർച്ചയ്ക്ക് കാരണമെന്നാണ് പ്രാഥമിക കണ്ടെത്തൽ. സംഭവത്തിന് പാലത്തിന്റെ രൂപകൽപ്പനയിലെയോ നിർമ്മാണത്തിലെയോ എന്തെങ്കിലും പ്രശ്നങ്ങൾ കാരണമായിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സമഗ്രമായ അന്വേഷണം നടക്കുന്നുന്നതായി പ്രാദേശിക ഉദ്യോഗസ്ഥരെ ഉദ്ധരിച്ച് റിപ്പോർട്ടിൽ പറയുന്നു.

# 'താങ്കൾക്ക് എത്ര ഭാര്യമാരുണ്ട്?' സിറിയൻ പ്രസിഡൻറിനോട് ട്രംപ്



**വാഷിങ്ടൺ:** സിറിയൻ പ്രസിഡന്റ് അഹമ്മദ് അൽ-ഷറയും യുഎസ് പ്രസിഡൻറ് ഡൊണാൾഡ് ട്രംപും തമ്മിലുണ്ടായ കൂടിക്കാഴ്ചയ്ക്കിടെ രസകരമായ ചില നിമിഷങ്ങളാണ് ഇപ്പോൾ സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്നത്. അൽ-ഷറയോട് താങ്കൾക്ക് എത്ര ഭാര്യമാരുണ്ട് എന്ന ട്രംപിൻറെ ചോദ്യമാണ് വീഡിയോയിലുള്ളത്. അൽ-ഷറയ്ക്ക് പെർഫ്യൂം സമ്മാനിക്കുന്നതിനിടെയായിരുന്നു ട്രംപിൻറെ ചോദ്യം.തിങ്കളാഴ്ചയാണ് വൈറ്റ് ഹൗസിൽ അഹമ്മദ് അൽ-ഷറയും മോദിയും തമ്മിൽ കൂടിക്കാഴ്ച നടന്നത്. ഊഷ്മളമായ സ്വീകരണമാണ് അൽ-ഷറയ്ക്ക് ലഭിച്ചത്. ഈ കൂടിക്കാഴ്ചയുടെ ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. ട്രംപ് അൽ-ഷറയ്ക്ക് ഒരു കുപ്പി പെർഫ്യൂം സമ്മാനിക്കുകയും അത് അദ്ദേഹത്തിന് മേൽ തളിക്കുകയും ചെയ്യുന്നത് ദൃശ്യങ്ങളിൽ കാണാം. 'ഇത് ലോകത്തിലെ തന്നെ മികച്ച സുഗന്ധമാണ്. മറ്റേ കുപ്പിയിലുള്ളത് താങ്കളുടെ ഭാര്യയ്ക്കുള്ളതാണ്', ട്രംപ് പറയുന്നു. തുടർന്നാണ് ''താങ്കൾക്ക് എത്ര ഭാര്യമാരുണ്ട്" എന്ന് ട്രംപ് ചോദിക്കുന്നത്. ഒരു ഭാര്യയാണുള്ളതെന്ന് അൽ-ഷറ മറുപടിയും നൽകുന്നുണ്ട്.സന്ദർശന വേളയിൽ, ട്രംപിന് പുരാതന സിറിയൻ പുരാവസ്തുക്കളുടെ പകർപ്പുകൾ ഉൾപ്പെടെയുള്ള പലവിധ സമ്മാനങ്ങൾ അൽ-ഷറയും നൽകി.സിറിയയിലെ ദീർഘകാല ഭരണാധികാരിയായിരുന്ന ബഷാർ അൽ അസദിനെ, കഴിഞ്ഞ വർഷം അവസാനം വിമത നീക്കത്തിലൂടെ അട്ടിമിറിച്ചാണ് ഷറ അധികാരം സ്വന്തമാക്കിയത്. യുഎസ് ഭീകരവാദികളുടെ കരിമ്പട്ടികയിൽ നിന്ന് നീക്കം ചെയ്ത് ഒരു ദിവസത്തിന് ശേഷമാണ് സിറിയൻ പ്രസിഡന്റ് അഹമ്മദ് അൽ-ഷറ സുപ്രധാനമായ ഔദ്യോഗിക സന്ദർശനത്തിനെത്തിന് യുഎസിലെത്തിയത്. 1946-ൽ ഫ്രാൻസിൽനിന്ന് സിറിയ സ്വതന്ത്രമായതിനുശേഷം ഒരു സിറിയൻ നേതാവ് വൈറ്റ് ഹൗസിലേക്ക് ഔദ്യോഗിക സന്ദർശനം നടത്തുന്നതും ആദ്യമായാണ്. സിറിയയ്ക്കെതിരായ ഉപരോധങ്ങൾ യുഎസ് 180 ദിവസത്തേക്ക് കൂടി നിർത്തിവച്ച സാഹചര്യത്തിലായിരുന്നു അൽ-ഷറയുടെ സന്ദർശനം.

# 25,060 കോടിയുടെ കയറ്റുമതി പദ്ധതിക്ക് അംഗീകാരം

ന്യൂഡൽഹി: രാജ്യത്തെ കയറ്റുമതി മത്സരശേഷി ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ട് എം.എസ്.എം.ഇകൾ, ആദ്യമായി കയറ്റുമതി ചെയ്യുന്നവർ, തൊഴിൽ കേന്ദ്രീകൃത മേഖലകൾ എന്നിവയ്ക്കായുള്ള എക്സ്പോർട്ട് പ്രൊമോഷൻ മിഷന് (ഇ.പി.എം) കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം. തുണിത്തരങ്ങൾ, തുകൽ, രത്നങ്ങൾ, ആഭരണങ്ങൾ, എൻജിനീയറിംഗ് ഉൽപ്പന്നങ്ങൾ, സമുദ്ര ഉൽപ്പന്നങ്ങൾ എന്നിവയുടെ കയറ്റുമതി വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം.പദ്ധതിക്കായി ആറു വർഷത്തേക്ക് 25,060 കോടി രൂപ വകയിരുത്തി. 2025-26 ലെ കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണിത്. ആഗോള വെല്ലുവിളി മറികടന്ന് ഇന്ത്യൻ കയറ്റുമതി വർദ്ധിപ്പിക്കാൻ സമഗ്രവും,ഡിജിറ്റൽ അധിഷ്ഠിതവുമായ ചട്ടക്കൂട് തയ്യാറാക്കും. വാണിജ്യ വകുപ്പ്, എം.എസ്.എം.ഇ മന്ത്രാലയം, ധനകാര്യ മന്ത്രാലയം, ധനകാര്യ സ്ഥാപനങ്ങൾ, കയറ്റുമതി പ്രമോഷൻ കൗൺസിലുകൾ, കമ്മോഡിറ്റി ബോർഡുകൾ, വ്യവസായ അസോസിയേഷനുകൾ, സംസ്ഥാന സർക്കാരുകൾ എന്നിവയെ സഹകരിപ്പിച്ചാണ്

പ്രവർത്തനം.

ഉപ പദ്ധതികൾ:

നിർയാത് പ്രോത്സാഹൻ: എം.എസ്.എം.ഇകൾക്കും മറ്റും ധനസഹായം ലഭ്യമാക്കൽ.

നിർയാത് ദിശ: കയറ്റുമതി ഗുണനിലവാരം ഉറപ്പു വരുത്തൽ, അന്താരാഷ്ട്ര ബ്രാൻഡിംഗിനും പാക്കേജിംഗിനുമുള്ള സഹായം, വ്യാപാര മേളകളിലെ പങ്കാളിത്തം, കയറ്റുമതി, മത്സരശേഷി വർദ്ധിപ്പിക്കൽ

ലക്ഷ്യങ്ങൾ:

എം.എസ്.എം.ഇകൾക്ക് താങ്ങാവുന്ന ധനസഹായം ലഭ്യമാക്കുക,

ഇന്ത്യൻ ഉൽപ്പന്നങ്ങളുടെ വിപണി പ്രവേശനവും ദൃശ്യപരതയും മെച്ചപ്പെടുത്തുക,

പാരമ്പര്യേതര മേഖലകളിൽ നിന്നുള്ള കയറ്റുമതി വർദ്ധിപ്പിക്കുക, ഉൽപ്പാദനം, ലോജിസ്റ്റിക്സ്, അനുബന്ധ സേവനങ്ങൾ എന്നിവയിൽ തൊഴിൽ സൃഷ്ടിക്കുക.

കയറ്റുമതിക്ക് വായ്പ ലഭ്യമാക്കാൻ പദ്ധതി

ന്യൂഡൽഹി: എം.എസ്.എം.ഇകൾ ഉൾപ്പെടെ കയറ്റുമതിക്കാർക്ക് 20,000 കോടി രൂപ വരെ അധിക വായ്പാ സൗകര്യങ്ങൾ ഉറപ്പാക്കാനുള്ള വായ്പാ ഗാരണ്ടി പദ്ധതിക്ക്(സി.ജി.എസ്.ഇ) കേന്ദ്ര മന്ത്രിസഭാ യോഗം അംഗീകാരം നൽകി.

നാഷണൽ ക്രെഡിറ്റ് ഗ്യാരണ്ടി ട്രസ്റ്റി കമ്പനി ലിമിറ്റഡ് (എൻ .സി .ജി .ടി .സി) വഴി ഫിനാൻഷ്യൽ സർവീസസ് വകുപ്പാണ് (ഡി .എഫ് .എസ്) പദ്ധതി നടപ്പാക്കുക. ഡി .എഫ് .എസ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള മാനേജ്മെന്റ് കമ്മിറ്റി പദ്ധതിക്ക് മേൽനോട്ടം വഹിക്കും. ഇന്ത്യൻ കയറ്റുമതിക്കാർക്ക് പണലഭ്യതയിലൂടെ സുഗമമായ ബിസിനസ്സ് ഉറപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.



# സ്ത്രീകളെ ലക്ഷ്യമിട്ട് ജെയ്ഷെയുടെ വനിതാവിഭാഗം; പുൽവാമ ആക്രമണം നടത്തിയ ഭീകരന്റെ ഭാര്യയും അംഗം; ഓൺലൈൻ കോഴ്സും

ന്യൂഡൽഹി: ഭീകരസംഘടനയായ ജെയ്ഷെ മുഹമ്മദിന്റെ വനിതാ വിഭാഗത്തിൽ പുൽവാമ ഭീകരാക്രമണത്തിന്റെ സൂത്രധാരൻ ഉമർ ഫാറൂഖിന്റെ ഭാര്യ ആഫിറ ബീബിയും അംഗമായെന്ന് വിവരം. ചെങ്കോട്ട സ്ഫോടനത്തിന് ആഴ്ചകൾക്ക് മുൻപാണ് ജെയ്ഷെ മുഹമ്മദിന്റെ വനിതാവിഭാഗമായ 'ജമാഅത്തുൻ മുഹമിനാത്തി'ൽ ആഫിറ ബീബി അംഗമായതെന്ന് എൻഡിടിവി റിപ്പോർട്ട്ചെയ്തു. നിലവിൽ ജമാഅത്തുൻ മുഹമിനാത്തിന്റെ മുഖങ്ങളിലൊന്നാണ് ആഫിറ ബീബിയെന്നും റിപ്പോർട്ടിൽ പറയുന്നു.

2019-ലെ പുൽവാമ ഭീകരാക്രമണത്തിന്റെ സൂത്രധാരനായ ഉമർ ഫാറൂഖിന്റെ ഭാര്യയാണ് ആഫിറ ബീബി. ജെയ്ഷെയുടെ കമാൻഡറായിരുന്ന ഉമർ ഫാറൂഖിന്റെ നേതൃത്വത്തിലാണ് ഭീകരർ സ്ഫോടകവസ്തുക്കൾ നിറച്ച വാഹനമോടിച്ച് കയറ്റി പുൽവാമയിൽ ആക്രമണം നടത്തിയത്. 2019 ഫെബ്രുവരി 14-ന് നടന്ന ഭീകരാക്രമണത്തിൽ 40 സൈനികരാണ് വീരമൃത്യുവരിച്ചത്. പുൽവാമ ആക്രമണത്തിന്റെ സൂത്രധാരനായ ഉമർ ഫാറൂഖിനെ 2019-ൽ കശ്മീരിലുണ്ടായ ഏറ്റുമുട്ടലിൽ ഇന്ത്യൻസേന വധിച്ചു.

ജമാഅത്തുൻ മുഹമിനാത്തിന്റെ ഉപദേശകസമിതി അംഗം കൂടിയാണ് ഉമർ ഫാറൂഖിന്റെ ഭാര്യ ആഫിറ ബീബി. ജെയ്ഷെ സ്ഥാപകനും കൊടുംഭീകരനുമായ മസൂദ് അസറിന്റെ സഹോദരി സാദിയ അസറിനൊപ്പം ചേർന്നാണ് ആഫിറ പ്രവർത്തിക്കുന്നതെന്നും റിപ്പോർട്ടിലുണ്ട്. ഓപ്പറേഷൻ സിന്ദൂറിൽ ബഹാവൽപുരിലെ ജെയ്ഷെ ക്യാമ്പിൽവെച്ച് കൊല്ലപ്പെട്ട ഭീകരൻ യൂസഫ് അസറിന്റെ ഭാര്യയാണ് സാദിയ അസർ. ഇന്ത്യയിൽ ഭീകരവാദം വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ട് മസൂദ് അസർ ആസൂത്രണംചെയ്യുന്ന പദ്ധതികളിൽ പ്രധാന പങ്കുവഹിക്കുന്നത്



സാദിയ അസറാണെന്നും റിപ്പോർട്ടിൽ പറയുന്നു.

ഇക്കഴിഞ്ഞ ഒക്ടോബർ എട്ടിനാണ് ജെയ്ഷെ മുഹമ്മദിന്റെ വനിതാവിഭാഗം രൂപവത്കരിക്കാൻ പോവുകയാണെന്ന് മസൂദ് അസർ പ്രഖ്യാപിച്ചത്. ഒക്ടോബർ 19-ന് വനിതാഅംഗങ്ങൾക്കായി പാക് അധീനകശ്മീരിലെ റാവൽകോട്ടിൽ ഒരു പരിപാടി സംഘടിപ്പിക്കുകയുംചെയ്തു. ഇതിനുപിന്നാലെയാണ് വനിതാവിഭാഗത്തിന്റെ ഭീകരപ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സഹോദരിയെയും പിന്നീട് ആഫിറ ബീബിയെയും മസൂദ് അസർ ചുമതലപ്പെടുത്തിയത്.

സ്ത്രീകളെ തീവ്രവാദശൃംഖലയിലേക്ക് റിക്രൂട്ട് ചെയ്ത് ജെയ്ഷെയുടെ പ്രവർത്തനം വ്യാപിപ്പിക്കാനാണ് മസൂദ് അസർ ലക്ഷ്യമിടുന്നതെന്നാണ് സൂചന. ജെയ്ഷെയിലേക്ക് സ്ത്രീകളെ റിക്രൂട്ട് ചെയ്യുകയെന്നതാണ് വനിതാവിഭാഗത്തിന്റെ പ്രധാനചുമതല. ഇതിനായി സാമൂഹികപ്രവർത്തനങ്ങളുടെ മറവിലടക്കം തീവ്രവാദ ആശയങ്ങൾ പ്രചരിപ്പിക്കുന്നുണ്ടെന്നും സ്ത്രീശാക്തീകരണത്തിന്റെ പേരിൽ ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നും ഇന്റലിജൻസ് ഏജൻസികളെ ഉദ്ധരിച്ച് റിപ്പോർട്ടിൽ പറയുന്നു.

ജമാഅത്തുൻ മുഹമിനാത്ത് കഴിഞ്ഞമാസം ഒരു ഓൺലൈൻ പരിശീലന കോഴ്സും ആരംഭിച്ചിരുന്നു. ധനശേഖരണവും സ്ത്രീകളുടെ റിക്രൂട്ട്മെന്റും ലക്ഷ്യമിട്ടാണ് ഓൺലൈൻ കോഴ്സ് സംഘടിപ്പിച്ചിരുന്നത്. ജെയ്ഷെ ഭീകരരുടെ കുടുംബാംഗങ്ങളായ സ്ത്രീകളാണ് പരിശീലന കോഴ്സിൽ പങ്കെടുത്തത്. കൊടുംഭീകരൻ മസൂദ് അസറിന്റെ കുടുംബാംഗങ്ങളും ഇതിൽ പങ്കെടുത്തിയിരുന്നു. മസൂദ് അസറിന്റെ സഹോദരിമാരായ സാദിയ അസറും സമൈറ അസറും ഓൺലൈൻ ക്ലാസിൽ 40 മിനിറ്റോളം ക്ലാസെടുത്തു. ഇതിനുപുറമേ ഓൺലൈൻ കോഴ്സിൽ ചേർന്ന സ്ത്രീകളിൽനിന്ന് 500 പാകിസ്താനി രൂപവീതം ശേഖരിക്കുകയും ചെയ്തിരുന്നു.

സ്ഫോടകവസ്തുക്കളുമായി കഴിഞ്ഞദിവസം അറസ്റ്റിലായ വനിതാ ഡോക്ടർ ഷഹീൻ സയീദിനും ജെയ്ഷെയുടെ വനിതാവിഭാഗമായി ബന്ധമുണ്ടെന്നാണ് അന്വേഷണ ഏജൻസികളുടെ കണ്ടെത്തൽ. ഇന്ത്യയിൽ വനിതാവിഭാഗത്തിന്റെ യൂണിറ്റ് സ്ഥാപിക്കാൻ നേതൃത്വം നൽകിയിരുന്നതും ഷഹീനായിരുന്നു. ഇതിനിടെയാണ് കാറിൽനിന്ന് സ്ഫോടകവസ്തുക്കളുമായി ഷഹീൻ പിടിയിലായത്. ഇതിനുപിന്നാലെയായിരുന്നു രാജ്യത്തെ നടുക്കിയ ഡൽഹിയിലെ ചാവേറാക്രമണം.

# ഓസ്ട്രേലിയയിൽ പോകുന്നതിൽ തർക്കം, 2012–ൽ വേർപിരിഞ്ഞു, മക്കൾ എനിക്കൊപ്പം'; വെളിപ്പെടുത്തി ഷഹീന്റെ മുൻ ഭർത്താവ്

ന്യൂഡൽഹി: ഫരീദാബാദിൽ വൻ സ്ഫോടകവസ്തു ശേഖരം പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട് അറസ്റ്റിലായ ഡോ. ഷഹീൻ സയീദിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പുറത്ത്. ലഖ്നൗവിലെ ദൽഹിഗഞ്ചിൽ നിന്നുള്ള ഷഹീൻ ആണ് ഇന്ത്യയിലെ ജെയ്ഷെ മുഹമ്മദിന്റെ വനിതാ റിക്രൂട്ട്മെന്റ് വിഭാഗത്തെ നയിച്ചിരുന്നതെന്ന് അന്വേഷണ ഉദ്യോഗസ്ഥർ പറഞ്ഞു. ചെങ്കോട്ടയ്ക്ക് സമീപം ബോംബ് സ്ഫോടനം നടക്കുന്നതിന് മണിക്കൂറുകൾക്ക് മുമ്പാണ് ഇവരെ അറസ്റ്റ് ചെയ്തത്.

ഡോ. ഷഹീൻ സയീദ് ലിബറൽ കാഴ്ചപ്പാടുള്ള ആളായിരുന്നുവെന്നും, മതവിശ്വാസിയായിരുന്നില്ലെന്നും അവരുടെ മുൻ ഭർത്താവ് ഡോ. ഹയാത്ത് സഫർ മാധ്യമങ്ങളോട് പറഞ്ഞു. 2012-ലാണ് ഇരുവരും വേർപിരിഞ്ഞത്. വേർപിരിയുന്നതിനുമുമ്പ്, രണ്ട് കുട്ടികളുമായി ഓസ്ട്രേലിയയിലോ യൂറോപ്പിലോ സ്ഥിരതാമസമാക്കണമെന്ന് ഷഹീൻ ആഗ്രഹിച്ചിരുന്നുവെന്നും ഓസ്ട്രേലിയയിലേക്ക് പോകുന്നതിനെച്ചൊല്ലി തങ്ങൾക്കിടയിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടായിരുന്നുവെന്നും ഡോ. ഹയാത്ത് വ്യക്തമാക്കി.

2012-ൽ വേർപിരിഞ്ഞ ശേഷം താൻ ഷഹീനുമായി ബന്ധപ്പെട്ടിട്ടില്ലെന്നും ഡോ. ഹയാത്ത് പറഞ്ഞു. രണ്ട് കുട്ടികളും തന്നോടൊപ്പമാണ് താമസിക്കുന്നത്. ഷഹീൻ പൾമണോളജി പ്രൊഫസറായിരുന്നുവെന്നും 2006-ൽ ആണ് ബിരുദം പൂർത്തിയാക്കിയെന്നും ഹയാത്ത് കൂട്ടിച്ചേർത്തു.

2,900 കിലോഗ്രാം സ്ഫോടകവസ്തുക്കൾ പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട് അറസ്റ്റിലായ കശ്മീരി ഡോക്ടർ ഡോ. മുസമ്മിലുമായി ഷഹീന് അടുത്ത ബന്ധമുണ്ടായിരുന്നു. സ്ഫോടകവസ്തുക്കൾ കണ്ടെത്തിയതുമായി ബന്ധപ്പെട്ട് മെഡിക്കൽ കോളേജിലെ ഫാക്കൽറ്റി അംഗങ്ങൾ, വിദ്യാർത്ഥികൾ, പ്രിൻസിപ്പൽ ഉൾപ്പെടെ 52-ൽ അധികം ആളുകളെ ചോദ്യംചെയ്തതായി പോലീസ് വൃത്തങ്ങൾ അറിയിച്ചു.



ഷഹീനിന്റെ അറസ്റ്റ് വിശ്വസിക്കാനായില്ലെന്ന് പിതാവ് സയ്യിദ് അഹമ്മദ് അൻസാരി പറഞ്ഞു. മകൾ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുമെന്ന് താൻ അറിഞ്ഞിരുന്നില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഷഹീൻ അവസാനമായി താനുമായി സംസാരിച്ചത് ഏകദേശം ഒരു മാസം മുമ്പാണെങ്കിലും, മകളുടെ മുൻ ഭർത്താവായ ഹയാത്ത് സഫറുമായി താൻ എല്ലാ ആഴ്ചയും സംസാരിക്കാറുണ്ടായിരുന്നുവെന്ന് പിതാവ് പറഞ്ഞു. അറസ്റ്റിനെ തുടർന്ന് എൻഐഎ, എടിഎസ് സംഘങ്ങൾ ലഖ്നൗവിലെ ഷഹീനിന്റെ പിതാവിന്റെ വീട്ടിലെത്തിയപ്പോഴായിരുന്നു പ്രതികരണം.

വനിതാ വിഭാഗം രൂപവത്കരിക്കാൻ ലക്ഷ്യമിട്ട് ജെയ്ഷെ മുഹമ്മദ് നടത്തിയ റിക്രൂട്ട്മെന്റ് ഡ്രൈവിനിടെയാണ് ഷഹീൻ ഭീകരവാദത്തിലേക്ക് ആകർഷിക്കപ്പെട്ടതെന്നാണ് ഉദ്യോഗസ്ഥർ നൽകുന്ന സൂചന. പിന്നീട് സംഘത്തിലേക്കുള്ള റിക്രൂട്ട്മെന്റ് പ്രവർത്തനങ്ങൾക്ക് അവർ മേൽനോട്ടം വഹിക്കുകയും 35 മുതൽ 40 ലക്ഷം രൂപ വരെ വരുന്ന ഫണ്ട് കൈമാറ്റം ഏകോപിപ്പിക്കുകയും ചെയ്തതായും ഇതിൽ ഭൂരിഭാഗവും അവരുടെ ബന്ധങ്ങൾ വഴിയാണ് കൈമാറ്റം ചെയ്യപ്പെട്ടതെന്നും അന്വേഷണ ഉദ്യോഗസ്ഥർ പറയുന്നു.

ഫരീദാബാദിൽ ആയുധങ്ങളും സ്ഫോടകവസ്തുക്കളും കടത്താൻ ഉപയോഗിച്ച വാഹനം ഷഹീന്റെ പേരിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇവർ നിരവധി തവണ ജമ്മു കശ്മീരിലേക്ക് യാത്രകൾ നടത്തിയിട്ടുണ്ടെന്നും ഈ യാത്രകൾക്ക് ഭീകരാക്രമണത്തിന്റെ ആസൂത്രണവുമായി ബന്ധമുണ്ടോ എന്ന് കണ്ടെത്താൻ ശ്രമിക്കുകയാണെന്നും ഉദ്യോഗസ്ഥർ കൂട്ടിച്ചേർത്തു.

ഷഹീൻ ഇതിനുമുൻപ് ഉത്തർപ്രദേശിലെ കാൺപൂരിലുള്ള ജി.എസ്.വി.എം. മെഡിക്കൽ കോളേജിൽ ലക്ചററായി ജോലി ചെയ്തിരുന്നു. പബ്ലിക് സർവീസ് കമ്മീഷൻ വഴിയാണ് അവർക്ക് നിയമനം ലഭിച്ചത്. എന്നാൽ, 2013-ൽ ഷഹീൻ കാൺപൂർ മെഡിക്കൽ കോളേജിൽ മുന്നറിയിപ്പില്ലാതെ ജോലിക്ക് ഹാജരാകാതിരിക്കുന്നത് പതിവായിരുന്നു. തുടർന്ന് 2021-ൽ അവരെ ജോലിയിൽ നിന്ന് പിരിച്ചുവിടുകയായിരുന്നു. ജമ്മു കശ്മീരിൽ അറസ്റ്റിലായ ഡോക്ടർമാരെ ചോദ്യം ചെയ്തതിൽനിന്ന് ജെയ്ഷെ ഭീകരസംഘടനയുടെ വലിയൊരു ശൃംഖലയെക്കുറിച്ചുള്ള സൂചനകൾ ലഭിച്ചിട്ടുണ്ടെന്നാണ് വിവരം. തന്റെ സഹോദരൻ പർവേസ് സയീദും ഭീകരവാദ ആശയങ്ങളിൽ ആകൃഷ്ടനായിരുന്നുവെന്നും മുസമ്മിലിന്റെയും അദീലിന്റെയും അതേ ചാറ്റ് ഗ്രൂപ്പിൽ അംഗമായിരുന്നുവെന്നും ഷഹീൻ വെളിപ്പെടുത്തിയിട്ടുണ്ട്. ജമ്മു കശ്മീർ പോലീസ് സംഘം ചൊവ്വാഴ്ച ലഖ്നൗവിലെത്തി പർവേസിനെ കസ്റ്റഡിയിലെടുത്തെങ്കിലും കാര്യമായൊന്നും കണ്ടെത്താനായില്ല. അറസ്റ്റ് മുൻകൂട്ടി കണ്ട് അയാൾ സ്ഫോടകവസ്തുക്കൾ മാറ്റിയിരിക്കാൻ സാധ്യതയുണ്ടെന്ന് ഉദ്യോഗസ്ഥർ പറയുന്നു.

# തീവ്ര വോട്ടർ പട്ടിക പരിഷ്കരണം: കാട്ടാത്തി ഉന്നതിയിൽ എന്യൂമറേഷൻ ഫോം വിതരണം ചെയ്തു

**കോന്നി :**തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി ജില്ലാ തിരഞ്ഞെടുപ്പു ഓഫീസറായ ജില്ലാ കലക്ടർ എസ് പ്രേം കൃഷ്ണൻ കോന്നി കാട്ടാത്തി ഉന്നതിയിൽ സന്ദർശനം നടത്തി. നാടിന്റെ വികസനം സാധ്യമാക്കുന്നതിനും സ്ഥാനാർഥികളെ തിരഞ്ഞെടുക്കുന്നതിനും വോട്ടർ പട്ടികയിൽ പേര് ചേർത്ത് വോട്ടവകാശം വിനിയോഗിക്കണമെന്ന് ജില്ലാ കലക്ടർ പറഞ്ഞു. ബൂത്ത് ലെവൽ ഏജന്റുമാർക്ക് 2002 ലെ വോട്ടർ പട്ടിക നൽകിയതിനാൽ ഫോം പൂരിപ്പിക്കുന്നത് അനായസമാകും. വോട്ടർ പട്ടിക പരിഷ്കരണത്തിൽ ഏവരും പങ്കാളികളാവണമെന്നും ജില്ലാ കലക്ടർ പറഞ്ഞു. കോന്നി നിയോജക മണ്ഡലത്തിലെ 210-ാം നമ്പർ ബൂത്ത് പരിധിയിലുള്ള കാട്ടാത്തി ഉന്നതിയിലുള്ളവർക്ക് ജില്ലാ കലക്ടറുടെ സാന്നിധ്യത്തിൽ ബിഎൽഒ കെ മനോജ് എന്യൂമറേഷൻ ഫോം വിതരണം ചെയ്തു. ആകെ 55 വോട്ടർമാരാണ് ഉന്നതിയിലുള്ളത്.തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായുള്ള എന്യൂമറേഷൻ ഫോം വിതരണം നവംബർ നാലിന് ആരംഭിച്ചു. ബൂത്ത് ലെവൽ ഓഫീസർമാർ വോട്ടർമാരുടെ വീട്ടിൽ എത്തിയാണ് ഫോം വിതരണം ചെയ്യുന്നത്. വോട്ടർമാർക്ക് ഫോം പൂരിപ്പിക്കുന്നതിന് ബിഎൽഒ മാർ സഹായിക്കും. എന്യൂമറേഷൻ ഫോം ശേഖരിക്കുന്നതിന് വില്ലേജ് ഓഫീസുകളിൽ കളക്ഷൻ സെന്ററുകൾ സജീകരിച്ചിട്ടുണ്ട്. പ്രാഥമിക വോട്ടർ പട്ടിക പ്രസിദ്ധീകരണം ഡിസംബർ ഒമ്പതിനും ആവശ്യങ്ങൾക്കും എതിർപ്പുകൾക്കും അപേക്ഷിക്കാനുള്ള കാലയളവ് 2025 ഡിസംബർ ഒമ്പത് മുതൽ 2026 ജനുവരി എട്ടു വരെയും നോട്ടീസ് ഘട്ടം 2025 ഡിസംബർ ഒമ്പത് മുതൽ 2026 ജനുവരി 31 വരെയുമാണ്. അവസാന വോട്ടർ പട്ടിക 2026 ഫെബ്രുവരി ഏഴിന് പ്രസിദ്ധീകരിക്കും.കോന്നി ഇആർഒ മുഹമ്മദ് നവാസ്, റാന്നി ടിഡിഒ എസ് എ നജീം, ടിഇഒ എൻ ഗോപകുമാർ, കോന്നി തഹസിൽദാർ സിനിമോൾ മാത്യു, ഡെപ്യൂട്ടി തഹസിൽദാർമാരായ പി ഫിലിപ്പ്, അനു വിജി, അരുവാപ്പുലം വില്ലേജ് ഓഫീസർ ഡി പി ശ്രീലത, വാർഡ് അംഗം വി കെ രഘു, കാട്ടാത്തി ഊരുമൂപ്പൻ മോഹൻദാസ്, വനസംരക്ഷണ സമിതി പ്രസിഡന്റ് എ പി ശശികുമാർ എന്നിവർ പങ്കെടുത്തു.



*തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി കോന്നി കാട്ടാത്തി ഉന്നതിയിൽ ജില്ലാ കലക്ടർ എസ് പ്രേം കൃഷ്ണന്റെ സാന്നിധ്യത്തിൽ എന്യുമറേഷൻ ഫോം വിതരണം ചെയ്യുന്നു*

## ഉപന്യാസ മത്സരം

**പത്തനംതിട്ട :** ശിശു ദിനാഘോഷത്തിന്റെ ഭാഗമായി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനും ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റും ചേർന്ന് ജില്ലയിലെ എട്ട്, ഒമ്പത്, 10 ക്ലാസുകളിലെ കുട്ടികൾക്കായി 'സൈബർ ലോകം- അവസരങ്ങളും വെല്ലുവിളികളും' വിഷയത്തെ ആസ്പദമാക്കി രണ്ട് പുറത്തിൽ കവിയാത്ത ഉപന്യാസ രചന ക്ഷണിച്ചു. രചനകൾ കുട്ടികൾ സ്വയം തയ്യാറാക്കിയിട്ടുള്ളതും പൂർണമായും മലയാളത്തിലും വിഷയത്തെ ആസ്പദമാക്കിയുള്ളതായിരിക്കണം. മികച്ച രചനകൾക്ക് സമ്മാനം ഉണ്ട്. രചയിതാവിന്റെ വിവരങ്ങൾ (കുട്ടിയുടെ പേര്, വയസ്, ക്ലാസ്, സ്കൂളിന്റെ പേര്, ഫോൺ നമ്പർ) കൃത്യമായി രേഖപ്പെടുത്തണം. അവസാന തീയതി നവംബർ 17 വൈകിട്ട് അഞ്ച് വരെ. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്, മൂന്നാം നില മിനി സിവിൽ സ്റ്റേഷൻ, ആറന്മുള, പത്തനംതിട്ട - 689533 വിലാസത്തിൽ ലഭിക്കണം. ഫോൺ : 8281899462

## ലാപ്ടോപ് വിതരണം ചെയ്തു

**പത്തനംതിട്ട :** ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ സർക്കാർ സ്കൂളുകളിലേക്കുള്ള ലാപ്ടോപ വിതരണം ജില്ല കലക്ടർ എസ് പ്രേം കൃഷ്ണൻ പ്ലാനിങ്ങ് സെക്രട്ടറിയേറ്റ് കോൺഫറൻസ് ഹാളിൽ നിർവഹിച്ചു. വിദ്യാർഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുക, സാങ്കേതിക വൈജ്ഞാനിക മേഖലയിൽ അറിവ് പരിപോഷിപ്പിക്കുക എന്നീ ലക്ഷ്യത്തോടെയാണ് ലാപ്ടോപ വിതരണം ചെയ്തതെന്ന് ജില്ലാ കലക്ടർ പറഞ്ഞു. ജില്ലാ ഭരണകൂടത്തിന്റെ 'ചിറക്' പദ്ധതിപ്രകാരം 63 സർക്കാർ സ്കൂളുകളിലേക്ക് 400 ലാപ്ടോപയാണ് വിതരണം ചെയ്തത്.എഡിഎം ബി ജ്യോതി, ഡെപ്യൂട്ടി കലക്ടർ ആർ രാജലക്ഷ്മി, ഹുസൂർ ശിരസ്തദാർ വർഗീസ് മാത്യു, ഡിഎം ജൂനിയർ സൂപ്രണ്ട് അജിത് ശ്രീനിവാസ് എന്നിവർ പങ്കെടുത്തു.



*കുട്ടികൾക്കുള്ള ലാപ്ടോപ് വിതരണം ജില്ല കലക്ടർ എസ് പ്രേം കൃഷ്ണൻ പ്ലാനിങ്ങ് സെക്രട്ടറിയേറ്റ് കോൺഫറൻസ് ഹാളിൽ നിർവഹിക്കുന്നു*

## ഹൈക്കോടതി ഉത്തരവ് : കോന്നി ഡിപ്പോയുടെ ഉദ്ഘാടനം വൈകും



**കോന്നി:** കോന്നി സ്വകാര്യ വ്യക്തിയുടെ സ്ഥലം ഉൾപ്പെട്ട കോന്നി കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ സ്ഥലത്ത് ഉദ്ഘാടനമോ മറ്റ് പരിപാടികളോ നടത്താൻ പാടില്ലെന്ന ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡിപ്പോയുടെ ഉദ്ഘാടനം വൈകിയേക്കും. കഴിഞ്ഞ ഒക്ടോബർ സ്ഥലം ഉടമ വേലി സ്ഥാപിക്കാൻ ശ്രമിച്ചത് മരാമത്ത് വിഭാഗം ഉദ്യോഗസ്ഥർ തടഞ്ഞിരുന്നു. ഡിപ്പോയ്ക്ക് വേണ്ടി മരാമത്ത് വകുപ്പാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത്. ഡിപ്പോയുടെ ഉദ്ഘാടനം ഉടൻ നടത്തുമെന്ന് ഗതാഗത വകുപ്പ് മന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചതിന് തൊട്ടു പിന്നാലെയാണ് ഹൈക്കോടതി ഉത്തരവ് വന്നത്. സ്ഥലം ഉടമ കോന്നി മങ്ങാരം വാലുതുണ്ടിൽ രവി നൽകിയ ഹർജിയെ തുടർന്ന് ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ താലൂക്ക് സർവെയറാണ് സ്ഥലം അളന്നത്. കഴിഞ്ഞ ജൂൺ 19നാണ് കോടതി ഉത്തരവുണ്ടായത്. രണ്ടുമാസത്തിനകം സർവേ നടത്തി സ്ഥലം വേർതിരിച്ചുനൽകണമെന്നാണ് ഉത്തരവിൽ സൂചിപ്പിച്ചിരുന്നത്. രവിയുടെ ഉടമസ്ഥതയിൽ 1.10 ഏക്കർ സ്ഥലമാണ് ഇവിടെയുള്ളത്. ഡിപ്പോയ്ക്ക് വേണ്ടി പഞ്ചായത്തിന്റെ കൈവശമുണ്ടായിരുന്ന 1.93ഏക്കറും വിലയ്ക്കു വാങ്ങിയ 48 സെന്റും ചേർത്ത് 2.41 ഏക്കറാണ് മുമ്പ് കെ.എസ്.ആർ.ടി.സിക്ക് നൽകിയത് .2014ലാണ് കോന്നിയിൽ കെ.എസ്.ആർ.ടി.സി ഡിപ്പോ അനുവദിക്കുന്നത്. ഫെബ്രുവരി 20ന് ചന്തയ്ക്ക് സമീപത്തെ സ്ഥലത്ത് ഡിപ്പോയ്ക്ക് തറക്കല്ലിടുകയും ചെയ്തു. കോന്നി പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 1. 93ഏക്കർ സ്ഥലമാണ് ഉണ്ടായിരുന്നത്. ഡിപ്പോയ്ക്ക് അതിൽ കൂടുതൽ സ്ഥലം വേണമെന്നതിനാൽ പഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് 48 സെന്റ് സ്ഥലം വിലയ്ക്കുവാങ്ങി. ഈ സ്ഥലത്തിനൊപ്പം ഇതിനോടുചേർന്നുള്ള സ്വകാര്യഭൂമിയും നിരപ്പാക്കി. 2014ൽ പഞ്ചായത്ത് ബസ് സ്റ്റാൻഡ് താത്കാലികമായി കെ.എസ്.ആർ.ടി.സിക്ക് വിട്ടുനൽകി അവിടെ ഓപ്പറേറ്റിംഗ് സ്റ്റേഷൻ ആരംഭിച്ചു. 2015 നവംബറിൽ എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് അനുവദിച്ച മൂന്ന് കോടി രൂപ ചെലവിലാണ് പണികൾ തുടങ്ങിയത്. അവിടെ ഓഫീസ് കെട്ടിടവും ഗ്യാരേജും നിർമ്മിക്കുകയും ചെയ്തു. തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി ഇപ്പോൾ പുതിയ കെട്ടിടവും നിർമ്മിച്ചിട്ടുണ്ട്. 2017ൽ സ്ഥലം ഉടമ ഹൈക്കോടതിയെ സമീപിച്ചു. കരമടയ്ക്കാൻ ചെന്നപ്പോൾ സ്ഥലം കെ.എസ്.ആർ.ടി.സിയുടെ പേരിലായതിനാൽ കോടതിയെ സമീപിക്കുകയായിരുന്നു.



## മ്ലാന്തടം കുടിവെള്ള പദ്ധതി ഉദ്ഘാടനം

**കോന്നി:** അരുവാപ്പുലം ഗ്രാമപഞ്ചായത്തിലെ മ്ലാന്തടം കുടിവെള്ള പദ്ധതി കെ. യു. ജനിഷ് കുമാർ എം.എൽ.എ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രേഷ്മ മറിയം റോയ് അദ്ധ്യക്ഷത വഹിച്ചു. പദ്ധതി നടത്തിപ്പിന് സൗജന്യമായിഭൂമി വിട്ടുനൽകിയ ജയമോഹൻ, ഉത്തമൻ എന്നിവരെ ആദരിച്ചു. കോന്നി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ആർ .ദേവകുമാർ,കോന്നി ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ വർഗീസ് ബേബി, അരുവാപ്പുലം ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ സിന്ധു പി, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീകുമാർ വി, ആരോഗ്യ വിദ്യാഭ്യാസസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷീബ സുധീർ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ശ്രീലത, അമ്പിളി സുരേഷ്, വി കെ രഘു, ജോജു വർഗീസ്, ടി ഡി സന്തോഷ്, മിനി രാജീവ്, വകയാർ സർവീസ് സഹകരണ ബാങ്ക് വൈസ് പ്രസിഡന്റ് സത്യാനന്ദപ്പണിക്കർ, രഘുനാഥ് ഇടത്തിട്ട, സുരേഷ്,ദീദു, കെ ആർ സലീലനാഥ്,സന്തോഷ് കൊല്ലൻപടി, അച്ചു എന്നിവർ പങ്കെടുത്തു.

## തീവ്ര വോട്ടർ പട്ടിക പരിഷ്കരണം: യോഗം ചേർന്നു

**പത്തനംതിട്ട :**തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി ജില്ലാ കലക്ടർ എസ് പ്രേം കൃഷ്ണന്റെ അധ്യക്ഷതയിൽ ചേമ്പറിൽ യോഗം ചേർന്നു. ജില്ലയിൽ എന്യൂമറേഷൻ ഫോം 46 ശതമാനം വിതരണം ചെയ്തു. തിരുവല്ല നിയോജക മണ്ഡലത്തിലാണ് കൂടുതൽ ഫോം വിതരണം നടത്തിയത്. നവംബർ 15 നകം എന്യൂമറേഷൻ ഫോം വിതരണം പൂർത്തിയാക്കണമെന്ന് ജില്ലാ കലക്ടർ നിർദേശം നൽകി. ഇലക്ഷൻ ഡെപ്യൂട്ടി കലക്ടർ ബീന എസ് ഹനീഫ്, ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ, എഇആർഒ മാർ എന്നിവർ പങ്കെടുത്തു.

## പുരുഷ നേഴ്സിംഗ് ഓഫീസർ നിയമനം

**പത്തനംതിട്ട :** ശബരിമല മണ്ഡലപൂജ-മകരവിളക്ക് തീർഥാടന കാലത്ത് പമ്പ മുതൽ സന്നിധാനം വരെയും കരിമലയിലും പ്രവർത്തിക്കുന്ന അടിയന്തര വൈദ്യ സഹായ കേന്ദ്രങ്ങളിൽ (ഇഎംസി) ദിവസ വേതനത്തിൽ 56 പുരുഷ നേഴ്സിംഗ് ഓഫീസർമാരെ നിയമിക്കുന്നു. 2025 നവംബർ 15 മുതൽ 2026 ജനുവരി 21 വരെയാണ് സേവന കാലാവധി. അംഗീകൃത കോളജിൽ നിന്ന് ജനറൽ നഴ്സിംഗ് അല്ലെങ്കിൽ ബി.എസ്.സി. നഴ്സിംഗ് പാസായിട്ടുള്ളവരും കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉള്ളവരുമായിരിക്കണം. മുൻ വർഷങ്ങളിൽ സേവനം നടത്തിയിട്ടുള്ളവർക്ക് മുൻഗണന.അസൽ സർട്ടിഫിക്കറ്റുകളും പകർപ്പും ജോലി പരിചയ സർട്ടിഫിക്കറ്റുമായി പമ്പ സർക്കാർ ആശുപത്രിയിൽ നവംബർ 14 രാവിലെ 10 ന് ഹാജരാകണം. ഫോൺ: 9961632380.



# നെല്ല് സംഭരണം: കർഷകർക്ക് പണം നൽകിത്തുടങ്ങി

**ആലപ്പുഴ :**നെല്ല് സംഭരണത്തിന് സംസ്ഥാന സർക്കാർ നൽകിയ ഉറപ്പുകൾ യാഥാർഥ്യമാകുന്നു. മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ കിലോയ്ക്ക് 30 രൂപ നിരക്കിൽ നെല്ല് സംഭരണത്തിന് നിർദേശം നൽകിയിരുന്നു. ഇതനുസരിച്ചുള്ള പണം കർഷകർക്ക് ലഭിച്ചുതുടങ്ങി. പുന്നപ്ര അറവുകാട് പാര്യക്കാടൻ പാടശേഖരത്തിലെ കർഷകർക്ക് ചൊവ്വാഴ്ച വില ലഭിച്ചു. ഇതോടെ കർഷകർ സന്തുഷ്ടരാണ്. പിആർഎസ് എഴുതിയ ഉടൻ നെല്ലുവില ലഭിക്കുന്നത് ആദ്യമായാണെന്ന് 40 വർഷമായി കാർഷികരംഗത്തുള്ള പുന്നപ്ര അറവുകാട് തറയിൽ ടി വി ചന്ദ്രബാബു പറഞ്ഞു. 48 ക്വിന്റൽ നെല്ലിന്റെ വിലയാണ് ചൊവ്വാഴ്ച ലഭിച്ചത്. മറ്റൊരു കർഷകന് 15 ക്വിന്റൽ നെല്ലിന്റെ വിലയും ലഭിച്ചു. മറ്റുള്ളവർക്കും അടുത്തദിവസം പണം ലഭിക്കും. ബാങ്കിൽ നിന്ന് വിളിച്ച് പണം വന്നിട്ടുണ്ടെന്ന് അറിയിക്കുകയായിരുന്നു. ? സംഭരിച്ച നെല്ലിന്റെ പണം എസ്ബിഐ, കനറാ എന്നീ ബാങ്കുകൾ വഴിയാണ് കർഷകർക്ക് നൽകുന്നത്. രണ്ടാംകൃഷി വിളവെടുപ്പ് കഴിഞ്ഞ കുട്ടനാടൻ പാടശേഖരങ്ങളിൽ നെല്ലെടുപ്പ് പുരോഗമിക്കുകയാണ്. കാലടിയിലെ ഒരുമില്ലും കോട്ടയത്തെ രണ്ടുമില്ലുമാണ് കർഷകരിൽനിന്ന് നെല്ലെടുക്കുന്നത്. കൈനകരി, പുറക്കാട് ഭാഗങ്ങളിലെ പാടശേഖരങ്ങളിൽനിന്ന് കൂടുതൽ നെല്ല് സംഭരിച്ചു. മില്ലുടമകളുടെ ന്യായമായ ആവശ്യങ്ങൾ പരിഹരിക്കാമെന്ന് മുഖ്യമന്ത്രി ഉൾപ്പെടെ ഉറപ്പുനൽകിയിട്ടും അംഗീകരിക്കാതെ മാറിനിൽക്കുകയായിരുന്നു മില്ലുടമകൾ. ഇതിനെതിരെ കേരള കർഷകസംഘം ഉൾപ്പെടെ ശക്തമായ പ്രക്ഷോഭത്തിന് ഇറങ്ങുമെന്ന് മുന്നറിയിപ്പ് നൽകിയിരുന്നു. ഇതോടെയാണ് സംഭരണം തുടങ്ങിയത്. വരുംദിനങ്ങളിൽ കൂടുതൽ മില്ലുകൾ സംഭരണത്തിന് എത്തുമെന്ന് അറിയുന്നു.





## സുരക്ഷാ പരിശോധന നടത്തി

**ആലപ്പുഴ :**ഡൽഹി ചെങ്കോട്ടയിലുണ്ടായ സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ ജില്ലയിൽ വ്യാപക സുരക്ഷാ പരിശോധന നടത്തി. ജില്ലയിൽ ആളുകൾ കൂടുതൽ എത്തുന്ന സ്ഥലങ്ങളായ ആലപ്പുഴ, ചേർത്തല കെഎസ്ആർടിസി ബസ് സ്റ്റാൻഡുകൾ, വിവിധ റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങിലാണ് പരിശോധന നടത്തിയത്. ബോംബ് സ്ക്വാഡ്, ഡോഗ് സ്ക്വാഡ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന. തിങ്കൾ രാത്രി ബോംബ് സ്ക്വാഡും ഡോഗ് സ്ക്വാഡും ആലപ്പുഴ, ചേർത്തല, മാവേലേക്കര, കായംകുളം, ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിൽ പരിശോധന നടത്തിയിരുന്നു. ? തുടർന്നുള്ള ദിവസങ്ങളിലും പരിശോധന തുടരും.

## സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ച് ബി.ജെ.പി



**ആലപ്പുഴ:** തദ്ദേശതിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് പിന്നാലെ സ്ഥാനാർത്ഥികളെ ആദ്യം പ്രഖ്യാപിച്ച് ബി.ജെ.പി. ഘടക കക്ഷികളായ ബി.ഡി.ജെ.എസ് അടക്കമുള്ളവക്ക് നൽകാനായി മൂന്ന് സീറ്റുകൾ ഒഴിച്ചിട്ടാണ് ജില്ലാ പഞ്ചായത്തിലെ 21 ഡിവിഷനുകളിലെ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചത്. ആലപ്പുഴ നഗരസഭയിൽ ബി.ജെ.പിക്ക് മൂന്ന് കൗൺസിലർമാരാണുള്ളത്. അതിൽ രണ്ടുപേരെ ഒഴിവാക്കിയാണ് പട്ടിക പുറത്തിറങ്ങിയത്. ഔദ്യോഗികമായി സ്ഥാനാർത്ഥികളെ പ്രഖ്യാപിക്കുന്നതിന് മുമ്പ് സോഷ്യൽമീഡിയിലടക്കം പോസ്റ്ററുകൾ പ്രത്യക്ഷപ്പെട്ടതടക്കമുള്ള വിഷയത്തിൽ ഒരുവിഭാഗം നേതൃത്വത്തിനെതിരെ പരസ്യവിമർശനവുമായി രംഗത്തെത്തി. ആലപ്പുഴ നഗരസഭയിലെ 53 സീറ്റുകളിൽ 39 വാർഡുകളിലെ സ്ഥാനാർഥികളെയാണ് പ്രഖ്യാപിച്ചത്. 12 എണ്ണത്തിൽ ധാരണയായിട്ടില്ല.തദ്ദേശ തിരഞ്ഞെടുപ്പിനായി ബി.ജെ.പി പൂർണ്ണ സജ്ജമാണെന്ന് ബി.ജെ.പി നോർത്ത് ജില്ലാ അദ്ധ്യക്ഷൻ അഡ്വ.പി.കെ.ബിനോയ് പറഞ്ഞു. ജില്ലാ പഞ്ചായത്തിലേക്കും, ആലപ്പുഴ നഗരസഭയിലേക്കുമുള്ള സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ''വികസിത കേരളം'' - മാറാത്തത് ഇനി മാറും എന്ന മുദ്രാവാക്യം ഉയർത്തിയാണ് ബി.ജെ.പി തിരഞ്ഞെടുപ്പ് നേരിടുന്നതെന്നും പി.കെ.ബിനോയ് പറഞ്ഞു. ബി.ജെ.പി ജില്ലാ ജനറൽ സെക്രട്ടറിമാരായ അരുൺ അനിരുദ്ധൻ, കെ.പി.പരീക്ഷിത്, ബി.ഡി.ജെ.എസ് സംസ്ഥാന ജനറൽ സെക്രട്ടറി പി.എസ്.ജ്യോതിസ്, ആലപ്പുഴ നോർത്ത് ജില്ലാ പ്രസിഡന്റ് ടി.അനിയപ്പൻ എന്നിവരും പങ്കെടുത്തു.

സ്ഥാനാർത്ഥികൾ

ജില്ലാപഞ്ചായത്ത്

പൂച്ചാക്കൽ - ടി.സജീവ് ലാൽ

പള്ളിപ്പുറം - പ്രീതി ഷാജി

കഞ്ഞിക്കുഴി - ശ്രീജിത്ത് വാസുദേവൻ

ആര്യാട് - അനിതകുമാരി

വെളിയനാട് - കെ.പി.രാജേശ്വരി (ബി.ഡി.ജെ.എസ്)

ചമ്പക്കുളം - കൃഷ്ണമ്മ

പള്ളിപ്പാട് - പ്രണവം ശ്രീകുമാർ

ചെന്നിത്തല - പൊന്നമ്മ സുരേന്ദ്രൻ

മാന്നാർ - ശ്രീരാജ് ശ്രീവിലാസം

മുളക്കുഴ - പി.ബി.അഭിലാഷ്

വെണ്മണി - സുരേഷ് ബാബു

നൂറനാട് - അഡ്വ.കെ.കെ.അനൂപ്

കൃഷ്ണപുരം - സുമ രമേഷ്

പത്തിയൂർ - ആർച്ച രമേഷ്

മുതുകുളം - പ്രശാന്തിനി

അമ്പലപ്പുഴ - അരുൺ അനിരുദ്ധൻ

പുന്നപ്ര - വി.ബാബുരാജ്

മാരാരിക്കുളം - കെ.വി.ബ്രിട്ടോ

വയലാർ - പ്രസീത പ്രസാദ്

മനക്കോടം - അഡ്വ.ജോസഫ് റോണി ജോസ്

തണ്ണീർമുക്കം - അഡ്വ. എൻ.എസ്.സന്ധ്യ

അരൂർ, ഭരണിക്കാവ്, കരുവാറ്റ ഡിവിഷനികളിൽ സ്ഥാനാർത്ഥിയെ പ്രഖ്യാപിച്ചിട്ടില്ല

## നവകേരള വികസന സന്ദേശജാഥ

**തകഴി** എൽഡിഎഫ് നെടുമുടി പഞ്ചായത്ത് കമ്മിറ്റി സംഘടിപ്പിച്ച നവകേരള സന്ദേശജാഥ ചെമ്പുംപുറത്ത് എൽഡിഎഫ് പഞ്ചായത്ത് കമ്മിറ്റി കൺവീനർ വി ശശി ഉദ്ഘാടനംചെയ്തു. സിപിഐ ലോക്കൽ സെക്രട്ടറി ബിജോ ജോസഫ് അധ്യക്ഷനായി. കർഷക ത്തൊഴിലാളി യൂണിയൻ സംസ്ഥാന വൈസ്പ്രസിഡൻ് എ ഡി കുഞ്ഞച്ചൻ ക്യാപ്റ്റനായ ജാഥ പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ പര്യടനം നടത്തി. സിപിഐ മണ്ഡലം കമ്മറ്റി അംഗം ബി ലാലി, കേരള കോൺഗ്രസ് (എം) മണ്ഡലം പ്രസിഡന്റ് ടോം, എൻസിപി നേതാവ് ജിജോ, സിപിഐ എം ഏരിയ കമ്മിറ്റി അംഗങ്ങൾ യശോദ സുകുമാരൻ, പി സജിമോൻ, നടുഭാഗം നെടുമുടി ലോക്കൽ സെക്രട്ടിമാരായ എൻ എസ് ശ്രീകുമാർ, കെ മുരളീധരൻ നായർ, എ വി മുരളി എന്നിവർ വിവിധ കേന്ദ്രങ്ങളിൽ സംസാരിച്ചു.എൽഡിഎഫ് നീലംപേരൂർ പഞ്ചായത്ത് കമ്മിറ്റി നടത്തുന്ന വികസനസന്ദേശ യാത്ര സിപിഐ എം ജില്ലാ സെക്രട്ടറിയറ്റംഗം കെ ആർ ഭഗീരഥൻ ഉദ്ഘാടനംചെയ്തു. ടി കെ തങ്കച്ചൻ അധ്യക്ഷനായി. ജി ഉണ്ണിക്കൃഷ്ണൻ ജാഥാ ക്യാപ്റ്റനും ഡോ. ഷാജോ സെബാസ്റ്റ്യൻ വൈസ് ക്യാപ്റ്റനും കെ ആർ രാംജിത്ത് ജാഥ മനേജരുമാണ്. എം ടി ചന്ദ്രൻ സംസാരിച്ചു. വ്യാഴാഴ്ച ജാഥ രാവിലെ ഒന്പതിന് നീലംപേരൂരിൽ ആരംഭിക്കും. ചേന്നങ്കരിയിൽ സമാപിക്കും.



# വിതരണം മുടങ്ങില്ല, ജലലഭ്യത ഉറപ്പാക്കും

**കോട്ടയം :**ഇനി വരൾച്ചയെ ഭയക്കേണ്ട, ജലക്ഷാമത്തെ കുറിച്ച് ചിന്തിക്കേണ്ട. ജലലഭ്യതയും ആവശ്യവും മുൻകൂട്ടി കണ്ടറിഞ്ഞ് നാട്ടിൽ ജലസുരക്ഷ ഉറപ്പാക്കാനുള്ള ജലബജറ്റ് ജില്ലയിൽ ലക്ഷ്യത്തിലേക്ക്. 32 പഞ്ചായത്തുകളിലും പദ്ധതി നടപ്പാക്കി. വാഴൂർ, ഈരാറ്റുപേട്ട, പാമ്പാടി, പള്ളം, കടുത്തുരുത്തി തുടങ്ങിയ ബ്ലോക്കുകളുടെ കീഴിലുള്ള പഞ്ചായത്തിലാണ് നടപ്പാക്കിയത്. ബാക്കിയുള്ള തദ്ദേശസ്ഥാപനങ്ങളിൽ ഡ്രാഫ്റ്റ് റിപ്പോർട്ടും തയ്യാറാക്കി. ഹരിത കേരളം മിഷന്റെയും വിവിധ വകുപ്പുകളുടെയും സഹകരണത്തിലാണ് നടത്തിപ്പ്. വിവിധ നദികളിലൂടെ ലഭ്യമാകുന്ന ജലലഭ്യതയും ജല ആവശ്യകതയും കണക്കിലെടുത്താണ് ഓരോ തദ്ദേശ സ്ഥാപങ്ങളിൽ ജലബജറ്റ് തയ്യാറാക്കുന്നത്. 2022ൽ ഈരാറ്റുപേട്ട ബ്ലോക്കിലെ പഞ്ചായത്തുകളിലും ബ്ലോക്കിലുമാണ് ആദ്യഘട്ടം തുടങ്ങിയത്. എല്ലാ തദ്ദേശ സ്ഥാപനങ്ങളുടെയും റിപ്പോർട്ട് ക്രോഡീകരിച്ച് ജലസുരക്ഷാ പ്ലാനിന്റെ കരട് തയ്യാറാക്കും. ഓരോ പ്രദേശത്തെയും കൃഷിയ്ക്കുള്ള ജലത്തിന്റെ ആവശ്യം, വരൾച്ചാ സാധ്യതയുള്ള പ്രദേശങ്ങൾ, മഴലഭ്യത തുടങ്ങിയവയുടെ കൃത്യമായ ധാരണ ഇതുവഴി സാധ്യമാകും. പ്രതികൂല സാഹചര്യത്തിൽ ജലലഭ്യത ഉറപ്പാക്കാനുള്ള നടപടികളും മുൻകൂറായി എടുക്കാനാവും. വിവിധ കാലയളവുകളിൽ മഴ, ഉപരിതല ജലം, ഭൂജലം, ഒഴുകിവരുന്നതും ഒഴുകിപ്പോകുന്നതുമായ ജലം എന്നിവ കണക്കിലെടുത്താണ് ജലലഭ്യത കണക്കാക്കുന്നത്. കുടിവെള്ളം, ജലസേചനം, വ്യവസായം, ടൂറിസം, ഫിഷറീസ് തുടങ്ങിയവയ്ക്കു വേണ്ട ജലത്തിന്റെ അളവും കണക്കാക്കും. കൃത്യമായും ശാസ്ത്രീയമായും ജലലഭ്യത മനസ്സിലാക്കി കൃഷിക്കും കുടിവെള്ളത്തിനും മറ്റാവശ്യങ്ങൾക്കും സീസൺ അടിസ്ഥാനത്തിൽ ജലവിതരണം ക്രമീകരിക്കാനും ഇടപെടൽ നടത്താനും ഇതുവഴി സാധിക്കും.




## ലോക പ്രമേഹ ദിനാചരണം 14 ന്

**പാലാ:** ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ പാലാ ശാഖയും മരിയൻ മെഡിക്കൽ സെന്റർ ആശുപത്രിയുമായി ചേർന്ന് ലോക പ്രമേഹ ദിനാചരണം 14ന് രാവിലെ 9.30ന് മരിയൻ സെന്റർ ആശുപത്രിയിൽ നടത്തുമെന്ന് ഐ.എം.എ ഭാരവാഹികൾ അറിയിച്ചു. മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്ന 100 പേർക്ക് ബ്ലഡ് ഷുഗർ, എച്ച്.ബി.എ.1സി, ലിപിഡ് പ്രൊഫൈൽ മുതലായ ടെസ്റ്റുകൾ സൗജന്യമായി ചെയ്തു കൊടുക്കും. തുടർന്ന് പ്രമേഹ ദിനാചരണ ക്ലാസുമുണ്ട്. മരിയൻ മെഡിക്കൽ സെന്റർ അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ ലിൻസി ഇമ്മാനുവേൽ, ഐ.എം.എ ഭാരവാഹികളായാ ഡോ. സോം വി തോമസ്, സെക്രട്ടറി ഡോ.സാം മാത്യു, മെഡിക്കൽ സൂപ്രണ്ട് ഡോ. മാത്യു തോമസ്, ചീഫ് ഫിസിഷ്യൻ ഡോ. സിറിയക് തോമസ് എന്നിവർ ക്യാമ്പിന് നേതൃത്വം കൊടുക്കും.

## സി.ബി.എസ്.ഇ സംസ്ഥാന കലോത്സവത്തിന് തുടക്കം

**മരങ്ങാട്ടുപള്ളി:** സംസ്ഥാന സിലബസിലെയും സി.ബി.എസ്.ഇയിലെയും കലോത്സവങ്ങൾ ഒന്നിച്ച് ഒരുവേദിയിൽ നടത്തുന്നതിനെപ്പറ്റി സംസ്ഥാന സർക്കാരും മാനേജ്മെന്റുകളും ചിന്തിക്കണമെന്ന് ജോസ് കെ.മാണി എം.പി. കോൺഫെഡറേഷൻ ഓഫ് കേരള സഹോദയ കോംപ്ലക്സിന്റെ ആഭിമുഖ്യത്തിൽ മരങ്ങാട്ടുപള്ളി ലേബർ ഇന്ത്യ പബ്ലിക് സ്കൂളിൽ നടക്കുന്ന സി.ബി.എസ്.ഇ സംസ്ഥാന കലോത്സവം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. രണ്ട് സിലബസുകളിലെയും കലാപ്രതിഭകൾ ഒന്നിച്ച് മത്സരിക്കുമ്പോഴാണ് യഥാർത്ഥ പ്രതിഭകളെ തിരിച്ചറിയാൻ സാധിക്കുകയെന്നും അദ്ദേഹം പറഞ്ഞു. സന്തോഷ് ജോർജ് കുളങ്ങര, ലേബർ ഇന്ത്യ സ്കൂൾ പ്രിൻസിപ്പാൾ സുജ കെ.ജോർജ്, ലേബർ ഇന്ത്യ ഇൻസ്റ്റിറ്റിയൂഷൻ ചെയർമാൻ ജോർജ് കുളങ്ങര, ലേബർ ഇന്ത്യാ മാനേജിംഗ് ഡയറക്ടർ രാജേഷ് ജോർജ് കുളങ്ങര, കോൺഫെഡറേഷൻ ഓഫ് സഹോദയ പ്രസിഡന്റ് ജോജി പോൾ, സ്റ്റീം അക്കാദമി പ്രസിഡന്റ് ഡോ.എ.പി ജയരാമൻ, ജനറൽ സെക്രട്ടറി ഡോ.ദീപ ചന്ദ്രൻ, കോർ കമ്മറ്റി കൺവീനർ ബെന്നി ജോർജ്, കോൺഫെഡറേഷൻ ഓഫ് സഹോദയ കോംപ്ലക്സസ് ട്രഷറർ ഫാ. ജോർജ് പുഞ്ചയിൽ എന്നിവർ പങ്കെടുത്തു.

## തരുൺ മൂർത്തിയെ ആദരിച്ചു



**വൈക്കം:** സിനിമ സംവിധാന രംഗത്ത് ദേശീയ സംസ്ഥാന അവാർഡുകൾ കരസ്ഥമാക്കിയ സംവിധായകനും വൈക്കം അർബൻ ബാങ്കിലെ അംഗവുമായ തരുൺ മൂർത്തിയെ ബാങ്ക് ഭരണസമിതിയും ജീവനക്കാരും ചേർന്ന് ഉപഹാരങ്ങൾ നൽകി ആദരിച്ചു. ബാങ്ക് ചെയർമാൻ വി.എസ് കുമാർ അദ്ധ്യക്ഷത വഹിച്ചു. വൈസ് ചെയർമാൻ ബി.അനിൽകുമാർ, അംഗങ്ങളായ എൻ.സി. തോമസ്, ഡി.കെ.രാജഗോപാൽ, എം.കെ.ഷിബു, കെ.ഷഡാനനൻ നായർ, പി.ഡി.ഉണ്ണി, എസ്.ജയപ്രകാശ്, എം.ജയകുമാർ, ഷേർളി ജയപ്രകാശ്, ലേഖ സത്യൻ, ബി.ജയകുമാർ, മനോഹരൻ നായർ, പ്രിയ ഗിരീഷ്, മാനേജിംഗ് ഡയറക്ടർ വി.സുരേഷ്, ജനറൽ മാനേജർ പി.ജയലക്ഷ്മി, എ.ജി.എം.എം. സ്മിത, ചീഫ് അക്കൗണ്ടന്റ് ജി.ശ്രീലേഖ, മാനേജർമാരായ കെ.എസ്.ശ്രീദേവി, വി.ആർ.ഹരീന്ദ്രൻ എന്നിവർ പ്രസംഗിച്ചു.

## യാത്രക്കാരെ ബുദ്ധിമുട്ടിച്ച് റെയിൽവേയുടെ അറ്റകുറ്റപ്പണി

**കോട്ടയം :** 'പരീക്ഷയിങ് തലയിൽ കയറി പഠിച്ചതെല്ലാം മറന്ന് പോയി' എന്ന മട്ടിലാണ് കോട്ടയം റെയിൽവേ സ്റ്റേഷൻ അധികൃതർ. മണ്ഡലകാലം ആരംഭിക്കാൻ ദിവസങ്ങൾ മാത്രം ബാക്കിയാകുമ്പോഴാണ് സ്റ്റേഷന് മുന്നിലെ ഭാഗം വെട്ടിപ്പൊളിച്ച് അറ്റകുറ്റപ്പണിക്ക് തയ്യാറാകുന്നത്. സ്ഥിരമായി ടാറിങ് പൊളിയുന്നതു കാരണം ഈ ഭാഗം കോൺക്രീറ്റ് ചെയ്യാനാണു തീരുമാനം. ഇതിനോടകം ഇവിടത്തെ ടാറിങ് മണ്ണുമാന്തി യന്ത്രം ഉപയോഗിച്ചു പൂർണമായി നീക്കിക്കഴിഞ്ഞു. അതോടെ ടിക്കറ്റ് എടുത്ത് രണ്ടുമുതൽ അഞ്ചാംനമ്പർ പ്ളാററ് ഫോമിൽ എത്തുന്നവർക്ക് ഈ വഴി നടക്കുക വലിയ പ്രയാസമായിരിക്കുന്നു. സ്റ്റേഷന്റെ പ്രധാനകവാടം മുതൽ പാതാളം പോലെയുള്ള കുഴികൾ ഇരുചക്രവാഹന-കാൽനടയാത്രക്കാർക്കും അപകടമെന്ന് പലവട്ടം പരാതി പറഞ്ഞിട്ടും ചെവിക്കൊള്ളാൻ അധികൃതർ തയ്യാറായില്ല. എന്നാൽ ഇപ്പോൾ തകൃതിയായി അറ്റകുറ്റപ്പണി തുടങ്ങിക്കഴിഞ്ഞു. സ്റ്റേഷന്റെ പ്രധാന കവാടത്തിലെ കുഴികൾ മൂടാനുള്ള ജോലികളാണ് ആരംഭിച്ചിരിക്കുന്നത്. പോർച്ചിന് ശേഷവും പുറത്തേക്കുള്ള വഴിയുമാണ് ടാറിങ് നീക്കിയശേഷം കോൺക്രീററ് പണികൾ ചെയ്യുന്നത്. രണ്ട് ദിവസത്തിനുള്ളിൽ കോൺക്രീറ്റ് പൂർത്തിയാക്കുമെന്നാണ് അധികൃതർ ഉറപ്പുതരുന്നത്. എന്നാൽ മഴപോലെ പല പ്രതികൂലഘടകങ്ങളും നിർമാണപ്രവർത്തനത്തെ ബാധിച്ചേക്കാം. കാലതാമസം നേരിട്ടാൽ അത് ശബരിമല തീർഥാടകരേയും വലിയ ബുദ്ധിമുട്ടിലാക്കും. സ്റ്റേഷനു മുന്നിൽ ഗതാഗതനിയന്ത്രണം ഏർപ്പെടുത്തിയത് ഇതിനോടകം യാത്രക്കാരെ ബുദ്ധിമുട്ടിച്ച് കഴിഞ്ഞു.



## പ്രാദേശിക വാർത്തകൾ



## കർഷക തൊഴിലാളി ക്ഷേമനിധി കുടിശിക നിവാരണം

**ഇടുക്കി :**കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായിരിക്കുകയും അംശാദായം അടയ്ക്കുന്നതിൽ 24 മാസത്തിൽ കൂടുതൽ കുടിശ്ശിക വരുത്തിയതിനാൽ അംഗത്വം നഷ്ടപ്പെടുകയും ചെയ്ത തൊഴിലാളികൾക്ക് അംഗത്വം പുന:സ്ഥാപിക്കാം. 10 വർഷം എന്ന കാലപരിധി നിശ്ചയിച്ച് 2025 ഡിസംബർ 10 വരെ അംശാദായ കുടിശ്ശിക പിഴ സഹിതം അടച്ച് അംഗത്വം പുന:സ്ഥാപിക്കുന്നതിന് മൂന്നു മാസത്തെ സമയം അവസാനമായി അനുവദിച്ച് സർക്കാർ ഉത്തരവായി. കുടിശ്ശിക വരുത്തിയ ഓരോ വർഷത്തിനും 10 രൂപ നിരക്കിൽ പിഴ ഈടാക്കും. എന്നാൽ ഇതിനകം 60 വയസ്സ് പൂർത്തിയായ തൊഴിലാളികൾക്ക് കുടിശ്ശിക അടയ്ക്കുന്നതിനും അംഗത്വം പുനഃസ്ഥാപിക്കുന്നതിനും അവസരം ഉണ്ടായിരിക്കുന്നതല്ല. അംഗത്വം പുതുക്കാൻ വരുന്നവർ ആധാർ. ബാങ്ക് പാസ്സ്ബുക്ക് എന്നിവയുടെ പകർപ്പുകൾ. ഒരു ഫോട്ടോ, ഫോൺ നമ്പർ എന്നിവ കൊണ്ടുവരേണ്ടതാണ്. മേലിൽ കുടിശ്ശിക നിവാരണത്തിനായി സർക്കാരിൽ നിന്നും അനുമതി ലഭിക്കില്ല എന്ന സാഹചര്യത്തിൽ കുടിശ്ശിക നിവാരണത്തിനായി ഇപ്പോൾ ലഭിച്ചിരിക്കുന്ന ഈ അവസരം അംഗത്വം നഷ്ടപ്പെട്ട തൊഴിലാളികൾ പരമാവധി വിനിയോഗിക്കണമെന്ന് ഇടുക്കി ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ഇടുക്കി ജില്ലാ എക്സിക്യൂട്ടീവ് ഓഫീസുമായി ബന്ധപ്പെടണം.

## തെരഞ്ഞെടുപ്പ്:ജില്ലാതല മീഡിയ റിലേഷൻസ് സമിതി രൂപീകരിച്ചു

**ഇടുക്കി :**തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലാതല മീഡിയ റിലേഷൻസ് സമിതി രൂപീകരിച്ചു. ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായ കളക്ടർ സമിതിയുടെ അധ്യക്ഷനും ജില്ലാ ഇൻഫർമേഷൻ ഓഫീസർ കൺവീനറുമാണ്. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ലോ ഓഫീസർ,ദീപിക ഇടുക്കി ബ്യൂറോ ചീഫും ഇടുക്കി പ്രസ് ക്ലബ് സെക്രട്ടറിയുമായ ജെയിസ് വാട്ടപ്പിള്ളി, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് കണ്ടന്റ് എഡിറ്റർ തോമസുകുട്ടി ജോയി എന്നിവരാണ് സമിതി അംഗങ്ങൾ. മാധ്യമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മാർഗനിർദ്ദേശങ്ങൾ ലംഘിച്ചതായുള്ള പരാതികളിന്മേലും അല്ലെങ്കിൽ മറ്റേതെങ്കിലും മാധ്യമ സംബന്ധിയായ കാര്യങ്ങളിൽ തീർപ്പ് കൽപ്പിക്കുന്നതിനും ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറെ സഹായിക്കുന്നതിനായാണ് ജില്ലാ മീഡിയാ റിലേഷൻസ് സമിതി.



## പൊൻമുടി, കല്ലാർകുട്ടി അണക്കെട്ടുകൾ തുറന്നു

**അടിമാലി:**കഴിഞ്ഞ ദിവസങ്ങളിൽ ഡാമുകളുടെ വൃഷ്ടി പ്രദേശത്ത് ശക്തമായ മഴ പെയ്ത് നീരൊഴുക്ക് വർധിച്ചതിനെതുടർന്ന് പൊൻമുടി, കല്ലാർകുട്ടി അണക്കെട്ടുകൾ തുറന്നു. ഇന്നലെ ഉച്ചയോടുകൂടി പൊൻമുടിയും, രാത്രി 7ഓടുകൂടി കല്ലാർകുട്ടിയും തുറന്നു.പൊൻമുടി ഡാമിന്റെ മൂന്ന് ഷട്ടറുകൾ 60 സെന്റീ മീറ്റർ വീതം തുറന്ന് 150 ഘനയടി വെള്ളം ഘട്ടം ഘട്ടമായി ഒഴുക്കിവിട്ടു.വെള്ളം ഒഴുക്കിവിടുന്നതിനാൽ ഡാമിന് താഴെ പന്നിയാർ, മുതിരപ്പുഴയാർ, പെരിയാർ പുഴകളുടെ ഇരുകരകളിലും താമസിക്കുന്നവർ അതീവ ജാഗ്രതപാലിക്കണമെന്നും ജില്ലാ ഭരണകൂടം മുന്നറിയിപ്പ് നൽകി. മഴയെത്തുടർന്ന് മണ്ണിടിച്ചിൽ ഭീഷണിയുള്ള സാഹചര്യത്തിൽ അടിമാലി - മൂന്നാർ റോഡിലൂടെയുള്ള ഗതാഗതത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. വലിയ ട്രയിലർ പോലുള്ള വാഹനങ്ങൾക്കാണ് നിയന്ത്രണം ബാധകം.

# വികസനവും ജനക്ഷേമവും എടുത്തുകാട്ടി എൽഡിഎഫ്

**ഇടുക്കി** :വിവിധ തലങ്ങളിൽ നടപ്പാക്കിയ കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങൾ ചർച്ചയാക്കിയും പൊതു സ്വീകാര്യരായ സ്ഥാനാർഥികളെ ഇറക്കിയും എൽഡിഎഫ് തെരഞ്ഞെടുപ്പിന് സജ്ജമായി. സ്ഥാനാർഥി നിർണയം ഏതാണ്ട് പൂർത്തിയായികഴിഞ്ഞു. ഉടൻ പ്രഖ്യാപനം വരും. ജില്ലാ ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളുടെ വികസന പദ്ധതികൾക്ക് പുറമെ എൽഡിഎഫ് സർക്കാരിന്റെ ക്ഷേമ പ്രവർത്തനങ്ങളും തെരഞ്ഞെടുപ്പിൽ ചർച്ചയാവും. എണ്ണമറ്റ വികസന പദ്ധതികളിലൂടെ നാടിന്റെ മുഖച്ഛായ മാറിയ കാലമാണ് പിന്നിടുന്നത്. പലതും നടന്നുവരുന്നു. വാഗമണിലിതാ ടേക് എ ബ്രേക്ക് ഭിന്നശേഷിക്കാരെ ചേർത്തുപിടിച്ച് ലോക ടൂറിസം ഭൂപടത്തിൽ ഇടം നേടിയ വാഗമണ്ണിൽ ജില്ലാ പഞ്ചായത്ത് രണ്ട് കോടി രൂപ ചെലവിൽ നിർമിക്കുന്ന ടേക് എ ബ്രേക്ക് പദ്ധതി അന്തിമഘട്ടത്തിൽ. ആറുമാസത്തിനുള്ളിൽ പൂർത്തീകരിക്കും. വിദേശികൾ ഉൾപ്പെടെ നിരവധി വിനോദ സഞ്ചാരികൾ വന്നുപോകുന്ന ഈ വശ്യ, സുന്ദര കേന്ദ്രത്തിൽ കൂടുതൽ സൗകര്യമൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഒന്നേകാൽ കോടിയുടെ ജില്ലാ പഞ്ചായത്ത് പദ്ധതിയാണ്. ഒരേസമയം 40 ആളുകൾക്ക് ഉപയോഗിക്കാവുന്ന ടോയ്‌ലറ്റ് സൗകര്യവും അതിനോട് ചേർന്ന് ഒരു കോഫി ഷോപ്പും ആണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജില്ലാ പഞ്ചായത്തിന്റെ 2023 - 24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചലനശേഷിയെ ബാധിച്ചിട്ടുള്ള ഭിന്നശേഷിക്കാർക്കായി സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണംചെയ്തു. പദ്ധതിക്കായി 60 ലക്ഷം രൂപയാണ് ജില്ലാ പഞ്ചായത്ത് വകയിരുത്തിയത്. ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട നിരവധി ഗുണഭോക്താക്കൾക്കാണ് സ്കൂട്ടർ വിതരണംചെയ്തത്. ജില്ലയിൽ കാർഷിക- തോട്ടം മേഖലകളിൽ ജനങ്ങൾ അനുഭവിക്കുന്ന രൂക്ഷമായ വന്യമൃഗ ശല്യത്തിന് പരിഹാരം കാണുന്നതിനായി ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വനം, കൃഷി വകുപ്പുകളുമായി ചേർന്ന് പുതിയ പദ്ധതിക്ക് രൂപം നൽകി. 2023-24 വർഷത്തെ ആർ കെ വി വൈ പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ടര കോടി രൂപയാണ് പ്രാഥമിക ഘട്ടത്തിൽ ചെലവഴിക്കുന്നത്. ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളായ കുമളി, വണ്ടിപ്പെരിയാർ, മറയൂർ, ഉപ്പുതറ എന്നിവിടങ്ങളിലാണ് പദ്ധതി ആദ്യം നടപ്പാക്കുന്നത്. നബാർഡ് സഹായത്തോടെയും ഇടുക്കി പാക്കേജ് വഴിയും കൂടുതൽ പണം ലഭ്യമാക്കി ജില്ലയിലെ മറ്റു പഞ്ചായത്തുകളിൽകൂടി പദ്ധതി നടപ്പാക്കുന്നു. ജില്ലയിലെ തെരുവുനായ ശല്യം പരിഹരിക്കുന്നതിനായി പഞ്ചായത്തുകളുമായി ചേരുന്നു 3.5. കോടി രൂപ മുടക്കി എബിസി സെന്റർ നിർമിക്കുന്നു. അതിരൂക്ഷമായ മാലിന്യപ്രശ്നത്തിൽനിന്ന് ജില്ലയെ മോചിപ്പിക്കുവാൻ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കർമ പദ്ധതികളുമായി മുന്നോട്ടുപോകുന്നു. ക്ഷേമം, ജീവകാരുണ്യം, സർവതല വികസനം ജില്ലയിലെ കിഡ്നി രോഗികൾക്ക് ധനസഹായം നൽകുന്നതിനായി 2023-24 വാർഷിക പദ്ധതിയിൽ 50 ലക്ഷം രൂപ വകയിരുത്തി വിതരണം ചെയ്തു. ഇതിന്റെ തുടർച്ചയായി വരുംവർഷങ്ങളിലും പഞ്ചായത്തുകളുമായി ചേർന്ന് പദ്ധതി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. അതിദരിദ്രരെ സംരക്ഷിച്ച് പഞ്ചായത്തിലെ വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ, വനിതകൾ എന്നിവരെ ചേർത്തുപിടിച്ചു. അതിദരിദ്ര നിർമാർജന പഞ്ചായത്താക്കി. അതിദരിദ്രരായ 29 പേരെ സംരക്ഷിച്ചു. നാലുകുടുംബങ്ങൾക്ക് വീട് നൽകി. നാലുപേരെ ആശ്രയ കെയറിങ് ഹോമിലാക്കി. ബാക്കിയുള്ളവർക്ക് ആഹാരവും മരുന്നു എത്തിച്ചുനൽകി. കമ്പിളികണ്ടം, കല്ലാർകുട്ടി എന്നിവിടങ്ങളിൽ പുതുതായി വഴിയോര വിശ്രമകേന്ദ്രങ്ങൾ നിർമിക്കുകയും പാറത്തോട്, വിമലാസിറ്റി വഴിയോര വിശ്രമ കേന്ദ്രങ്ങളുടെ പുനരുദ്ധാരണം നടത്തി. ബാലസൗഹൃദ പഞ്ചായത്ത് കൊന്നത്തടിയെ ബാലസൗഹൃദ പഞ്ചായത്തായി മന്ത്രി എം ബി രാജേഷ് പ്രഖ്യാപിച്ചു. ബാലകലോത്സവം, ബാലസഭ, ചിൽഡ്രൻസ് പാർക്ക്, സ്മാർട്ട് അങ്കണവാടികൾ എന്നിവയും നടപ്പാക്കി. 100 ശതമാനം പദ്ധതി പൂർത്തീകരിച്ച് ജനകീയാസൂത്രണം നടപ്പാക്കിയതിനുശേഷം ഈ പഞ്ചായത്ത് ഭരണസമിതിക്കാണ് നൂറ് ശതമാനം നേട്ടം കൈവരിക്കാനായത്. ജില്ലയിലെ ഏറ്റവും മികച്ച ഹരിത കർമസേനയാണ് ഇവിടെ സേവനമനുഷ്ഠിക്കുന്നത്.



## ജീപ്പും ബസും കൂട്ടിയിടിച്ച് 10 പേർക്ക് പരിക്ക്

**കുമളി** :തമിഴ്നാട്ടിൽ നിന്നുള്ള തൊഴിലാളികൾ സഞ്ചരിച്ച ജീപ്പും സ്വകാര്യ ബസും കൂട്ടിയിടിച്ച് സ്ത്രീ തൊഴിലാളികൾ ഉൾപ്പെടെ പത്തുപേർക്ക് പരിക്കേറ്റു. അണക്കര പാമ്പുപാറ ഇടശ്ശേരി ജംഗ്ഷനു സമീപം ബുധൻ രാവിലെ 7.30 ഓടെ ആയിരുന്നു അപകടം. കുമളിയിൽനിന്നും കട്ടപ്പനയിലേക്ക് പോയ സ്വകാര്യ ബസ്സും തമിഴ്നാട് കമ്പത്തുനിന്നും തൊഴിലാളികളുമായി അണക്കരയിലേക്ക് വന്ന ജീപ്പുമാണ് കൂട്ടിയിടിച്ചത്. ജീപ്പിൽ യാത്ര ചെയ്തവർക്കാണ് പരിക്കേറ്റത്. അപകടം നടന്ന ഉടൻ ഓടിക്കൂടിയ നാട്ടുകാർ പരിക്കേറ്റവരെ അടുത്തുള്ള സ്വകാര്യ ആശുപത്രിയിൽ എത്തിച്ചു. തുടർന്ന് ഗുരുതരമായി പരിക്കേറ്റ ഡ്രൈവറെയും സ്ത്രീ തൊഴിലാളികളെയും തേനി മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോയി. സ്വകാര്യ ബസ് മറ്റൊരു വാഹനത്തെ മറികടക്കുന്നതിന് ഇടയിൽ ജീപ്പുമായി കൂട്ടിയിടിക്കുകയായിരുന്നു എന്ന് ദൃക്സാക്ഷികൾ പറഞ്ഞു. ജീപ്പും അമിതവേഗതയിലായിരുന്നെന്ന് പറയപ്പെടുന്നു. ഇടിയുടെ ആഘാതത്തിൽ ജീപ്പ് പൂർണമായും തകർന്നു. വണ്ടൻമേട് പൊലീസ് സ്ഥലത്തെത്തി മേൽ നടപടികൾ സ്വീകരിച്ചു. തൊഴിലാളികളുമായി അമിത വേഗതയിൽ പോകുന്ന വാഹനങ്ങളുടെ അപകടം ഹൈറേഞ്ചിൽ വർധിച്ചിരിക്കുകയാണ് .



## ചോദ്യങ്ങളും കളികളുമായി റോബോട്ടുകൾ റെഡി

**തൊടുപുഴ** കുമ്പംകല്ല് ബിടിഎം എൽപി സ്കൂളിൽ പുതിയ നാല് അധ്യാപകർ ചാർജെടുത്തിട്ടുണ്ട്. എന്ത് സംശയവും ഞൊടിയിടയിൽ 'സോൾവ്' ചെയ്യുന്ന നാലുപേർ. കൃത്യവും വ്യക്തവുമായ ഉത്തരങ്ങളുമായി നാല് റോബോട്ട് ടീച്ചർ അസിസ്റ്റന്റുമാരാണ് കുട്ടികളുടെ ഇഷ്ടതാരങ്ങളാകുന്നത്. പഠനം രസകരവും ആസ്വാദ്യവുമാക്കുകയാണ് ലക്ഷ്യം. നാല് ക്ലാസ് മുറികളിലായി ഓരോ റോബോട്ടുകൾ, അയ്‌ലയും ലൂലയും അമീറയും സമീറയും കുട്ടികളുടെ സഹയാത്രികരാണിപ്പോൾ. നിർമിത ബുദ്ധിയുടെ സഹായത്തോടെയാണ് പ്രവർത്തനം. കുട്ടികളിൽ പുത്തൻ ആശയങ്ങൾ ഉണ്ടാകാനുള്ള ഉത്സാഹവം വളരുമെന്ന് അധ്യാപകർ പറയുന്നു. ചോദ്യോത്തരങ്ങൾ, വിനോദ പ്രവർത്തനങ്ങൾ എന്നിവയിലൂടെ കുട്ടികളെ പഠനത്തിൽ കൂടുതൽ സജീവമാക്കുകയാണ് പുതിയ ടീച്ചർമാർ. പഠനം പുസ്തകങ്ങൾക്ക് പുറത്തേക്കും അതിനൂതന സാങ്കേതിക വിദ്യകളിലേക്കും വ്യാപിക്കുകയാണിവിടെ. എല്ലാ ഭാഷകളും സംസാരിക്കും. ച്ചർ പറഞ്ഞു. ഒക്ടോബർ 27ന് സ്കൂൾ അഡ്മിനിസ്ട്രേറ്റർ വി എം സുലൈമാനാണ് പദ്ധതി ഉദ്ഘാടനംചെയ്തത്.

# അഭിമാന പോരാട്ടം: ജില്ലയിൽ കളം തെളിയുന്നു



**കൊച്ചി:** കൊച്ചി കോർപ്പറേഷനിലെ ഭൂരിപക്ഷം സ്ഥാനാർത്ഥികളെയും മൂന്നു മുന്നണികളും പ്രഖ്യാപിച്ചതിന് പിന്നാലെ ജില്ലാ പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് സീറ്റു വിഭജനത്തിനും ചൂടുപിടിച്ചു. എതിർചേരിയിൽ നിന്നുള്ളവരെ സ്ഥാനാർത്ഥിയായി നിറുത്തിയും അട്ടിമറി വിജയങ്ങൾക്കാണ് മുന്നണികൾ കോപ്പുകൂട്ടുന്നത്.ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളിൽ അഭിമാനമായ കൊച്ചി കോർപ്പറേഷൻ സ്ഥാനാർത്ഥികളെയാണ് മൂന്നു മുന്നണികൾ പ്രഖ്യാപിച്ചത്. ചൊവ്വാഴ്ച കോൺഗ്രസ് പ്രഖ്യാപിച്ചതിന് പിന്നാലെ ഇന്നലെ എൽ.ഡി.എഫും എൻ.ഡി.എയും ഭൂരിപക്ഷം സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു. ആറ് മുൻ യു.ഡി.എഫ് കൗൺസിലർമാരെ എൽ.ഡി.എഫിൽ എത്തിച്ചാണ് സി.പി.എം കരുത്ത് കാട്ടിയത്. ഒരു എൽ.ഡി.എഫ് കൗൺസിലറെ തട്ടിയെടുക്കാനേ യു.ഡി.എഫിന് കഴിഞ്ഞുള്ളു. മുൻ കൗൺസിലിലെ യു.ഡി.എഫ് കൗൺസിലറെ ബി.ജെ.പിയും സ്ഥാനാർത്ഥിയാക്കി. നാല് ജില്ലാ പഞ്ചായത്ത് സ്ഥാനാർത്ഥികളെയും ബി.ജെ.പി പ്രഖ്യാപിച്ചു. 40 സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ച യു.ഡി.എഫ് ഏതാനും ദിവസത്തിനകം ബാക്കി ഉടൻ പ്രഖ്യാപിക്കുമെന്ന് നേതാക്കൾ പറഞ്ഞു. കോൺഗ്രസിനുള്ളിലും ഘടകകക്ഷികളുമായും തർക്കങ്ങൾ തീർന്നിട്ടില്ലെന്നാണ് സൂചനകൾ. ജില്ലാ പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് തലങ്ങളിലും സമവായത്തിലെത്തിയിട്ടില്ല.എൽ.ഡി.എഫിൽ കാര്യമായ തർക്കങ്ങളില്ലെന്നാണ് സൂചന. സി.പി.ഐ ഉൾപ്പെടെ ഘടകകക്ഷികളുമായി ധാരണയായെന്നാണ് വിവരം.ബി.ഡി.ജെ.എസ് ബഹിഷ്കരിച്ചു.ഇന്നലെ 32 എൻ.ഡി.എ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചതിൽ ബി.ഡി.ജെ.എസില്ല. ചർച്ചകൾ പൂർത്തിയായിട്ടില്ല, തുടരുമെന്ന് ബി.ജെ.പി നേതാക്കൾ പറഞ്ഞു. സ്ഥാനാർത്ഥിയെ പ്രഖ്യാപിക്കുന്ന ചടങ്ങിൽ പങ്കെടുക്കാതെ ബി.ഡി.ജെ.എസ് ജില്ലാ നേതാക്കൾ ഇറങ്ങിപ്പോയി.നാഷണലിസ്റ്റ് കേരള കോൺഗ്രസിന് ഒരു സീറ്റാണ് അനുവദിച്ചത്. ഒരു സീറ്റ് കൂടി ആവശ്യപ്പെട്ടിട്ടുണ്ട്. ചർച്ചയിലൂടെ അനുവദിക്കുമെന്നാണ് പ്രതീക്ഷയെന്ന് സംസ്ഥാന പ്രസിഡന്റ് കുരുവിള മാത്യൂസ് പറഞ്ഞു.നാഷണലിസ്റ്റ് പീപ്പിൾസ് പാർട്ടിക്ക് സീറ്റ് നൽകിയതാണ് എൻ.ഡി.എയുടെ പ്രധാന കരുനീക്കം. പള്ളുരുത്തി സെന്റ് റീത്താസ് സ്കൂൾ പി.ടി.എ പ്രസിഡന്റ് ജോഷി കൈതവളപ്പിലാണ് സ്ഥാനാർത്ഥി. ഹിജാബ് വിഷയത്തിൽ കടുത്ത നിലപാടെടുത്ത് ശ്രദ്ധേയമായ വ്യക്തിയാണ് മുൻ കോൺഗ്രസ് നേതാവ് കൂടിയായ ജോഷി.തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ വികസനം മുഖ്യവിഷയമാകും. രണ്ട് പിണറായി വിജയൻ സർക്കാരുകൾ നടപ്പാക്കിയ വികസനവും പെൻഷൻ ഉൾപ്പെടെ ക്ഷേമപ്രവർത്തനങ്ങളും ഉയർത്തിക്കാട്ടി വോട്ടുപിടിക്കാനാണ് എൽ.ഡി.എഫിന്റെ തന്ത്രം.വികസന മുരടിപ്പ് ഉന്നയിക്കാനാണ് യു.ഡി.എഫിന്റെ പദ്ധതി.

സ്വന്തമായ വികസന പദ്ധതികളൊന്നും എൽ.ഡി.എഫ് നടപ്പാക്കിയിട്ടില്ലെന്നാണ് യു.ഡി.എഫിന്റെ വാദം. കൊച്ചി നഗരത്തിലുൾപ്പെടെ യു.ഡി.എഫിന്റെ സർക്കാർ ആരംഭിച്ച പദ്ധതികൾ പൂർത്തിയാക്കിയതല്ലാതെ സ്വന്തം പദ്ധതികളില്ലെന്നാണ് യു.ഡി.എഫ് ആരോപണം.വികസിത ഭാരത്, വികസിത കേരളം എന്ന മുദ്രാവാക്യമാണ് എൻ.ഡി.എ സ്വീകരിക്കുക. കൊച്ചി മെട്രോ, എറണാകുളം ബംഗളൂരു വന്ദേഭാരത് ട്രെയിൻ തുടങ്ങിയ കേന്ദ്ര പദ്ധതികൾ വഴി കേരളത്തെ നരേന്ദ്ര മോദി സർക്കാർ പിന്തുണച്ചത് ബി.ജെ.പി ആയുധമാക്കുമെന്ന് നേതാക്കൾ പറഞ്ഞു.

# തൃക്കാക്കരയിലെ തമ്മിലടി: സി.പി.ഐ നേതൃയോഗം ഇന്ന്

**കൊച്ചി**: തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തൃക്കാക്കരയിലെ സി.പി.എം - സി.പി.ഐ തർക്കത്തിൽ അന്തിമ തീരുമാനം ഇന്നുണ്ടായേക്കും. തങ്ങളുടെ സീറ്റുകൾ വിട്ടുകൊടുത്ത് വിട്ടുവീഴ്ചയ്ക്കില്ലെന്ന് സി.പി.ഐ പ്രദേശിക നേതൃത്വം അറിയിച്ചിരുന്നു. എന്നാൽ, തദ്ദേശ തിരഞ്ഞെടുപ്പിനു പിന്നാലെയെത്തുന്ന നിയമസഭാ തിരഞ്ഞെടുപ്പ് കണക്കിലെടുത്ത് അത്തരം കടുത്ത തീരുമാനങ്ങളിലേക്ക് പോകേണ്ടതില്ലെന്നാണ് സി.പി.ഐ ജില്ലാ നേതൃത്വത്തിന്റെ നിലപാടെന്നാണ് വിവരം. കഴിഞ്ഞ ദിവസം ഇതു സംബന്ധിച്ച് സി.പി.എം ജില്ലാ സെക്രട്ടറി എസ്. സതീഷുമായി സി.പി.ഐ ജില്ലാ സെക്രട്ടറി എൻ. അരുൺ ചർച്ച നടത്തിയെങ്കിലും തീരുമാനമായിരുന്നില്ല. ഈ സാഹചര്യത്തിലാണ് ഇന്ന് സി.പി.ഐ ജില്ലാ എക്സിക്യൂട്ടീവ് ചേരുന്നത്. സി.പി.ഐ തൃക്കാക്കര മണ്ഡലം സെക്രട്ടറി കെ.കെ. സന്തോഷ് ഉൾപ്പെടെ ഉറച്ച തീരുമാനത്തിൽ നിൽക്കുന്നതിനാൽ സി.പി.എമ്മിന്റെ ആവശ്യം അത്ര പെട്ടെന്ന് അംഗീകരിക്കാൻ സി.പി.ഐ ജില്ലാ നേതൃത്വത്തിനുമാകില്ല. പകരം മണ്ഡലം കമ്മിറ്റിയെ അനുനയിപ്പിക്കാൻ പാകത്തിനുള്ള ഉപാധികൾ സി.പി.എമ്മിന്റെ മുന്നിൽ വയ്ക്കാനാകും സി.പി.ഐ ജില്ലാ നേതൃത്വം ശ്രമിക്കുകയെന്നാണ് സൂചന. സി.പി.ഐ മത്സരിച്ച വാർഡുകളിൽ ഒന്ന് ഏറ്റെടുത്തശേഷം അവർക്ക് വിജയസാദ്ധ്യതയുള്ള മറ്റൊരു സീറ്റ് നൽകാമെന്നായിരുന്നു സി.പി.എം നിലപാട്.സീറ്റ് വിട്ടുകൊടുക്കണമെന്നത് സി.പി.എമ്മിന്റെ പിടിവാശിയാണെന്നും ഇരു പാർട്ടികളും തമ്മിൽ സംസ്ഥാന തലത്തിൽ ഉണ്ടാക്കിയ സീറ്റ് വിഭജന ധാരണകൾക്ക് വിരുദ്ധമാണ് ആവശ്യമെന്നുമായിരുന്നു സി.പി.ഐ തൃക്കാക്കര മണ്ഡലം നേതൃത്വത്തിന്റെ നിലപാട്.മാമ്പിള്ളിപ്പറമ്പ്, സഹകരണ റോഡ് വാർഡുകളിൽ 2010ൽ തോറ്റ സി.പി.ഐ 2015ൽ രണ്ടിലും വിജയിച്ചു. 2021ൽ വനിതാ സംവരണമായി മാറിയ സീറ്റിൽ സിറ്റിംഗ് കൗൺസിലറായിരുന്ന ജിജോ ചിങ്ങന്തറയെ മത്സരിപ്പിക്കാൻ സി.പി.ഐക്കായില്ല. സീറ്റില്ലാതെ വന്നതോടെ സി.പി.എമ്മിലേക്ക് ചേക്കേറിയ അദ്ദേഹം മരോട്ടിച്ചുവട് വാർഡിൽ നിന്ന് മത്സരിച്ച് ജയിച്ചിരുന്നു. ജിജോയ്ക്ക് വേണ്ടിയാണ് സി.പി.എം നിലവിൽ സീറ്റ് വിലപേശൽ നടത്തുന്നതെന്നാണ് സി.പി.ഐയുടെ ആരോപണം.48 വാർഡുകളുള്ള നഗരസഭയിൽ ആറ് സീറ്റുകൾ സി.പി.ഐക്കും ഓരോ സീറ്റ് വീതം എൻ.സി.പിക്കും കോൺഗ്രസ് എസിനുമാണ്. കേരള കോൺഗ്രസ് എം, ആർ.ജെ.ഡി., ജനതാദൾ എന്നീ ഘടകകക്ഷികൾക്ക് സീറ്റുണ്ടോ എന്നറിയില്ല. അങ്ങനെ വന്നാൽ ബാക്കി 40 സീറ്റുകളിലും സി.പി.എമ്മാകും മത്സരിക്കുക.

# അങ്കമാലി നഗരസഭയിൽ സ്ഥാനാർത്ഥി നിർണയം അവസാനഘട്ടത്തിൽ



**അങ്കമാലി:** നഗരസഭയിലെ നിലവിലെ യു.ഡി.എഫ് ഭരണസമിതിയിൽ ചെയർമാൻമാരായിരുന്ന മൂന്നുപേർക്കും ഇക്കുറി സീറ്റില്ല. റെജി മാത്യു, മാത്യു തോമസ്, അഡ്വ. ഷിയോൾ എന്നിവർക്കാണ് സീറ്റ് നഷ്ടപ്പെട്ടത്. ചെയർപേഴ്സൺ പദവി വനിതയ്ക്ക് നിശ്ചയിച്ചിട്ടുള്ള നഗരസഭയിൽ നിലവിൽ ഡെപ്യൂട്ടി ചെയർപേഴ്സൺമാരായിരുന്ന രണ്ടുപേരും മത്സരരംഗത്തുണ്ട്. സിനി മനോജ് ജനറൽ വാർഡായ 12ലും റീത്ത പോൾ 5, 7 വാർഡുകളിൽ ഒന്നിലും മത്സരിക്കും. വാർഡ് 5 ജനറലാണ്. യു.ഡി.എഫിൽ നിലവിലെ കൗൺസിൽ അംഗങ്ങളായ 5പേർ വീണ്ടും മത്സരരംഗത്തുണ്ടാകാനാണ് സാദ്ധ്യത. മുൻ ചെയർപേഴ്സൺ ലില്ലി രാജു പതിനൊന്നാം വാർഡിൽ മത്സരിക്കും. നഗരസഭയിലെ 30 സീറ്റിൽ കോൺഗ്രസും ഒന്നിൽ കേരള കോൺഗ്രസും മത്സരിക്കും. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് റെബലായി മത്സരിച്ച നിഷ സാജുവിന് 13ൽ സീറ്റു നൽകിയതിനെതിരെ പരാതി ഉയർന്നിട്ടുണ്ട്. എൽ.ഡി.എഫിൽ സീറ്റ് ധാരണയായി. സി.പി.എം 22, സി.പി.ഐ 4, ജനതാദൾ എസ് 4, കേരള കോൺഗ്രസ് ഒന്ന്. നിലവിൽ അംഗങ്ങളായ 4 പേർ ഇത്തവണയും മത്സരരംഗത്തുണ്ട്. കൗൺസിലറായ ഗ്രേസി ദേവസി ജനറൽ വാർഡായ 4ൽ മത്സരിക്കുന്നു. സി.പി.എം സ്ഥാനാർത്ഥികളെ ഇന്ന് പ്രഖ്യാപിക്കും. മുൻ നഗരസഭ ചെയർപേഴ്സണായിരുന്ന എം.എ. ഗ്രേസിക്ക് ഇത്തവണ സീറ്റില്ല. നഗരസഭയുടെ ചരിത്രത്തിലാദ്യമായി നിലവിൽ രണ്ട് സീറ്റുള്ള ബി.ജെ.പി ഇത്തവണ എല്ലാ സീറ്റിലും മത്സരിക്കാനൊരുങ്ങുകയാണ്. 16 സീറ്റിൽ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു.

# തമ്മനം ടാങ്ക് പൊട്ടൽ : കിട്ടാനില്ല കുടിവെള്ളം

**കൊച്ചി:** തമ്മനത്ത് കൂറ്റൻ കുടിവെള്ള ടാങ്ക് പൊട്ടിയതിന് ശേഷം നഗരത്തിലെ 30 ശതമാനം സ്ഥലങ്ങളിലും കുടിവെള്ള ക്ഷാമം രൂക്ഷം. ചേരാനല്ലൂർ, പച്ചാളം വതല, പാലാരിവട്ടം, തൃപ്പൂണിത്തുറയുടെ ചില ഭാഗങ്ങൾ, വൈറ്റില, പേട്ട, ചമ്പക്കര എന്നിവിടങ്ങളിലെ കുടിവെള്ള വിതരണം പാടെ തകർന്നു. പേട്ട, ചമ്പക്കര ഭാഗങ്ങളിലേക്ക് രണ്ട് മണിക്കൂർ പമ്പിംഗ് നടത്തുമെന്ന് അധികൃതർ അറിയിച്ചിരുന്നെങ്കിലും ഇന്നലെ ഉച്ചയ്ക്ക് ഒരു മണിക്കൂറാണ് പമ്പിംഗ് നടന്നത്.03:48നാല് മണിക്കൂറും മൂന്ന് മണിക്കൂറും തുടർച്ചയായി പമ്പിംഗ് നടന്നിരുന്നത് രണ്ടു മണിക്കൂർ വീതം മൂന്ന് തവണയായി വിഭജിക്കുമ്പോൾ പലയിടത്തും കുടിവെള്ളം എത്താതെ വരുമെന്നും അത്തരം സ്ഥലങ്ങൾ കണ്ടെത്തി അവിടങ്ങളിൽ കുടിവെള്ളമെത്തിക്കാൻ തദ്ദേശസ്വയംഭരണ സെക്രട്ടറിമാരെ ചുമതലപ്പെടുത്തുമെന്നും ജലവിഭവ മന്ത്രി റോഷി അഗസ്റ്റിൻ അപകട ദിവസം വ്യക്തമാക്കിയിരുന്നു. ഇക്കാര്യം നടപ്പിലാക്കാൻ ജില്ലാ ദുരന്ത നിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ കെ. മനോജ് കർശന നിർദ്ദേശം നൽകിയെങ്കിലും തദ്ദേശ ഭരണ സെക്രട്ടറിമാർ കൂട്ടാക്കിയില്ല. തുടർന്ന് ജില്ലാ ഭരണകൂടം ഇന്നലെയും യോഗം വിളിച്ചു. പച്ചാളത്ത് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച ടാങ്കിലേക്ക് വെള്ളമെത്തിച്ചാൽ പച്ചാളത്തും സമീപ പ്രദേശത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കാമെന്ന് കണക്കാക്കിയിരുന്നെങ്കിലും തീരുമാനമായിട്ടില്ല.തിങ്കളാഴ്ച പുലർച്ചെ 2.20നാണ് തമ്മനം കുത്താപ്പാടിയിലെ ജല അതോറിട്ടിയുടെ ജല സംഭരണി തകർന്നത്. സമീപത്തെ വീടുകളിലും കുടുംബാരോഗ്യ കേന്ദ്രത്തിലും വെള്ള കയറി വലിയ നാശനഷ്ടമുണ്ടായിരുന്നു. ജില്ലയിലെ നിശ്ചിത കാലാവധി പൂർത്തിയാക്കിയ മുഴുവൻ വാട്ടർ ടാങ്കുകളും പരിശോധിച്ച് കളക്ടർക്ക് റിപ്പോർട്ട് നൽകാൻ ജില്ലാ ഭരണകൂടം നിർദ്ദേശിച്ചിട്ടുണ്ട്. കാലപ്പഴക്കം, ഘടനാപരമായ പ്രശ്നങ്ങൾ, മറ്റെന്തെങ്കിലും പ്രശ്നങ്ങൾ ഇവയെല്ലാം റിപ്പോർട്ടിൽ ഉണ്ടാകണം. ഇന്ന് മുതൽ 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് നൽകണമെന്നാണ് വാട്ടർ അതോറിട്ടി അധികൃതർക്ക് നൽകിയിരിക്കുന്ന നിർദ്ദേശം.തമ്മനത്ത് തകർന്ന 1.35 കോടി ലിറ്റർ സംഭരണ ശേഷിയുള്ള കൂറ്റൻ ടാങ്ക് പൂർണമായും പൊളിച്ചു നീക്കുന്നതിലേക്ക് അധികൃതർ നീങ്ങിയേക്കില്ലെന്ന് സൂചന. ഇതിന് കോടികൾ മുടക്കേണ്ടി വരുമെന്നതിനാലും നിർമ്മാണം പൂർത്തീകരിക്കാൻ ദീർഘകാലം വേണ്ടിവരുമെന്നതിനാലുമാണിത്. അതേസമയം, പുനർ നിർമ്മാണത്തേക്കാൾ നല്ലത് പുതിയ ടാങ്ക് നിർമ്മിക്കുകയായിരിക്കുമെന്ന് ഒരു വിഭാഗം ഉന്നത ഉദ്യോഗസ്ഥർ വ്യക്തമാക്കുന്നു. നിലവിലെ വാട്ടർ ടാങ്കിന്റെ രണ്ട് കമ്പാർട്ട്മെന്റുകൾക്ക് ചുറ്റുമുള്ള ഭിത്തിയുടെ ബല പരിശോധനയും മറ്റ് സാങ്കേതിക പരിശോധനകളും പൂർത്തിയാക്കിയ ശേഷം പുനർ നിർമ്മിക്കാനാണ് പ്രാഥമിക ആലോചന. ഇത് സംബന്ധിച്ച് അന്തിമ തീരുമാനം ഉടനുണ്ടാകും.





# കർഷകരിൽ നിന്ന് നെല്ല് സംഭരിക്കാതെ മില്ലുകാർ

**ആമ്പല്ലൂർ :** ഒന്നാംവിള വിരിപ്പ് കൃഷിയിൽ കൊയ്തെടുത്ത 130 ടണ്ണോളം നെല്ല് മുളയ്ക്കാതിരിക്കാനുള്ള പെടാപ്പാടിലാണ് നൂറോളം വരുന്ന നെൽക്കർഷകർ. അളഗപ്പനഗർ പഞ്ചായത്ത് കൃഷിഭവന്റെ കീഴിൽ വരുന്ന പൂക്കോട് വട്ടണാത്ര പച്ചളിപ്പുറം പാടശേഖരം, കിനൂർ പാടശേഖരം എന്നിവിടങ്ങളിൽ കൊയ്തെടുത്ത നെല്ലാണ് സിവിൽ സപ്ലൈസ് വകുപ്പിന്റെയും സർക്കാരിന്റെയും പിടിപ്പുകേടുമൂലം നശിച്ചുകൊണ്ടിരിക്കുന്നത്. കാലാവസ്ഥാ വ്യതിയാനവും കീടബാധയും പന്നിശല്യവും പ്രതിരോധിച്ച് കൊയ്തെടുത്ത നെല്ലാണ് മില്ലുകാർ സംഭരിക്കാത്തതിനാൽ കർഷകരുടെ മുറ്റത്തും പറമ്പുകളിലുമായി സൂക്ഷിച്ചിരിക്കുന്നത്. യന്ത്രസഹായത്താൽ കൊയ്തെടുത്ത നെല്ല് മണ്ണിൽ പ്ലാസ്റ്റിക് ഷീറ്റ് വിരിച്ച്, പ്ലാസ്റ്റിക് ഷീറ്റ് കൊണ്ട് തന്നെ മൂടിയിട്ടാണ് സൂക്ഷിക്കുന്നത്. മഴയില്ലാത്തപ്പോൾ മൂടിയ ഷീറ്റ് മാറ്റി വെയിൽ കൊള്ളിച്ച് സംരക്ഷിക്കുകയാണ് കർഷകർ.കൃഷിഭവനിൽ നിന്നും സപ്ലൈകോയെ കൊയ്ത്ത് കഴിഞ്ഞ വിവരം അറിയിച്ചിട്ടുണ്ട്. സ്വകാര്യ മില്ലുകളും സർക്കാരും തമ്മിലുള്ള ശീതസമരമാണ് കർഷകരിൽ നിന്നും നെല്ല് എടുക്കാത്തതിന്റെ കാരണമായി പറയുന്നത്. മില്ലുകാർക്ക് സർക്കാരിൽ നിന്നും നൽകേണ്ട പണം ലഭിക്കാത്തതിനാലാണ് കർഷകരിൽ നിന്നും നെല്ല് സംഭരിക്കാത്തതെന്നും പറയുന്നു. മിക്ക കർഷകരും ചെറുകിടക്കാരാണ്. ഇരു പാടശേഖരങ്ങളിലുമായി നൂറ്റമ്പതോളം ഭൂഉടമകളാണ് ഉള്ളത്. 250 ഓളം ഏക്ര വരുന്ന നെൽവയലിൽ കൃഷി വകുപ്പിൽ നിന്നും നൽകിയ പൗർണമി എന്ന നെൽവിത്തായിരുന്നു കൃഷി ചെയ്തത്. മട്ടയിനത്തിൽപെട്ടതും നല്ല സ്വാദുള്ളതുമായ അരി ലഭിക്കുന്നതാണ് പൗർണമി. മിക്കവരും ലോൺ എടുത്താണ് കൃഷി ഇറക്കിയത്. സപ്ലൈകോ എന്ന് നെല്ല് സംഭരിക്കുമെന്നറിയില്ല. സംഭരിച്ചാൽ തന്നെ നെല്ലിന്റെ വില എന്ന് ലഭിക്കുമെന്നും ഒരു നിശ്ചയവുമില്ല.

# ആരോഗ്യരംഗത്തെ ഉന്നമനത്തിന് സമഗ്രപങ്കാളിത്തം അനിവാര്യം



**ചെറുതുരുത്തി :** ആരോഗ്യരംഗത്തെ ഉന്നമനത്തിന് വിവിധ ആരോഗ്യശാസ്ത്ര ശാഖകളുടെ നിസ്വാർത്ഥ പങ്കാളിത്തം അനിവാര്യമെന്ന് അഡ്വ. കെ.എൻ.എ.ഖാദർ. പി.എൻ.എൻ.എം ആയുർവേദ മെഡിക്കൽ കോളേജിലെ 19-ാമത് ബി.എ.എം.എസ് ബാച്ചിന്റെ പ്രവേശനച്ചടങ്ങ് 'ശിഷ്യോപനയനീയം 2025' ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കോളേജ് പ്രിൻസിപ്പൽ ഡോ. ജിജി മാത്യു അദ്ധ്യക്ഷനായി. കേരള സർക്കാർ അന്തർദേശീയ ആയുർവേദ ഗവേഷണ വിഭാഗം സ്പെഷ്യൽ ഓഫീസർ പ്രൊഫ. ഡോ. വി.രാജ്മോഹൻ ഉപനയനീയവും സത്യപ്രതിജ്ഞയും ചൊല്ലിക്കൊടുത്തു. ഡയറക്ടർ സന്ധ്യ മണ്ണത്ത്, പി.ജി.ഡീൻ ഡോ. പി.രതീഷ്, പ്രൊഫ. ഡോ. ടി.ശ്രീകുമാർ, ഡോ. ജി.അങ്കുഷ്, ഡോ. വി.വിശാഖ് തുടങ്ങിയവർ പ്രസംഗിച്ചു.

# ബി.ജെ.പിക്ക് 30 സ്ഥാനാർത്ഥികളായി



**ഇരിങ്ങാലക്കുട:** നഗരസഭയിലേക്ക് ബി.ജെ.പി 30 സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു. 13 പേരെ ഉടൻ പ്രഖ്യാപിക്കുമെന്ന് ലിസ്റ്റ് പ്രസിദ്ധീകരണത്തിന് നൽകി സൗത്ത് ജില്ല പ്രസിഡന്റ് എ.ആർ.ശ്രീകുമാർ അറിയിച്ചു. നിലവിലെ ഭരണസമിതിയിലെ ആറുപേർ പട്ടികയിലുണ്ട്. പാർലമെന്ററി പാർട്ടി ലീഡർ സന്തോഷ് ബോബൻ, ഉപലീഡർ ടി.കെ. ഷാജൂട്ടൻ, മണ്ഡലം പ്രസിഡന്റ് കൂടിയായ ആർച്ച അനീഷ്, അമ്പിളി ജയൻ, വിജയകുമാരി അനിലൻ, മായ അജയൻ എന്നിവരാണ് ആദ്യ പട്ടികയിൽ ഇടംപിടിച്ചത്. കഴിഞ്ഞ രണ്ട് നിയമസഭാ തിരഞ്ഞെടുപ്പുകളിൽ ഇരിങ്ങാലക്കുടയിലും കൊടുങ്ങല്ലൂരിലും മത്സരിച്ച ബി.ജെ.പി സംസ്ഥാന കമ്മിറ്റി അംഗം സന്തോഷ് ചെറാക്കുളത്തിന്റെ ഭാര്യ ബിന്ദു സന്തോഷ് ബസ് സ്റ്റാൻഡ് വാർഡിൽ മത്സരിക്കും. ഘടകകക്ഷിയായ ബി.ഡി.ജെ.എസിന്റെ സ്ഥാനാർത്ഥികളെ നേതാക്കൾ പ്രഖ്യാപിക്കും.

# റെയിൽവേ സ്റ്റേഷൻ പുനർനിർമാണം

തൃശൂർ: റെയിൽവേ സ്റ്റേഷൻ വിമാനത്താവള മോഡലിലേക്ക് മാറുന്നു. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഈറോഡ് ആസ്ഥാനമായുള്ള വെങ്കടാചലപതി കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനം കരാർ ഏറ്റെടുത്തു. 344.89 കോടി രൂപയാണ് കരാർ തുക. 30 മാസമാണ് നിർമ്മാണ കാലാവധി. ദക്ഷിണ റെയിൽവേയുടെ കീഴിൽ എറണാകുളത്ത് പ്രവർത്തിക്കുന്ന നിർമ്മാണ വിഭാഗത്തിന്റെ മേൽനോട്ടത്തിലാണ് പ്രവൃത്തികൾ നടക്കുക. പുതുവർഷത്തിൽ ജനുവരിയിൽ തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള നീക്കമാണ് കരാർ കമ്പനി നടത്തുന്നത്. ഇതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചു. മുൻ എം.പി ടി.എൻ.പ്രതാപനും സുരേഷ് ഗോപി എം.പിയും നടത്തിയ ശ്രമങ്ങളുടെ ഭാഗമായാണ് തൃശൂർ റെയിൽവേ സ്റ്റേഷന്റെ പുനർനിർമ്മാണം യാഥാർത്ഥ്യമാകുന്നത്.



# ആവാസ് യോജനയിൽ 32236 വീടുകൾ

**തൃശൂർ:** പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരം കേരളത്തിൽ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ലഭിച്ചത് 32236 വീടുകൾ. പി.എം.എ.വൈ ഗ്രാമീൺ പദ്ധതി പ്രകാരം 16,586 വീടും നഗര പദ്ധതി പ്രകാരം 15,650 പേർക്കുമാണ് വീടുകൾ ലഭിച്ചത്. പട്ടികജാതി മോർച്ച സംസ്ഥാന പ്രസിഡന്റ് ഷാജുമോൻ വട്ടേക്കാടിന് ലഭിച്ച വിവരാവകാശ രേഖയിലാണ് വിവരം. തിരുവനന്തപുരം ജില്ലയിൽ 5,632വീടുകളും പാലക്കാട് 4,602 വീടുകളും അനുവദിച്ചിട്ടുണ്ട്. മലപ്പുറം (4,256), തൃശൂർ, കൊല്ലം (3,682), എറണാകുളം (1,885), പത്തനംതിട്ട (1641), ആലപ്പുഴ (1513) വീടുകളുമാണ് പട്ടികജാതിക്കാർക്ക് ലഭിച്ചത്.ഇടതു സർക്കാർ നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി പൂർണ്ണമായും സ്തംഭനാവസ്ഥയിലാണെന്ന് ഷാജുമോൻ വട്ടേക്കാട് പറഞ്ഞു.

# കെട്ടിട നിർമാണത്തിന്റെ പ്രവൃത്തി വൈകാതെ ആരംഭിക്കും



**കോഴിക്കോട്** :ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള വടകര ജില്ലാ ആശുപത്രിയിൽ ആധുനിക ചികിത്സ ലഭ്യമാക്കുന്നതിനായി 83.70 കോടി രൂപ ചെലവഴിച്ച് നിർമിക്കുന്ന കെട്ടിട നിർമാണത്തിന്റെ പ്രവൃത്തി വൈകാതെ ആരംഭിക്കും. നിർമാണം പൂർത്തിയാകുന്നതോടെ ആശുപത്രിയുടെ വിവിധ ഭാഗങ്ങളിലായുള്ള അഞ്ച് വിഭാഗങ്ങളുടെ സേവനം ഒരുകുടക്കീഴിൽ ലഭ്യമാകും. പിഎംജെവികെ പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ച് നിലയിലാണ് ആധുനിക കെട്ടിടം ഉയരുന്നത്. കെട്ടിടം നിർമിക്കുന്നതിനായി പഴയ കെട്ടിടങ്ങൾ പൊളിച്ചുനീക്കുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്. 1954ൽ സ്ഥാപിതമായ ആശുപത്രി 2011ലാണ് ജില്ലാ ആശുപത്രിയായി ഉയർത്തിയത്. ആശുപത്രിക്കായി ജില്ലാ പഞ്ചായത്ത് 6.91 കോടി രൂപയാണ് വിനിയോഗിച്ചത്. ദിനംപ്രതി 1500ലധികം രോഗികൾ ഒപിയിലും നൂറോളം രോഗികൾ ഐപി വിഭാഗത്തിലും ചികിത്സക്കെത്തുന്നുണ്ട്. മാസത്തിൽ 250 രോഗികൾക്ക് സർജറി ചെയ്തുവരുന്നു. 12 സ്പെഷ്യാലിറ്റികളും 24 മണിക്കൂർ പ്രവർത്തിക്കുന്ന കാഷ്വാലിറ്റി, ലാബ് സർവീസുകളും കൂടാതെ ഫാർമസി, എക്സറേ, ഡെന്റൽ, ഫിസിയോ തെറാപ്പി, എൻസിഡി ക്ലിനിക്, ഭൂമിക, ഐസിടിസി, ആർഎൻടി സിപി, പിപി യൂണിറ്റ്, ആധുനിക, മോർച്ചറി, ഇ ഹെൽത്ത് സംവിധാനം, 40 മെഷീനിലായി ദിനംപ്രതി 75 രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ചെയ്യാവുന്ന സെന്ററും ഇവിടെ പ്രവർത്തിക്കുന്നു. നിലവിലുള്ള ബ്ലഡ് സ്റ്റോറേജ് യൂണിറ്റിന് ബ്ലഡ് ബാങ്ക് ലൈസൻസ് ലഭിച്ചു. കൂടാതെ, ബ്ലഡ് സെപ്പറേഷൻ യൂണിറ്റും പ്രവർത്തനസജ്ജമായിവരുന്നു. ജില്ലാ ആശുപത്രിയിൽ മരുന്ന് വാങ്ങുന്നതിന് 1.80 ലക്ഷവും ഡയാലിസിസ് യൂണിറ്റിലേക്ക് 2.5 കോടി രൂപയും അടിസ്ഥാന സൗകര്യം, ഓക്സിജൻ പ്ലാന്റ് , വൈദ്യുതി എന്നിവക്കായി 56.84 ലക്ഷം രൂപയും ചെലവിട്ടു. എരഞ്ഞിക്കലിൽ പ്രവർത്തിക്കുന്ന ജില്ലാ ഹോമിയോ ആശുപത്രിക്കായി 3.2 കോടി രൂപയാണ് വിനിയോഗിച്ചത്. കെട്ടിടം, യോഗ ഹാൾ അറ്റകുറ്റപ്പണിക്കായി ഒരുകോടി രൂപയും മരുന്ന് വാങ്ങുന്നതിന് 66 ലക്ഷം രൂപയും ഫർണിച്ചർ, ഉപകരണം എന്നിവ വാങ്ങുന്നതിന് 93 ലക്ഷം രൂപയുമാണ് ചെലവഴിച്ചത്. ഭട്ട് റോഡിൽ പ്രവർത്തിക്കുന്ന ആശുപത്രിയിൽ വികസന പ്രവർത്തനം നടത്തുന്നതിനായി 8.57 കോടി രൂപയാണ് വിനിയോഗിച്ചത്. സെൻസറി പാർക്ക് നിർമിക്കുന്നതിന് 50 ലക്ഷം രൂപയും വയോജന പാർക്ക് നിർമിക്കുന്നതിന് ഒരു കോടി രൂപയും ചെലവിട്ടു. ഭിന്നശേഷി കുട്ടികളുടെ ചികിത്സ സ്പന്ദനത്തിനായി 2.66 കോടി രൂപയും ജെറിയാട്രിക് ബ്ലോക്ക്, മലിനജല പ്ലാന്റ്, സൗന്ദര്യവൽക്കരണം എന്നിവക്കായി 1.76 കോടി രൂപയുമാണ് വിനിയോഗിച്ചത്.

## ശബരിമല സ്വർണക്കൊള്ള: വാസുവിന്റെ അറസ്റ്റോടെ സിപിഎം പങ്ക് വ്യക്തമായി ; പാറക്കൽ അബ്ദുല്ല



**കുറ്റ്യാടി** : ശബരിമല സ്വർണക്കൊള്ളക്കേസിൽ ദേവസ്വംബോർഡ് മുൻപ്രസിഡൻറും സിപിഎം നോമിനിയുമായ എൻ. വാസുവിന്റെ അറസ്റ്റോടെ സിപിഎം പങ്ക് വ്യക്തമായതായി മുസ്‌ലിംലീഗ് സംസ്ഥാനസെക്രട്ടറിയും മുൻ എംഎൽഎയുമായ പാറക്കൽ അബ്ദുല്ല പറഞ്ഞു. കുറ്റ്യാടി ഗ്രാമപ്പഞ്ചായത്തിന്റെ വികസനമുരടിപ്പിനെതിരേ യുഡിഎഫ് കുറ്റ്യാടി പഞ്ചായത്ത് കമ്മിറ്റി നടത്തുന്ന കുറ്റവിചാരണയാത്ര നരിക്കൂട്ടുംചാൽ രാജീവ് നഗറിൽ ഉദ്ഘാടനംചെയ്യുകയായിരുന്നു അദ്ദേഹം. സമസ്തമേഖലകളിലും പരാജയപ്പെട്ട കുറ്റ്യാടി പഞ്ചായത്ത് എൽഡിഎഫ് ഭരണസമിതിയെ താഴെയിറക്കാൻ ജനങ്ങൾ കാത്തിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. ജാഥാ ക്യാപ്റ്റൻ എസ്.ജെ. സജീവ് കുമാറിനും വൈസ് ക്യാപ്റ്റൻ കെ. മൊയ്തുവിനും പാറക്കൽ അബ്ദുല്ല പതാക കൈമാറി. പി.കെ. സുരേഷ് അധ്യക്ഷനായി. മുസ്‌ലിംലീഗ് ജില്ലാ ഉപാധ്യക്ഷൻ മൂസ കോത്തമ്പ്ര മുഖ്യപ്രഭാഷണം നടത്തി. ശ്രീജേഷ് ഊരത്ത്, കേളോത്ത് കുഞ്ഞമ്മദ് കുട്ടി, പി.പി. ദിനേശൻ, ടി. സുരേഷ് ബാബു, കെ.കെ. അബ്ദുൾ മനാഫ്, കെ.പി. അബ്ദുൽ മജീദ്, സി.വി. മൊയ്തു, പി.പി. ആലിക്കുട്ടി, ജുഗുനു തെക്കയിൽ, നൗഷാദ് കോവില്ലത്ത്, എ.ടി. ഗീത, സിദ്ധാർഥ് നരിക്കൂട്ടുംചാൽ തുടങ്ങിയവർ സംസാരിച്ചു.വ്യാഴാഴ്ച പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിലെ സ്വീകരണത്തിനുശേഷം വൈകുന്നേരം അഞ്ചിന് യാത്ര കുറ്റ്യാടി ടൗണിൽ സമാപിക്കും. ഷാഫി പറമ്പിൽ എംപി സമാപനസമ്മേളനം ഉദ്ഘാടനംചെയ്യും.



## ഇ സുനിൽ കുമാറിന് മികച്ച ജനറൽ മാനേജർക്കുള്ള പുരസ്കാരം സമ്മാനിച്ചു



**കോഴിക്കോട്:** ധനകാര്യ പ്രസിദ്ധീകരണമായ ബിസിനസ് ന്യൂസ് പബ്ലിക്കേഷൻസ് നൽകുന്ന സഹകരണ മേഖലയിലെ മികച്ച ജനറൽ മാനേജർക്കുള്ള പ്രത്യേക പുരസ്കാരം ദി കലിക്കറ്റ് ടൗൺ സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ജനറൽ മാനേജർ ഇൻ ടൗൺ ഇ സുനിൽ കുമാറിന് ലഭിച്ചു. അഞ്ചാമത് സഹകരണ സെമിനാറിൽ മിൽമ ചെയർമാൻ കെ എസ് മണി അവാർഡ് സമ്മാനിച്ചു. ബിസിനസ് ന്യൂസ് പബ്ലിക്കേഷൻസ് ചീഫ് എഡിറ്റർ എസ് വി അയ്യർ, മാർക്കറ്റിങ് മാനേജർ ഡോ. എം കെ ഹരിദാസ്, ബാങ്ക് ഡയറക്ടർ ടി രാധാകൃഷ്ണൻ, അസി. ജനറൽ എ ബിജു, മാനേജർ എ ഇന്ദു, ജീവനക്കാരായ പി സിന്ധു, ആർ മിനി, എം സുബിജ, വി എ ശ്രീജ, ബി ബിജേഷ്, കെ പി പ്രദീഷ്, എം കെ ബിജു, കെ പി ജിജിൽ, പി സുമേഷ് എന്നിവർ സംസാരിച്ചു.

## ഫ്രഷ് കട്ടിനെതിരായ സമരം കളക്ടറേറ്റിലേക്ക് വ്യാപിപ്പിക്കണം;ഇയ്യച്ചേരി കുഞ്ഞികൃഷ്ണൻ

**താമരശ്ശേരി** : ഫ്രഷ്കട്ട് കോഴിയറവ് മാലിന്യസംസ്കരണ പ്ലാന്റ് പൂട്ടണമെന്നാവശ്യപ്പെട്ട് സംഘടിപ്പിക്കുന്ന അനിശ്ചിതകാലസമരം കോഴിക്കോട് കളക്ടറേറ്റിലേക്ക് വ്യാപിപ്പിച്ച് ശക്തമാക്കണമെന്ന് മദ്യനിരോധനസമിതി സംസ്ഥാന പ്രസിഡന്റ് ഇയ്യച്ചേരി കുഞ്ഞികൃഷ്ണൻ. ഫ്രഷ്കട്ട് പ്ലാന്റ് പൂട്ടണമെന്നാവശ്യപ്പെട്ട് അമ്പലമുക്കിലെ സമരപ്പന്തലിൽ നടത്തിവരുന്ന അനിശ്ചിതകാല പ്രക്ഷോഭത്തിന്റെ ഒൻപതാം ദിനം നടന്ന സമരപരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. പ്രാണവായുവിന് വേണ്ടിയുള്ള സമരമാണ് ഫ്രഷ്കട്ടിനെതിരേ നാട്ടുകാർ നടത്തുന്നതെന്ന് ഇയ്യച്ചേരി കുഞ്ഞികൃഷ്ണൻ അഭിപ്രായപ്പെട്ടു. നാട് ഒന്നാകെ ആ സമരത്തിന് പിന്തുണയുമായി രംഗത്തിറങ്ങണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. സമരത്തിന് ഐക്യദാർഢ്യമർപ്പിച്ച് കാരാടി ബാർവിരുദ്ധ സമര മുന്നണിയുടെ നേതൃത്വത്തിൽ ഐക്യദാർഢ്യ പ്രഖ്യാപന പദയാത്ര നടത്തി. സമരപ്പന്തലിൽ നടന്ന യോഗം കേരള ലഹരി വിരുദ്ധസമിതി ചെയർമാൻ പപ്പൻ കന്നാട്ടി ഉദ്ഘാടനം ചെയ്തു. ബാലകൃഷ്ണൻ പുല്ലങ്ങോട് അധ്യക്ഷനായി.സലിം കാരാടി, തമ്പി പറകണ്ടത്തിൽ, കെ.കെ. റഷീദ്, അജിത് കുമാർ, ജാഫർ പപ്പി, കെ.പി. രാജൻ, ബാബുരാജൻ, ജെസ്സി തോമസ് എന്നിവർ സംസാരിച്ചു.



# ജില്ലാ പഞ്ചായത്തുകളിലെ സ്ഥാനാർഥിനിർണയം

**കൽപറ്റ** : തദ്ദേശതിരഞ്ഞെടുപ്പിന്റെ തീയതി നിശ്ചയിച്ച് നാലുനാളായെങ്കിലും സ്ഥാനാർഥി പ്രഖ്യാപനത്തോടടുക്കാതെ മുന്നണികൾ. ഗ്രാമപ്പഞ്ചായത്തുകളിൽ മിക്ക വാർഡുകളിലും സ്ഥാനാർഥിനിർണയവും പ്രഖ്യാപനവും പൂർത്തിയാക്കിയെങ്കിലും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലെ സ്ഥാനാർഥിപ്രഖ്യാപനം എങ്ങുമെത്തിയിട്ടില്ല. എൽഡിഎഫിലും എൻഡിഎയിലും സ്ഥാനാർഥിനിർണയം ഏകദേശ ധാരണയിലെത്തിയിട്ടുണ്ടെന്നാണ് സൂചന. സീറ്റ് വിഭജനം സംബന്ധിച്ച് അവ്യക്തതകൾ തുടരുന്നതാണ് യുഡിഎഫിനെ കുഴക്കുന്നത്. മുഴുവൻസീറ്റുകളിലും സ്ഥാനാർഥികളെ പ്രഖ്യാപിക്കാത്തതിന്റെ സമ്മർദം എൽഡിഎഫിനെയും എൻഡിഎയെയും വലയ്ക്കുന്നുണ്ട്. ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് ഡിവിഷനുകളിൽ ചിലതിൽ യുഡിഎഫിൽ അഭിപ്രായഭിന്നതകളുണ്ട്. കല്പറ്റ ബ്ലോക്ക് പഞ്ചായത്തിൽ സീറ്റ് വിഭജനം പൂർത്തിയാക്കിയത് യുഡിഎഫിന് ആശ്വാസംപകരുന്നുണ്ട്. കല്പറ്റ ബ്ലോക്കിൽ 16 ഡിവിഷനുകളിൽ ഒൻപതെണ്ണത്തിൽ കോൺഗ്രസും ഏഴ് സീറ്റുകളിൽ മുസ്‌ലിംലീഗും മത്സരിക്കാൻ ധാരണയായിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്ത് വാർഡുകളിലും ചിലതിൽ യുഡിഎഫ് അന്തിമതീരുമാനത്തിലെത്താനുണ്ട്. വ്യാഴാഴ്ച ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് ഡിവിഷനുകളിൽ തീരുമാനമാകുമെന്നാണ് സൂചന. ശേഷിക്കുന്ന ഗ്രാമപ്പഞ്ചായത്ത് വാർഡുകളിലും വ്യാഴാഴ്ച തീരുമാനമായേക്കും. ഗ്രാമപ്പഞ്ചായത്തുകളിലെ സ്ഥാനാർഥിനിർണയം എൽഡിഎഫിൽ പൂർത്തിയാവുകയാണ്. മിക്ക പഞ്ചായത്തുകളിലും സ്ഥാനാർഥികളെ നേരത്തേ പ്രഖ്യാപിച്ച് പ്രചാരണത്തിൽ എൽഡിഎഫ് മുന്നിലാണ്. ജില്ലാപഞ്ചായത്തിലേക്കുള്ള ഇടതുസ്ഥാനാർഥികളെ വെള്ളിയാഴ്ച പ്രഖ്യാപിക്കും. ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകളിലേക്കുള്ള സ്ഥാനാർഥിനിർണയവും അവസാനഘട്ടത്തിലാണ്. ബ്ലോക്ക് പഞ്ചായത്ത് സ്ഥാനാർഥിപ്രഖ്യാപനങ്ങളും വെള്ളിയാഴ്ചയ്ക്കകം നടക്കുമെന്നാണ് സൂചന.എൻഡിഎ ഇതിനോടകം ജില്ലയിൽ സീറ്റ് വിഭജനം പൂർത്തിയാക്കി സ്ഥാനാർഥിപ്രഖ്യാപനം ആരംഭിച്ചു. പഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലെ എല്ലാ ഡിവിഷനുകളിലും ഇത്തവണ എൻഡിഎ മത്സരിക്കുന്നുണ്ട്. പൂതാടി പഞ്ചായത്തിൽ മുഴുവൻസീറ്റുകളിലും സ്ഥാനാർഥികളെ ഇതിനകം പ്രഖ്യാപിച്ചുകഴിഞ്ഞ എൻഡിഎ പ്രചാരണത്തിൽ ഒരുപടിമുന്നിലാണ്. ബാക്കിയുള്ള പഞ്ചായത്തുകളിലും മുഴുവൻസീറ്റുകളിലും വ്യാഴാഴ്ചയോടെ സ്ഥാനാർഥിനിർണയം പൂർത്തിയാകും. കല്പറ്റ നഗരസഭയിലും സ്ഥാനാർഥിനിർണയം വ്യാഴാഴ്ച പൂർത്തിയായേക്കും.ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ വെള്ളിയാഴ്ചയോടെ സ്ഥാനാർഥികളെ പ്രഖ്യാപിക്കും. പനമരം പഞ്ചായത്തിലെ സ്ഥാനാർഥിനിർണയവും വെള്ളിയാഴ്ചയിലേക്ക് നീളാനാണ് സാധ്യത.

## കോൺഗ്രസ് മണ്ഡലം ജനറൽ സെക്രട്ടറി സിപിഎമ്മിൽ



**സുൽത്താൻബത്തേരി** : കോൺഗ്രസ് ബത്തേരി മുനിസിപ്പൽ മണ്ഡലം ജനറൽ സെക്രട്ടറിയും പ്രവാസി കോൺഗ്രസ് മണ്ഡലം സെക്രട്ടറിയുമായ ടി.ടി. ലൂക്കോസ് കോൺഗ്രസിൽനിന്ന് രാജിവെച്ച് സിപിഎമ്മിൽ ചേർന്നു. ഐ.സി. ബാലകൃഷ്ണൻ എംഎൽഎയും സംഘവും ചേർന്ന് കോൺഗ്രസിനെ തകർക്കുന്ന നിലപാടിൽ പ്രതിഷേധിച്ചാണ് രാജിയെന്ന് ലൂക്കോസ് പറഞ്ഞു. 19 വർഷമായി കോൺഗ്രസിന്റെ ജനറൽ സെക്രട്ടറിയായും ഒട്ടേറെ പോഷകസംഘടനകളുടെ ഭാരവാഹിയായും പ്രവർത്തിച്ചുവരുകയായിരുന്നു ലൂക്കോസ്. കഴിഞ്ഞ മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ 14-ാം ഡിവിഷനിൽ മത്സരിക്കാനിരുന്ന തനിക്ക് പാർട്ടി നൽകിയ വാഗ്ദാനങ്ങളൊന്നും പാലിക്കപ്പെട്ടില്ലെന്നും അവഗണന മാത്രമാണുണ്ടായതെന്നും ലൂക്കോസ് പറഞ്ഞു. മത്സരിക്കാനില്ലെന്നും പൊതുരംഗത്ത് പ്രവർത്തനം തുടരണമെന്ന് ആഗ്രഹിക്കുന്നതായും ലൂക്കോസ് പറഞ്ഞു. സിപിഎം ഓഫീസിൽ ബത്തേരി ഏരിയാ സെക്രട്ടറി പി.ആർ. ജയപ്രകാശ് പാർട്ടി പതാക നൽകി ലൂക്കോസിനെ സ്വീകരിച്ചു. ടി.കെ. രമേശ്, ലിജോ ജോണി, കെ.സി. യോഹന്നാൻ, ടി.കെ. ശ്രീജൻ തുടങ്ങിയവർ പങ്കെടുത്തു.

## അഭിമാനതാരങ്ങൾക്ക് ഉജ്ജ്വലസ്വീകരണം



**കൽപറ്റ** : വിവിധ കായിക മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെച്ച് വയനാടിന് അഭിമാനമായ താരങ്ങൾക്ക് ജില്ലാ അത്‌ലറ്റിക്സ് അസോസിയേഷന്റെ സ്വീകരണം. കായികതാരങ്ങളെ അണിനിരത്തി കല്പറ്റ പഴയ ബസ് സ്റ്റാൻഡിൽനിന്ന് പുതിയ ബസ് സ്റ്റാൻഡിലേക്ക് ഘോഷയാത്രയും നടത്തി. സംസ്ഥാതല ജൂനിയർ അത്‌ലറ്റിക്സ് മീറ്റ്, സംസ്ഥാന സ്കൂൾ ഒളിമ്പിക്സ് അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പ് എന്നിവയിലെ താരങ്ങളും സംസ്ഥാന മാസ്റ്റേഴ്സ് അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ കിരീടം ചൂടിയ വയനാട് ടീമംഗങ്ങളും ഘോഷയാത്രയിൽ അണിനിരന്നു. സൗത്ത് ഏഷ്യൻ സീനിയർ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ വെള്ളിമെഡൽ നേടിയ റിലേ ടീം അംഗം എഡ്വിൻ മാത്യുവിനെയും കായികപരിശീലകരായ ഷിജിൻ തിരൂർ, കെ.വി. സജി, ടി. താലിബ്, ആർ.എസ്. മിഥുൻ, പി.വി. ബിബിനേഷ്, വി. സത്യൻ, സിജോ ജോണി, എം. ജ്യോതികുമാർ എന്നിവരെയും അനുമോദിച്ചു. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന അനുമോദനയോഗം ജില്ലാ പോലീസ് മേധാവി തപോഷ് ബസുമതാരി ഉദ്ഘാടനംചെയ്തു. ജില്ലാ അത്‌ലറ്റിക്സ് അസോസിയേഷൻ പ്രസിഡന്റ് സി.പി. സജി ചങ്ങനാമഠത്തിൽ അധ്യക്ഷത വഹിച്ചു. ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് കെ.എം. ഫ്രാൻസിസ് മുഖ്യാതിഥിയായി. സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റ് കെ.പി. വിജയ്, ജില്ലാ ഒളിമ്പിക്സ് അസോസിയേഷൻ സെക്രട്ടറി സലീം കടവൻ, അത്‌ലറ്റിക്സ് അസോസിയേഷൻ സെക്രട്ടറി ലൂക്കാ ഫ്രാൻസിസ്, പി.കെ. അയൂബ്, എ.ഡി. ജോൺ, സജീഷ് മാത്യു, സുനിൽ പുല്പള്ളി, വി.വി. യോയാക്കി തുടങ്ങിയവർ സംസാരിച്ചു.

## ദേശീയ സാഹസിക ക്ലബ് ചലഞ്ചിൽ വയനാട് ജീപ്പേഴ്സിന് കിരീടം

**കൽപ്പറ്റ** :മഹീന്ദ്ര ആൻഡ് മഹീന്ദ്ര ഗോവയിൽ സംഘടിപ്പിച്ച ദേശീയ സാഹസിക ക്ലബ് ചലഞ്ചിൽ വയനാട് ജീപ്പേഴ്സിന് കിരീടം. 5 ലക്ഷം രൂപയാണ് സമ്മാനം. രാജ്യത്തെ പ്രമുഖ ഓഫ് റോഡിങ് ക്ലബ്ബുകളെ പിന്തള്ളിയാണ് വയനാട് ജീപ്പേഴ്സിന്റെ തുടർച്ചയായുള്ള രണ്ടാം കിരീടനേട്ടം. വിപിൻ വർഗീസ്, പി സൈഫുദ്ദീൻ, സിലൻ വർഗീസ്, രാജീവ് ലാൽ എന്നിവരാണ് മത്സരത്തിനിറങ്ങിയത്. കേരളത്തിനുപുറമേ ബംഗളൂരു, ന്യൂഡൽഹി, ഗോവ എന്നിവിടങ്ങളിൽ നിന്നുള്ള പ്രമുഖ ക്ലബ്ബുകളാണ് മത്സരത്തിനെത്തിയത്. ഗോവയിലെ ഡോണാപ്പോളയിലെ രാജ്യാന്തര നിലവാരത്തിലുള്ള ട്രാക്കിലായിരുന്നു മത്സരം. ഓഫ് റോഡ് മേഖലയിൽ രാജ്യത്തെ ഏറ്റവും വലിയ ക്ലബ് ചാമ്പ്യൻഷിപ്പുകളിൽ ഒന്നാണിത്. വിജയികൾക്ക് വാദ്യമേളങ്ങളുടെ അകമ്പടിയോടെ കൽപ്പറ്റയിൽ ഉജ്ജ്വല സ്വീകരണം നൽകി. സിപിഐ എം ഏരിയാ സെക്രട്ടറി വി ഹാരിസ്, കൽപ്പറ്റ നഗരസഭാധ്യക്ഷൻ പി വിനോദ്കുമാർ, നഗരസഭാ കൗൺസിലർ കുഞ്ഞൂട്ടി, ഷൈജൽ കുന്നത്ത്, വയനാട് ജീപ്പേഴ്സ് ക്ലബ് സെക്രട്ടറി ഷിനോജ് ആയങ്കൽ, ട്രഷറർ അഫ്സൽ കളത്തിങ്കൽ, അബിൻ ബാബ് സ് എബ്രഹാം എന്നിവർ സംസാരിച്ചു.



## ദേശീയ മന്തുരോഗ ദിനാചരണം

**കണ്ണൂർ:** ദേശീയ മന്ത് രോഗ ദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. പി.കെ അനിൽകുമാർ നിർവഹിച്ചു. ചിറക്കൽ കുടുംബരോഗ്യ കേന്ദ്രത്തിൽ നടന്ന പരിപാടിയിൽ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ കെ.സി സച്ചിൻ അധ്യക്ഷനായി. ജില്ലാ വെക്ടർ ബോൺ ഡിസീസ് കൺട്രോൾ ഓഫീസർ ഡോ. കെ കെ ഷിനി മന്തു രോഗത്തിന്റെ വ്യാപനം, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്ന വിഷയത്തിൽ ക്ലാസെടുത്തു. ജില്ലയിൽ നിലവിൽ 883 രോഗികളാണ് ആരോഗ്യ വകുപ്പിന്റെ കണക്കു പ്രകാരം മന്ത് രോഗബാധിതർ. അതിൽ 290 രോഗികൾ കണ്ണൂർ മുനിസിപ്പൽ കോർപറേഷൻ പരിധിയിലാണുള്ളത്.ആരോഗ്യ വകുപ്പ് ഡെപ്യൂട്ടി എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ ടി. സുധീഷ്, ടെക്നിക്കൽ അസിസ്റ്റന്റ് കെ.ജി ഗോപിനാഥൻ, ബയോളജിസ്റ്റ് സി.പി രമേശൻ, എപ്പിഡെമിയോളജിസ്റ്റ് ഡോ. അഖിൽ രാജ് എന്നിവർ സംസാരിച്ചു.

## തിരഞ്ഞെടുപ്പിൽ മട്ടന്നൂർ

കണ്ണൂർ: സംസ്ഥാനത്തെ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ തിരഞ്ഞെടുപ്പ് നടക്കുമ്പോൾ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭ അതിനൊപ്പമില്ല. അവിടെ തദ്ദേശ പൊതുതിരഞ്ഞെടുപ്പിന് ശേഷമാണ് ഇലക്ഷൻ നടക്കാറുള്ളത്. മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ 2020ൽ തിരഞ്ഞെടുപ്പ് നടന്നപ്പോൾ മട്ടന്നൂരിൽ നടന്നത് 2022ൽ. 2027 സെപ്തംബർ വരെ കാലാവധിയുണ്ട്. അതു കഴിഞ്ഞശേഷമാകും ഇവിടെ തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുക. 1990 മുതൽ വർഷങ്ങളോളം നീണ്ടുനിന്ന നിയമപ്രശ്നമാണ് മട്ടന്നൂരിനെ ഇത്തരത്തിൽ വേറിട്ടു നിറുത്തുന്നത്. 1962ൽ പഴശ്ശി, പൊറോറ, കോളാരി പഞ്ചായത്തുകളെ സംയോജിപ്പിച്ചാണ് മട്ടന്നൂർ പഞ്ചായത്ത് രൂപവത്കരിച്ചത്. 1990ൽ ഇ.കെ.നായനാർ സർക്കാർ മട്ടന്നൂരിനെ നഗരസഭയാക്കി. തുടർന്നു വന്ന കെ.കരുണാകരൻ സർക്കാർ അത് റദ്ദാക്കി വീണ്ടും ഗ്രാമപഞ്ചായത്താക്കി. തുടർന്നുള്ള നിയമപോരാട്ടത്തിൽ 1996വരെ പഞ്ചായത്തും നഗരസഭയും അല്ലാത്ത വിധം അനിശ്ചിതത്വത്തിൽ തുടർന്നു. 1996ൽ എൽ.ഡി.എഫ് അധികാരത്തിൽ വന്നപ്പോൾ വീണ്ടും നഗരസഭയാക്കി. തുടർന്ന് 1997ൽ മട്ടന്നൂർ നഗരസഭയിലേക്ക് ആദ്യ തിരഞ്ഞെടുപ്പ് നടന്നു. അതിന് അനുസൃതമായി കാലാവധി പൂർത്തിയാകുന്ന മുറയ്ക്കാണ് തുടർന്നുള്ള തിരഞ്ഞെടുപ്പുകൾ പ്രഖ്യാപിക്കുന്നത്. 2022ലെ തിരഞ്ഞെടുപ്പിൽ 35 വാർഡുകളിൽ എൽ.ഡി.എഫ് 21 സീറ്റും യു.ഡി.എഫ് 14 സീറ്റും നേടി

## പ്ലാസ്റ്റിക് കത്തിച്ചാൽ പൊലീസിനും പിഴ

**കണ്ണൂർ:** പൊലീസ് മൈതാനിയിൽ പ്ലാസ്റ്റിക് കത്തിച്ചു. പൊലീസിന് 5000 രൂപ പിഴ ചുമത്തി ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ്. കഴിഞ്ഞ ദിവസമാണ് പൊലീസ് മൈതാനിയിൽ വൻതോതിൽ പ്ലാസ്റ്റിക് കത്തിക്കുന്ന ദൃശ്യമടക്കം പരാതി '9446 700 800' നമ്പറിൽ ലഭിച്ചത്. കണ്ണൂർ ടൗൺ സ്ക്വയറിന് സമീപമുള്ള ഇൻഡോർ സ്റ്റേഡിയം പരിസരത്ത് പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യം കൂട്ടിയിട്ട് കത്തിച്ചതായി സ്ക്വാഡ് കണ്ടെത്തി. ഹരിത കർമ്മ സേനയ്ക്ക് നൽകി പുനഃചംക്രമണം ചെയ്യാവുന്ന പ്ലാസ്റ്റിക് ഉൾപ്പെടെ കത്തിച്ചവയിലുണ്ട്. പൊലീസ് ഉദ്യോഗസ്ഥർക്കെതിരെ പിഴ ചുമത്തി നടപടി സ്വീകരിക്കാൻ ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ് കോർപ്പറേഷന് നിർദേശം നൽകി. മാലിന്യം വലിച്ചെറിയൽ, കത്തിക്കൽ, നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ വിൽപ്പനയും ഉപയോഗവും എന്നിവ സംബന്ധിച്ച പരാതികൾ പൊതുജനങ്ങൾക്ക് 9446 700 800 എന്ന നമ്പറിലേക്ക് വാട്സ്ആപ്പ് ചെയ്യാം.

# മുഖംനഷ്ടപ്പെട്ട് യുഡിഎഫ്

**കണ്ണൂർ :**അഞ്ചുവർഷത്തെ അഴിമതിക്കഥകളും സീറ്റിനായുള്ള കോൺഗ്രസിലെ അടിയും സീറ്റുചർച്ചയിൽ ലീഗുമായുള്ള തർക്കവുംകൂടിയായതോടെ പ്രതിസന്ധിയിൽ മുങ്ങുകയാണ് കണ്ണൂർ കോർപ്പറേഷനിൽ യുഡിഎഫ്. നഗരത്തിൽ ഒരു ഭരണനേട്ടവും ഉയർത്തിക്കാണിക്കാനില്ലാത്തതും യുഡിഎഫിന് തിരിച്ചടിയാകും. അഴിമതിയിൽ മുങ്ങിയ കോർപ്പറേഷനിലെ യുഡിഎഫ് ഭരണത്തെ തൂത്തെറിയാനുള്ള തയ്യാറെടുപ്പിലാണ് ജനങ്ങൾ. ആദ്യടേമിൽ കോൺഗ്രസ് നടത്തിയ വെട്ടിപ്പിനെ കടത്തിവെട്ടുന്നതാണ് രണ്ടാംടേമിലെ ലീഗ് മേയറുടെ തീവെട്ടിക്കൊള്ള. കോർപ്പറേഷനിൽ ഭരണത്തിലെത്തിയതുമുതൽ തർക്കവും തമ്മിലടിയും തുടങ്ങിയിരുന്നു. യുഡിഎഫിന് ഭരണം കിട്ടിയതോടെ മൂന്നുപേരായിരുന്നു മേയർ സ്ഥാനത്തേക്ക്. ഡിസിസി പ്രസിഡന്റ് മാർട്ടിൻ ജോർജും ടി ഒ മോഹനനും പി കെ രാഗേഷും. ജയിച്ചാൽ മേയർ സ്ഥാനം വാഗ്ദാനം ചെയ്താണ് ഇടഞ്ഞുനിന്ന പി കെ രാഗേഷിനെ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് ഒപ്പം കൂട്ടിയത്. മേയർ സ്ഥാനത്തിന് മറ്റു രണ്ടുപേരും അവകാശവാദം ഉന്നയിച്ചതോടെ കലാപമായി. മാർട്ടിൻ ജോർജിനെ നേതൃത്വം ഇടപെട്ട് പിൻമാറ്റിച്ചതോടെ ടി ഒ മോഹനനും പി കെ രാഗേഷും തമ്മിലായി മത്സരം. ഒടുവിൽ രഹസ്യവോട്ടെടുപ്പ് നടത്തിയാണ് ടി ഒ മോഹനനെ മേയറാക്കിയത്. ഈ വോട്ടെടുപ്പ് ചിലർ അട്ടിമറിച്ചതാണെന്നും പിന്നീട് ആരോപണമുയർന്നു. മേയർസ്ഥാനം രണ്ടരവർഷം കോൺഗ്രസിനും പിന്നീട് മുസ്ലിം ലീഗിനുമെന്നായിരുന്നു യുഡിഎഫിലെ ധാരണ. രണ്ടരവർഷം കഴിഞ്ഞും മേയർസ്ഥാനം കൈമാറാത്തതിനെത്തുടർന്ന് യുഡിഎഫിൽ പൊട്ടിത്തെറിയുണ്ടായി.



ലീഗ് അന്ത്യശാസനം നൽകിയിട്ടും വിട്ടുനൽകാൻ കോൺഗ്രസ് തയ്യാറായില്ല. കോർപ്പറേഷന്റെ പരിപാടികൾ ബഹിഷ്കരിക്കുന്നതടക്കമുള്ള കടുത്ത നടപടികളിലേക്കും ലീഗ് നീങ്ങി. പ്രതിപക്ഷ നേതാവ് വി ഡി സതീശന്റെ പരിപാടി ബഹിഷ്കരിക്കുന്നതിലേക്കെത്തിയതോടെ നേതൃത്വം ഇടപെട്ടു. മേയർസ്ഥാനം കൈമാറുമെന്ന് വി ഡി സതീശൻ ഉറപ്പുനൽകിയതോടെ ബഹിഷ്കരണം പിൻവലിച്ചെങ്കിലും ഉറപ്പുപാലിച്ചില്ല. മൂന്നുവർഷം കഴിഞ്ഞാണ് പിന്നീട് ലീഗിന് മേയർ സ്ഥാനം ലഭിച്ചത്. കഴിഞ്ഞ അഞ്ചുവർഷവും അഴിമതിയും യുഡിഎഫ് ഭരണസമിതി മുഖമുദ്രയാക്കി. ചേലോറയിലെ മാലിന്യസംസ്കരണത്തിന് കരാറെടുത്ത കമ്പനിയുമായി ചേർന്ന് 1.77 കോടി രൂപ തട്ടിയതായി സിഎജിയാണ് കണ്ടെത്തിയത്. പയ്യാമ്പലത്തെ വാതക ശ്മശാനം നിർമാണത്തിലും സ്കൂളുകൾക്ക് വാട്ടർ പ്യൂരിഫയർ നൽകിയതിലും പടന്നപ്പാലത്തെ മലിനജല സംസ്കരണ പ്ലാന്റ് നിർമാണത്തിലും കെട്ടിടങ്ങളിൽനിന്ന് വാടക ഈടാക്കുന്നതിലുമെല്ലാം ക്രമക്കേടുകൾ കണ്ടെത്തി. ക്രമക്കേടിനെത്തുടർന്ന് മരക്കാർകണ്ടി പ്ലാന്റിന്റെ ടെൻഡർപോലും റദ്ദാക്കി. ലീഗ് രണ്ട് സീറ്റ് കൂടുതൽ ചോദിച്ചതോടെ ഇക്കുറിയും കോൺഗ്രസുമായി തർക്കം തുടങ്ങിയിട്ടുണ്ട്. കോൺഗ്രസിന്റെ നിഷേധ നിലപാടിനെത്തുടർന്ന് ആദ്യ ചർച്ചയിൽ ലീഗിന് ഇറങ്ങിപ്പോകേണ്ടി വന്നു. കഴിഞ്ഞതവണ സംഘർഷത്തിലേക്കുവരെയെത്തിയ സീറ്റ് ചർച്ച ഇക്കുറി എന്താകുമെന്നതാണ് ജനങ്ങൾ ഉറ്റുനോക്കുന്നത്.

## തലശേരി അമ്മയും കുഞ്ഞും ആശുപത്രിപുതുവർഷ സമ്മാനമാകും

**തലശേരി :**കണ്ടിക്കലിലെ നിർദിഷ്ട അമ്മയും കുഞ്ഞും ആശുപത്രി എൽഡിഎഫ് സർക്കാർ തലശേരിക്ക് സമർപ്പിക്കുന്ന പുതുവർഷ സമ്മാനമാകും. ഏഴുനില കെട്ടിടത്തിന്റെ പ്രവൃത്തി അതിവേഗം പുരോഗമിക്കുകയാണ്. തേപ്പും തറയിൽ ടൈൽ വിരിക്കലും പ്ലംബിങ്ങും വയറിങ്ങും അവസാനഘട്ടത്തിലാണ്. 60.84 കോടി രൂപ ചെലവിലാണ് അമ്മയും കുഞ്ഞും ആശുപത്രി പണിയുന്നത്. 1,16,560 സ്ക്വയർ ഫീറ്റ് വിസ്തൃതിയിലാണ് കെട്ടിടം. ഊരാളുങ്കൽ സൊസൈറ്റിക്കാണ് കരാർ. ആശുപത്രിക്കാവശ്യമായ ബെഡിനും ഫർണിച്ചറിനും മറ്റുമുള്ള പ്രപ്പോസലും സർക്കാറിന് സമർപ്പിച്ചിട്ടുണ്ട്. സ്പീക്കർ എ എൻ ഷംസീറിന്റെ സാന്നിധ്യത്തിൽ കഴിഞ്ഞമാസം അവലോകന യോഗം ചേർന്നിരുന്നു. സ്പെഷ്യൽ ഓഫീസർ ഡോ. സി പി ബിജോയിയും പൊതുമരാമത്ത് വകുപ്പിന്റെയും ഊരാളുങ്കൽ സൊസൈറ്റിയുടെയും പ്രതിനിധികളും പങ്കെടുത്ത യോഗം നിർമാണ പുരോഗതി വിലയിരുത്തി. നിശ്ചയിച്ച സമയപരിധിക്കുമുന്പ് നിർമാണം പൂർത്തിയാക്കാനുള്ള തീവ്രശ്രമത്തിലാണ് കരാറുകാർ. 2021 ഫെബ്രുവരി 20ന് മുൻ ആരോഗ്യമന്ത്രി കെ കെ ശൈലജയാണ് പ്രവൃത്തി ഉദ്ഘാടനം ചെയ്തത്. കോടിയേരി ബാലകൃഷ്ണന്റെ



നേതൃത്വത്തിൽ ജനകീയമായി ഫണ്ട് സമാഹരിച്ചാണ് അമ്മയും കുഞ്ഞും ആശുപത്രിക്ക് സ്ഥലമെടുത്തത്.കോടിയേരി മോഡൽ ?വികസനം വികസനത്തിന്റെ കോടിയേരി മോഡലെന്നാണ് -അമ്മയും കുഞ്ഞും ആശുപത്രി സ്ഥലമെടുപ്പിനുള്ള ജനകീയ കൂട്ടായ്മയെ മാധ്യമങ്ങൾ വിശേഷിപ്പിച്ചത്. ആശുപത്രി സ്ഥലമെടുപ്പിനായി രാഷ്ട്രീയഭേദമില്ലാതെ എല്ലാവരെയും കൂട്ടിയോജിപ്പിച്ച് മുൻമന്ത്രി കോടിയേരി ബാലകൃഷ്ണന്റെ നേതൃത്വത്തിൽ നടത്തിയ ജനകീയ ഫണ്ട് സമാഹരണത്തിലാണ് ആശുപത്രിക്ക് സ്ഥലമെടുത്തത്. ഒറ്റദിവസം കൊണ്ട് 1.69 കോടി രൂപ ശേഖരിച്ചു. ആകെ 3.5 കോടി രൂപ സമാഹരിച്ചാണ് അമ്മയും കുഞ്ഞും ആശുപത്രിക്കായി കണ്ടിക്കലിൽ 2.52 ഏക്കർ സ്ഥലം ഏറ്റെടുത്തത്. കിഫ്ബി -ഫണ്ട് ഉപയോഗിച്ചാണ് ആശുപത്രി നിർമാണം. കണ്ടിക്കലിൽ തലശേരിമാഹി ബൈപ്പാസിനരികിലാണ് ആശുപത്രി.





## ശിശുദിനാഘോഷം : നവംബർ 14ന് ശിശുദിന റാലിയും വിദ്യാർത്ഥികളുടെ പൊതുസഭയും വിദ്യാനഗറിൽ

ജില്ലാ ഭരണകൂടം , വിദ്യാഭ്യാസ വകുപ്പ് , വനിതാ ശിശു വികസന വകുപ്പ് എന്നിവയുടെ സഹകരണത്തോടെ ജില്ലാ ശിശുക്ഷേമ സമിതി സംഘടിപ്പിക്കുന്ന ശിശുദിന റാലിയും വിദ്യാർത്ഥികളുടെ പൊതുസഭയും നവംബർ 14ന് വിദ്യാനഗർ സൺറൈസ് പാർക്കിൽ കുട്ടികളുടെ പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ട ഖദീജത്ത് ഹസ്വ ഉഘാടനം ചെയ്യും. കുട്ടികളുടെ പ്രസിഡന്റ് കുമാരി പ്രണമ്യ കെ.എസ് അധ്യക്ഷത വഹിക്കും. കുട്ടികളുടെ പ്രതിപക്ഷ നേതാവ് വേദ നായർ.പി മുഖ്യപ്രഭാഷണം നടത്തും. കുട്ടികളുടെ സ്പീക്കർ കുമാരി ശ്രീനന്ദ കെ സ്വാഗതവും, കുട്ടികളുടെ പ്രതിനിധി ദിൽഷ പി നന്ദിയും പറയും.ജില്ലാ കലക്ടർ കെ ഇമ്പശേഖർ ശിശുദിന സന്ദേശം നൽകും തദ്ദേശസ്വയംഭരണ വകുപ്പ് ജോ. ഡയറക്ടർ ഷൈനി.ആർ, ഡി.ഡി.ഇ മധുസൂദനൻ ടി.വി, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എം.മധുസൂദനൻ , ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ ഷൈനിഐസക് , ജില്ലാ വനിതാ ശിശു വികസന ഓഫീസർ അഫ്സത്ത് ടി.വി ആക്ടിവിസ്റ്റ് മൃദുല ബായ് മണ്ണൂർ ശിശുക്ഷേമ സമിതി ജില്ലാ സെക്രട്ടറി ടി എം.എ കരീം, സിവി ഗിരീഷൻ, ജയൻ കാടകം എന്നിവർ സംസാരിക്കും.

## പൊതുതിരഞ്ഞെടുപ്പ്; പ്രചാരണം പരിശോധിക്കാൻ ആന്റി ഡിഫെയ്സ്മെന്റ് സ്ക്വാഡ് രൂപീകരിക്കും

**കാസർകോട് :**പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വിവിധ രാഷ്ട്രീയ കക്ഷികളും സ്ഥാനാർത്ഥികളും നടത്തുന്ന തിരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങൾ നിയമപരമാണോയെന്ന് പരിശോധിച്ച് വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ആന്റി ഡിഫെയ്സ്മെന്റ് സ്ക്വാഡ് രൂപീകരിക്കാൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. സ്ക്വാഡിന്റെ പ്രവർത്തനങ്ങൾക്ക് കമ്മീഷൻ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുത്തരവായി. ജില്ലാ തലത്തിൽ വരണാധികാരിയുടെ ചുമതലയില്ലാത്ത അസിസ്റ്റന്റ് കളക്ടർ, സബ് കളക്ടർ, ഡെപ്യൂട്ടി കളക്ടറിന്റെ നേതൃത്വത്തിൽ ഒരു സ്ക്വാഡും താലൂക്ക് തലത്തിൽ തഹസിൽദാർ, ഗസറ്റഡ് റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഒരു സ്ക്വാഡും രൂപീകരിക്കാനാണ് നിർദ്ദേശം.നോട്ടീസുകൾ, ബാനറുകൾ, ബോർഡുകൾ പോസ്റ്ററുകൾ ചുവരെഴുത്തുകൾ, മൈക്ക് അനൗൺസ്മെന്റ്, പൊതുയോഗങ്ങൾ മീറ്റിംഗുകൾ, മറ്റ് സാമൂഹ്യ മാധ്യമങ്ങൾ മുഖേനയുള്ള പ്രചാരണ പരിപാടികൾ എന്നിവയുടെ നിയമ സാധുത സ്ക്വാഡ് പരിശോധിക്കും. നോട്ടീസും ലഘുലേഖയും പ്രസിദ്ധീകരിക്കുന്നതും കമാനങ്ങൾ സ്ഥാപിക്കുന്നതും സംബന്ധിച്ച് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് തുടർനടപടി സ്വീകരിക്കും.

പ്ലാസ്റ്റിക്, ഫ്ലക്സ് മുതലായവയുടെ ഉപയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയ



കമ്മീഷന്റെ ഉത്തരവ്പ്രകാരം തിരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങളിൽ ഹരിതചട്ടം പാലിക്കുന്നുണ്ടോയെന്നും സ്ക്വാഡ് പരിശോധിക്കുകയും ലംഘനം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യും.

നിയമപരമല്ലാത്ത പ്രചാരണപരിപാടികൾ ഉടൻ നിർത്തി വയ്പ്പിക്കും. അനധികൃതമായോ നിയമപരമല്ലാതയോ സ്ഥാപിച്ചിട്ടുള്ള നോട്ടീസുകൾ, ബാനറുകൾ, ചുവരെഴുത്തുകൾ, പോസ്റ്ററുകൾ, ബോർഡുകൾ എന്നിവ നീക്കം ചെയ്യാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകും. ഇപ്രകാരമുള്ള നിർദ്ദേശം പാലിക്കുന്നില്ലെങ്കിൽ അവ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും അതിന്റെ ചെലവ് ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യും. അനധികൃതമായതും അനുവദനീയ രീതിയിലല്ലാത്തതുമായ മൈക്ക് അനൗൺസ്മെന്റുകൾ നിർത്തിവയ്പ്പിക്കുന്നതാണ്.അനുമതിയില്ലാതെയും പൊതുവഴി കൈയ്യേറിയും കാൽനടയാത്രക്കാർക്കും. വാഹനങ്ങൾ കടന്നുപോകുന്നതിനും തടസ്സമുണ്ടാകുന്ന രീതിയിലും സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ, കമാനങ്ങൾ, ബാനറുകൾ എന്നിവ എടുത്തുമാറ്റുന്നതിന് അത് സ്ഥാപിച്ചവരോട് ആവശ്യപ്പെടും. എടുത്തുമാറ്റുന്നില്ലെങ്കിൽ തദ്ദേശസ്ഥാപന സെക്രട്ടറിമാർക്ക് അവ എടുത്തുമാറ്റി നിയമപരമായ തുടർനടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകും. നിയമപരമല്ലാത്ത പ്രചാരണപരിപാടികളും, അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ കമാനങ്ങൾ, പോസ്റ്ററുകൾ എന്നിവ സ്ഥാപിച്ചവയ്ക്കെതിരെ പൊതുജനം അറിയിക്കുന്ന പരാതികളും സ്ക്വാഡ് പ്രത്യേകമായി പരിശോധിച്ചു നടപടി സ്വീകരിക്കും.

## സ്പെഷ്യൽ ഇന്റൻസീവ് റിവിഷൻ; ഫോറം വിതരണത്തിൽ കാസർകോട് ഒന്നാമത്

സ്പെഷ്യൽ ഇന്റൻസീവ് റിവിഷൻ എന്യൂമറേഷൻ ഫോറം വിതരണത്തിൽ കാസർകോട് ജില്ല സംസ്ഥാന തലത്തിൽ ഒന്നാമത്. നിലവിൽ ഇത് വരെ 70.08 ശതമാനം ഫോമുകൾവിതരണം ചെയ്തു. 7,55,612 ഫോമുകളാണ് വിതരണം ചെയ്തത്. 10,78,250 ഫോമുകളാണ് ആകെ വിതരണം ചെയ്യേണ്ടത്. സ്പെഷ്യൽ ഇന്റൻസീവ് റിവിഷനുമായി ബന്ധപ്പെട്ട പ്രാഥമിക പ്രവർത്തനങ്ങൾ നവംബർ നാല് മുതൽ ഡിസംബർ നാല് വരെ നീണ്ട് നിൽക്കും. ആദ്യഘട്ടം എന്ന നിലയിൽ ബൂത്ത് ലെവൽ ഓഫീസർമാർ വീടുതോറും കയറി എന്യൂമറേഷൻ ഫോം വിതരണം ചെയ്തു വരികയാണ്. ഫോറം വിതരണത്തിൽ കഴിഞ്ഞ ഒൻപത് ദിവസങ്ങളിലും കാസർകോട് ജില്ലയാണ് സംസ്ഥാനതലത്തിൽ മുൻപന്തിയിൽ തന്നെയായിരുന്നു.മഞ്ചേശ്വരം മണ്ഡലത്തിൽ 66.43 ശതമാനം (1,50,960) ഫോമുകൾ വിതരണം ചെയ്തു. കാസർകോട് മണ്ഡലത്തിൽ 70.65 ശതമാനം (1,45,633) ഫോമുകൾ വിതരണം ചെയ്തു. ഉദുമ മണ്ഡലത്തിൽ 66.26 ശതമാനം (1,45,363) ഫോമുകൾ വിതരണം ചെയ്തു. കാഞ്ഞങ്ങാട് മണ്ഡലത്തിൽ 67.12 ശതമാനം (1,48,547) ഫോമുകൾ വിതരണം ചെയ്തു. തൃക്കരിപ്പൂർ മണ്ഡലത്തിൽ 80.86 ശതമാനം (1,65,109) ഫോമുകൾ വിതരണം ചെയ്തു. സംസ്ഥാന തലത്തിൽ തൃക്കരിപ്പൂർ മണ്ഡലമാണ് ഒന്നാം സ്ഥാനത്ത് നില




ൽക്കുന്നത്.പരിപാടിയുടെ ഭാഗമായി സമയബന്ധിതമായ നടപടികൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടത്തിയിരുന്നു.ജില്ലാ തലത്തിൽ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായ ജില്ലാ കളക്ടറുടെ നേതൃത്വത്തിലും നിയമസഭാ മണ്ഡലം തലത്തിൽ ഇലക്ടറൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥരായ ഡപ്യൂട്ടി കളക്ടർമാരുടേ നേതൃത്വത്തിലും രാഷ്ട്രീയ പാർട്ടികളുടെ യോഗം നടത്തി . തുടർന്ന് ബൂത്തുതല ഉദ്യോഗസ്ഥർക്ക് പരിശീലനം പൂർത്തിയാക്കി. ബിഎൽഒ ബി എൽ എ പരിശീലനം വിജയകരമായി പൂർത്തിയാക്കി. ബൂത്ത് തലങ്ങളിൽ 1884 ബൂത്ത് ലെവൽ ഏജന്റുമാർ പരിശീലന പരിപാടിയിൽ പങ്കെടുത്തു.'ജനാധിപത്യം ഉറങ്ങുന്നില്ല' പദ്ധതിയുടെ ഭാഗമായി ബൂത്ത് ലെവൽ ഓഫീസർമാർ രാത്രിയിലും വോട്ടർമാരെ കണ്ടു എന്യുമറേഷൻ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കേരള ചീഫ് ഇലക്ടറൽ ഓഫീസറുടെ അഭിനന്ദനങ്ങൾ ഇക്കാര്യത്തിൽ ജില്ലയ്ക്ക് ലഭിച്ചിട്ടുണ്ട്. എന്യൂമറേഷൻ ഫോം വിതരണ പുരോഗതി വിലയിരുത്തുന്നതിനായി എല്ലാ ദിവസവും ജില്ലാ കളക്ടർ ബൂത്ത് ലെവൽ സൂപ്പർവൈസർമാരുമായി യോഗം ചേരാറുണ്ട്.എന്യുമറേഷൻ ഫോം വിതരണം ചെയ്യുന്നതിന് ആത്മാർത്ഥമായി പ്രവർത്തിക്കുന്ന ബൂത്തുതല ഉദ്യോഗസ്ഥരെ ജില്ലാ കളക്ടർ കെ ഇമ്പശേഖർ അഭിനന്ദിച്ചു. ബി എൽ ഓമാരുടെ പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുന്ന തരത്തിലുള്ള മാധ്യമ വാർത്തകൾ വാസ്തവ വിരുദ്ധമാണ്. പ്രത്യേക തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൽ എല്ലാവരുടേയും സഹകരണം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചു.

## യുഡിഎഫ് ഉറക്കം നടിച്ചു എംഎൽഎ ഫണ്ടിൽ പുല്ലൂർ പെരിയയിൽ 150 കോടിയുടെ പദ്ധതികൾ


**കാസർകോട്** പെരിയ അഞ്ചുവർഷക്കാലം പുല്ലൂർ പെരിയ പഞ്ചായത്ത് ഭരണസമിതി ഉറക്കം തൂങ്ങിയപ്പോൾ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ എംഎൽഎയുടെ ഫണ്ട് വഴി നടപ്പിലാക്കിയത് 150 കോടി രൂപയുടെ പദ്ധതികൾ. കൊടവലം പാലത്തിന്റെ നിർമാണ പ്രവൃത്തി അന്തിമഘട്ടത്തിലാണ്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്താണ് റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി പുല്ലൂർ വില്ലേജിലെ കൊടവലം തോടിന് കുറുകെയുള്ള പാലം നിർമാണത്തിന് അനുമതിയായത്. ഇതിനായി അന്നത്തെ ഉദുമ എംഎൽഎ കെ കുഞ്ഞിരാമന്റെ ആസ്തി വികസനഫണ്ടിൽനിന്ന് മൂന്നുകോടിയാണ് അനുവദിച്ചത്. സി എച്ച് കുഞ്ഞമ്പു എംഎൽഎ ആയതോടെ നിർമാണത്തിനാവശ്യമായ തുടർപ്രവർത്തനങ്ങൾ തുടങ്ങി. എസ്റ്റിമേറ്റും ഡിപിആറും തയ്യാറാക്കാൻ ഏജൻസിയെ ഏൽപ്പിച്ചെങ്കിലും കാലതാമസം നേരിട്ടതോടെ മൂന്നുകോടി രൂപ ലാപ്സായി. തുടർന്ന് എംഎൽഎ ധനവകുപ്പുമായി ബന്ധപ്പെട്ട് നടത്തിയ പരിശ്രമങ്ങളുടെ ഫലമായി പാലം നിർമാണത്തിന് അനുമതി ലഭിക്കുകയും ലാപ്സായ തുക തിരികെയെത്തുകയുംചെയ്തു. കൊടവലത്ത് തോടിന് കുറുകെ പാലമില്ലാതിരുന്നതിനാൽ പ്രദേശത്തുനിന്നും പുല്ലൂർ, പെരിയ, അമ്പലത്തറ, മൂന്നാംമൈൽ, പെരിയ ഭാഗങ്ങളുമായി ബന്ധപ്പെടാൻ ഏറെ ബുദ്ധിമുട്ടാണ് നേരിട്ടിരുന്നത്. എംഎൽഎ ഫണ്ടിൽനിന്ന് ഇരിയ കാലിയടുക്കം റോഡ് മെക്കാഡം ടാറിങ് നടത്താൻ അഞ്ചുകോടിയും പെരിയ ഒടയംചാൽ മെക്കാഡം ടാറിങിന് ആറുകോടിയും അമ്പലത്തറ ചാലിങ്കാൽ മെക്കാഡം ടാറിങിന് അഞ്ചേമുക്കാൽ കോടിയും അനുവദിച്ചത് എംഎൽഎ ഫണ്ടിൽനിന്നാണ്. ചാലിങ്കാൽ, ഇരിയ സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമിച്ചതും ഇരിയ അമ്പലത്തറ സ്കൂളുകൾക്ക് ബസുകൾ അനുവദിച്ചതും എംഎൽഎ ഫണ്ടുപയോഗിച്ചാണ്. പഞ്ചായത്ത് ഭരണസമിതി ആദ്യമിതിന് തടസം നിൽക്കുകയാണ് ചെയ്തത്.

യുഡിഎഫ് ഭരണസമിതിയുടെ നിഷേധാത്മക നിലപാടിനെതിരെ കോൺഗ്രസിനകത്തും പ്രതിഷേധം ശക്തമായതോടെ പഞ്ചായത്ത് ഭരണസമിതി യോഗം ചേർന്ന് ഹൈമാസ് വിളക്കിന് അനുകൂലമായ തീരുമാനമെടുക്കുകയായിരുന്നു. രണ്ടാം വാർഡായ ആയംപാറയിലും എം എൽഎയുടെ ശ്രമഫലമായി ഹൈമാസ് വിളക്ക് സ്ഥാപിക്കാനൊരുങ്ങിയപ്പോൾ പഞ്ചായത്ത് അനുമതി നൽകിയില്ല. ഇവിടെ എംപി ഫണ്ടിൽനിന്നുള്ള ഹൈമാസ് വിളക്ക് സ്ഥാപിക്കണമെന്ന് പറഞ്ഞാണ് പഞ്ചായത്ത് അനുമതി നിഷേധിച്ചത്. തുടർന്ന് എംഎൽഎ ഫണ്ടുപയോഗിച്ചുള്ള ഹൈമാസ് വിളക്കുകൾ ആയന്പാറ സ്കൂൾ പരിസരത്തേക്ക് മാറ്റി. 2020ൽ പഞ്ചായത്തിൽ യുഡിഎഫ് അധികാരത്തിൽ വരുന്പോൾ നൽകിയ പ്രധാന വാഗ്ദാനങ്ങളിലൊന്ന് പെരിയയിൽ ഷോപ്പിങ് കോംപ്ലക്സും ബസ് സ്റ്റാൻഡും നിർമിക്കുമെന്നായിരുന്നു. പ്രകടന പത്രികയിലും ഇക്കാര്യം വ്യക്തമാക്കിയിരുന്നു. എന്നാൽ ഇതിനുവേണ്ട പ്രാരംഭ നടപടിപോലും തുടങ്ങിയില്ല.




നിറം കൊടുത്താലോ ?






1.തണ്ടുരുളും തടിയുരുളും തണ്ടിൻമേലൊരു ചെറുതരികുരുമുളകുരുളും..

2ഉരുളയുരുട്ടിയുരുളിയിലിട്ടാൽ ഉരുളയുരുളുമോയുരുളിയുരുളുമോ..

3.കരളിനുമലരിതളുതിരുമൊരളികുലമിളകിയ ചുരുൾ അളകം..

4.അലറലൊാടലറലാനാലയിൽ കാലികൾ..!

5.ഉരുളിയിലെ കുരുമുളക് ഉരുളേലാടുരുളൽ..!

6.തച്ചൻ ചത്ത തച്ചത്തി ഒരു തടിച്ചി തച്ചത്തി..!

7.തച്ചൻ തയ്ച്ച സഞ്ചി, ചന്തയിൽ തയ്ച്ച സഞ്ചി..

8.അരയാലരയാൽ ആലരയാലീ പേരാലരയാലൂരലയാൽ..






# സിംഹവും കുറുക്കനും

'വേട്ടയാടുന്നതിൽ അങ്ങാണല്ലോ മിടുക്കൻ. മിടുക്കൻ എന്നു പറയുന്നതുതന്നെ അങ്ങയെ കാണുന്നതുപോലെയാണ്. ഏറ്റവും മിടുക്കൻ എന്നുതന്നെ പറയണം.''

സംഭാഷണമധ്യേ സിംഹത്തെ സുഖിപ്പിച്ചുകൊണ്ട് കുറുക്കൻ പറഞ്ഞു.

സിംഹത്തെ സൂക്ഷിച്ചു നിരീക്ഷിച്ചുകൊണ്ട് കുറുക്കൻ തുടർന്നു.''നമുക്കൊരു കാര്യം ചെയ്താലോ! ഇനി വരാൻ പേകുകുന്നത് കനത്ത മഴയും തണുപ്പുമൊക്കെ അല്ലേ. അപ്പുറത്തെ കാട്ടിൽകയറി നമുക്കു വേട്ടയാടാം. അവിടെ ധാരാളം മൃഗങ്ങളുണ്ടെന്നാണ് കേൾവി. മഴക്കാലം തുടങ്ങുന്നതിനുമുൻപ മടങ്ങിപ്പോരുകയും ചെയ്യാം.''

''അതിന്റെ ആവശ്യമെന്തെടോ?''

സിംഹം സന്ദേഹം പ്രകടിപ്പിച്ചു.

''അതോ, എന്റെ ഭാര്യ ഇറച്ചിയൊക്കെ ഉണക്കി സൂക്ഷിക്കുന്നതിൽ ബഹുകമിടുക്കിയാ. എന്താ അതിന്റെയൊരു രുചി. അങ്ങിതുവരെ കഴിച്ചുകാണില്ല. ഉവ്വോ?''

ഇല്ലെന്നു സിംഹം തലയാട്ടി.

''ങാ... അതൊന്നു കഴിക്കണം. മഴയും തണുപ്പുമൊക്കെ ആകുമ്പോൾ പുറത്തിറങ്ങാതെ ഗുഹയ്ക്കുള്ളിൽ കഴിഞ്ഞുകൂടുകയും ചെയ്യാം

തന്നെ നോക്കി ആകാംക്ഷയോടെ ഇരിക്കുന്ന സിംഹത്തോടു കുറുക്കൻ പറഞ്ഞു.

''അങ്ങ് വേട്ടയാടി പിടിക്കുന്ന മൃഗങ്ങളെയൊക്കെ നമ്മുടെ ഗുഹകളിൽ എത്തിക്കുന്ന ഭാരം  അക്കാര്യം ഞാനും ഭാര്യയും നോക്കി ക്കൊള്ളാം. ഉണങ്ങുന്നതിൽ 60 ശതമാനവും അങ്ങയുടെ ഗുഹയിൽ എത്തിക്കുകയും ചെയ്യാം.''

ചിന്തയിലാണ്ടിരിക്കുന്ന സിംഹത്തെക്കണ്ട് കുറുക്കൻ ചോദിച്ചു.

''എന്താ അങ്ങുന്നേ ഇത്ര ആലോചിക്കണേ. അങ്ങയോടുള്ള സ്നേഹം കൊണ്ടാ ഞാൻ പറഞ്ഞത്. കൂട്ടത്തിൽ എന്റെ കാര്യവും

നടക്കുമല്ലോ! തണുപ്പ് കാലത്ത് പുറത്തിറങ്ങണ്ട. നല്ല ഒന്നാന്തരം ഉണക്കയിറച്ചിയും!''

പറഞ്ഞുപറഞ്ഞ് സിംഹത്തെ തന്റെ വഴിക്കു കൊണ്ടുവന്നു കുറുക്കൻ.

തൊട്ടടുത്ത കാട്ടിൽ കടന്ന് സിംഹം മൃഗങ്ങളെ വേട്ടയാടിത്തുടങ്ങി. മാസം രണ്ടുമൂന്നു കഴിഞ്ഞു. ഒമു ദിവസം സിംഹം പറഞ്ഞു.

''നീ ഇടയ്ക്കിടയ്ക്ക് സ്വന്തം കാട്ടിലേക്കു പോകുന്നുണ്ട്. ഞാനെന്റെ ഭാര്യേം കുഞ്ഞുങ്ങളേം കണ്ടിട്ട് കുറച്ചായി. മാത്രമല്ല. താമസിയാതെ മഴ തുടങ്ങുകയും ചെയ്യും. നമുക്കിനി മടങ്ങാം.''

തന്റെ കുടുംബത്തെ കാണാതെ രണ്ടുമൂന്നു മാസങ്ങൾ തള്ളിനീക്കിയതിന്റെ വിഷമം ആ വാക്കുകളിലുണ്ടായിരുന്നു.

''മടങ്ങാലോ, ഈ ആഴ്ചകൂടി ഞാൻ പോയി അവളെയും കൂട്ടി മടങ്ങിവരാം. അപ്പോൾ ആ ദിവസങ്ങളിൽ അങ്ങു പിടിക്കുന്ന മൃഗത്തെ കൊണ്ടുപോകുകയും ചെയ്യാം. ഈ ഒരാഴ്ച മാത്രം.''

ഒരുവിധത്തിലാണ് കുറുക്കൻ സിംഹത്തെക്കൊണ്ട് അത് സമ്മതിപ്പിച്ചത്.

ഭാര്യയെകുട്ടി വരാമെന്നു പറഞ്ഞുപോയ കുറുക്കൻ ഒരാഴ്ച കഴിഞ്ഞിട്ടും എത്തിയില്ല. സാധാരണ പറയുന്ന ദിവസംതന്നെ എത്താറുള്ളതാണ്.

ഒരു ദിവസം കഴിഞ്ഞിട്ടും കുറുക്കനെ കാണാതായപ്പോൾ സിംഹം തനിയെ സ്വന്തം കാട്ടിലേക്കു മടങ്ങി.

ഗുഹയിലെത്തിയ സിംഹത്തിനു തന്റെ കുടുംബത്തിന്റെ വിഷമ സ്ഥിതി അറിഞ്ഞപ്പോൾ സഹിക്കാനായില്ല.

കുഞ്ഞുങ്ങളെ തനിയെ വിട്ടിട്ട വേട്ടയാടാൻ പോകേണ്ട അവസ്ഥയിലായി പലപ്പോഴും സിംഹി. അതുകൊണ്ടുതന്നെ ആവശ്യത്തിനു ഭക്ഷണം കിട്ടിയതുമില്ല. കുറുക്കനാണെങ്കിൽ ആ വഴി ചെന്നിട്ടേയില്ലത്രേ.

ഭാര്യ മുഴുവൻ പൂർത്തിയാക്കുന്നതിനു മുൻപേ സിംഹം കുറുക്കന്റെ ഗുഹയിലേക്കു പുറപ്പെട്ടു.

ഗുഹയിലെത്തിയ സിംഹത്തിനു പക്ഷേ കുറുക്കനെ കാണാനായില്ല. കുറുക്കൻ അകലെനിന്നുതന്നെ സിംഹത്തെ കണ്ടു കഴിഞ്ഞിരുന്നു.

''നീ അദ്ദേഹത്തിന്റെ ഭാര്യേം കുട്ട്യോളേം പട്ടിണിക്കിട്ടല്ലേടി ദ്രോഹി.''

കുറുക്കന്റെ അലർച്ചയും പലവട്ടമുള്ള അടിയുടെ ശബ്ദവും വലിയ നിലയിലുള്ള കരച്ചിലുമൊക്കെ കേട്ടാണ് സിംഹം മുകളിലേക്കു നോക്കിയത്.

കിഴുക്കാംതൂക്കായ ഒരു പാറയുടെ മുകളിൽ വലിയൊരു വടിയും പിടിച്ചുനില്ക്കുകയാണ് കുറുക്കൻ.

വടികൊണ്ട് നിലത്താണ് അടിക്കുന്നതെന്നും മറ്റും സിംഹത്തിനു മനസ്സിലായില്ല.

''ഒരാഴ്ചയായി ഈ പേക്കൂത്ത് തുടങ്ങിയിട്ട്. ഇങ്ങനെ അടിക്കാതെ എന്നെയങ്ങു കൊന്നുകള.'' കുറുക്കത്തിയുടെ കരച്ചിൽ.

വടികൊണ്ട് പിന്നെയുമുള്ള അടിയും നിലവിളിയും തുടർന്നപ്പോൾ സിംഹം താഴെനിന്നു നിലവിളിച്ചു.

''കുറുക്കച്ചാ.. എടാ''

കുറുക്കൻ താഴേക്കുനോക്കി.

''നീ എന്തിനാടാ അവളെ പിടിച്ചങ്ങനെ തല്ലണേ..''

''അല്ലങ്ങുന്നേ, അങ്ങയുടെ ഭാര്യയ്ക്കും കുഞ്ഞുങ്ങൾക്കും കൊടുക്കാനേൽപിച്ചിരുന്ന ഇറച്ചികുടി ഇവളെടുത്ത് ഉണക്കിക്കളഞ്ഞു. എങ്ങനെ തല്ലാതിരിക്കും.''

''എന്റെ പൊന്നങ്ങുന്നേ ഒരാഴ്ചയായി എനിക്കിട്ടീ മേട്. എല്ലാം ഉണക്കാനാണെന്നല്ലേ ഞാൻ കരുതിയേ...' കരച്ചിലിലൂടെത്തന്നെ കുറുക്കത്തി പറഞ്ഞൊപ്പിച്ചു.

''ഇനിയിപ്പോ എന്താ അങ്ങുന്നേ ചെയ്ക? ങാ, ഞാനൊരു കയറിടു തരാം ഒരു വശം ഇവിടെ ബലമായിട്ട ഒരു മരത്തിൽ കെട്ടും. മറുവശം താഴേയ്ക്കിടാം. അങ്ങ് അതിൽപിടിച്ച് പതിയെ കേറിവാ. ദേ ഇവിടെയാ ഇറച്ചിയൊക്കെ ഉണക്കാനിടുന്നേ, കുശാലായി ഇത്തിരി കഴിച്ചിട്ടു പോകാം. ബാക്കി അങ്ങെത്തിക്കാം... എന്താ?''

പറഞ്ഞുതീരുന്നതിനു മുൻപേ ഒരു കയർ താഴേയക്കെത്തി. അതിൽപിടിച്ച് സിംഹം മുകളിലേക്കു കയറിക്കൊണ്ടിരുന്നു. ഏതാണ്ട് മുകളിലെത്താറായി. ധും,

കയർപൊട്ടി സിംഹം താഴേയ്ക്ക് വീണു. പലയിടത്തും തട്ടിയും മുട്ടിയും താഴെ വീണ സിംഹം എഴുന്നേറ്റു നിലക്കാൻ തന്നെ വളരെ വിഷമിച്ചു. അത്രയേറെ പരുക്കുകൾ ഉണ്ടായിരുന്നു ആ ശരീരത്തിൽ.

ഒട്ടും താമസിച്ചില്ല. വലിയൊരു കല്ലുവന്ന് സിംഹത്തിന്റെ തലയിൽ പതിച്ചു. വീണുപോയ സിംഹത്തിനു പിന്നെ എഴുന്നേല്ക്കാനായില്ല.

വാക്കുകളിലെ ചതി മനസ്സിലാക്കണമെങ്കിൽ അതിനുമുൻപ് ആളെ മനസ്സിലാക്കണം.



## പാകിസ്താനിലെ ബോംബാക്രമണം; എട്ട് ശ്രീലങ്കൻ താരങ്ങൾ നാട്ടിലേക്ക് മടങ്ങിയേക്കും

**ന്യൂഡൽഹി:** പാകിസ്താനിലുണ്ടായ ബോംബ് സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ ഏകദിന പരമ്പരയ്ക്കായെത്തിയ ശ്രീലങ്കൻ താരങ്ങൾ പര്യടനം റദ്ദാക്കാൻ ലങ്കൻ ക്രിക്കറ്റ് ബോർഡിനോട് ആവശ്യപ്പെട്ടതായി റിപ്പോർട്ട്. ഇസ്ലാമാബാദിലെ ബോംബ് സ്ഫോടനത്തെത്തുടർന്ന് സുരക്ഷാ ആശങ്കകൾ പ്രകടിപ്പിച്ചാണ് ടീമിലെ എട്ടു താരങ്ങൾ പര്യടനം റദ്ദാക്കാൻ ബോർഡിനോട് ആവശ്യപ്പെട്ടത്. മൂന്ന് മത്സരങ്ങളടങ്ങിയ പരമ്പരയിലെ രണ്ടാം ഏകദിനം നടക്കേണ്ടത് നാളെ റാവൽപിണ്ടിയിലാണ്.ഇതോടെ ഈ മത്സരം നടക്കുന്ന കാര്യം അനിശ്ചിതത്വത്തിലായി. പരമ്പര തുടരുന്നതിനായി ശ്രീലങ്കൻ ക്രിക്കറ്റ് ബോർഡ് പകരക്കാരെ എത്തിക്കുമെന്ന് വൃത്തങ്ങൾ അറിയിച്ചിട്ടുണ്ട്. ഇസ്ലാമാബാദിൽ ചാവേറാക്രമണം നടന്നിട്ടും ചൊവ്വാഴ്ച റാവൽപിണ്ടിയിൽ ആദ്യ മത്സരം നടന്നിരുന്നു. പരമ്പരയിലെ ശേഷിക്കുന്ന രണ്ട് മത്സരങ്ങൾ വ്യാഴം, ശനി ദിവസങ്ങളിൽ റാവൽപിണ്ടിയിൽത്തന്നെയാണ് നടക്കേണ്ടത്. ആദ്യമത്സരത്തിൽ ജയിച്ച പാകിസ്താൻ 1-0ന് മുന്നിലാണ്.ചൊവ്വാഴ്ച ഇസ്ലാമാബാദിലെ ഒരു ജുഡീഷ്യൽ കോംപ്ലക്സിലുണ്ടായ സ്ഫോടനത്തിൽ 12 പേർ കൊല്ലപ്പെടുകയും 27 പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. ചാവേറാക്രമണമാണെന്നാണ് പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത്. കാൽനടയായി കോടതി കെട്ടിടത്തിലേക്ക് പ്രവേശിക്കാൻ ശ്രമിച്ച ബോംബർ, പതിനഞ്ച് മിനിറ്റോളം പുറത്തു കാത്തുനിന്നശേഷം ഒരു പോലീസ് വാഹനത്തിന് സമീപംവെച്ച് സ്ഫോടകവസ്തുക്കൾ പൊട്ടിത്തെറിപ്പിക്കുകയായിരുന്നെന്ന് നഖ്‌വി പറഞ്ഞു.

# ഈഡനിൽ പേസ് ?

## ഇന്ത്യ: ദക്ഷിണാഫ്രിക്ക ആദ്യ ടെസ്റ്റ് നാളെ

**കൊൽക്കത്ത** ടെസ്റ്റ് ക്രിക്കറ്റിലെ ലോക ചാന്പ്യൻമാർക്കെതിരെ ഇന്ത്യ ഇറങ്ങുന്നു. കൊൽക്കത്ത ഈഡൻ ഗാർഡൻസ് സ്റ്റേഡിയത്തിൽ നാളെയാണ് ഇന്ത്യദക്ഷിണാഫ്രിക്ക ആദ്യ ടെസ്റ്റ്. പേസർമാരിൽ പ്രതീക്ഷയർപ്പിച്ചാണ് ഇരു ടീമുകളും ഇറങ്ങുന്നത്. ആദ്യ രണ്ട് ദിനം ഈഡനിൽ പേസിനായിരിക്കും മുൻതൂക്കം. മൂന്നാംദിനം തൊട്ട് സ്പിന്നർമാരെ വരിക്കും. പരന്പരയിലെ രണ്ടാം ടെസ്റ്റ് 22ന് ഗുവാഹത്തിയിൽ നടക്കും.202527 ടെസ്റ്റ് ചാന്പ്യൻഷിപ്പിൽ ഇതിനകം ഏഴ് മത്സരങ്ങൾ പൂർത്തിയാക്കിയ ഇന്ത്യ പോയിന്റ് പട്ടികയിൽ മൂന്നാമതാണ്. രണ്ട് ടെസ്റ്റ് കളിച്ച ദക്ഷിണാഫ്രിക്ക അഞ്ചാമതും.ടെസ്റ്റ് ക്രിക്കറ്റിൽ ഇന്ത്യക്ക് കഴിഞ്ഞ വർഷം തിരിച്ചടികളായിരുന്നു. സ്വന്തം തട്ടകത്തിൽ ന്യൂസിലൻഡിനോട് മൂന്ന് കളിയും തോറ്റു. പിന്നാലെ ഓസ്ട്രേലിയൻ മണ്ണിലും പരന്പര തോൽവി വഴങ്ങി. രോഹിത് ശർമയും വിരാട് കോഹ്‌ലിയും ആർ അശ്വിനും വിരമിച്ചതിനുപിന്നാലെ ശുഭ്മാൻ ഗില്ലിനെ ക്യാപ്റ്റനാക്കിയാണ് ഇന്ത്യ പുതിയ ചാന്പ്യൻഷിപ്പിന് ഇറങ്ങിയത്. ഇംഗ്ലണ്ടിനെതിരെ അവരുടെ തട്ടകത്തിൽ പരന്പര സമനില പിടിച്ച യുവനിര വെസ്റ്റിൻഡീസിനെ രണ്ട് കളിയിലും




കീഴടക്കി. ആകെ ഏഴ് കളിയിൽ നാല് ജയം, രണ്ട് തോൽവി, ഒരു സമനില.ദക്ഷിണാഫ്രിക്കയ്ക്കെതിരെ ഇറങ്ങുന്പോൾ പരിശീലകൻ ഗൗതം ഗംഭീറിന് സമ്മർദമുണ്ട്. സ്വന്തം തട്ടകത്തിൽ ഒരിക്കൽക്കൂടി തോറ്റാൽ പരിശീലക സ്ഥാനത്തിന് ഇളക്കം തട്ടും. ഈഡനിൽ പേസർമാരായ ജസ്പ്രീത് ബുമ്ര, മുഹമ്മദ് സിറാജ് എന്നിവരിലാണ് പ്രതീക്ഷ. മൂന്നാം പേസറെ കളിപ്പിക്കുകയാണെങ്കിൽ ആകാശ് ദീപ് ഇറങ്ങും.അതേസമയം, വിക്കറ്റ് കീപ്പർ ഋഷഭ് പന്ത് തിരിച്ചുവന്ന സാഹചര്യത്തിൽ ധ്രുവ് ജുറേലിനെ എവിടെ കളിപ്പിക്കുമെന്നതിൽ ആശയക്കുഴപ്പമുണ്ട്. വിൻഡീസിനെതിരെ പന്തിന് പകരം ഇറങ്ങിയ ജുറേൽ തകർപ്പൻ കളിയാണ് പുറത്തെടുത്തത്. ദക്ഷിണാഫ്രിക്ക എ ടീമിനെതിരായ രണ്ടാം ചതുർദിന മത്സരത്തിൽ രണ്ട് ഇന്നിങ്സിലും സെഞ്ചുറി നേടിയിരുന്നു. ഓൾ റൗണ്ടർ നിതീഷ് കുമാർ റെഡ്ഡിക്ക് പകരം ജുറേലിനെ കളിപ്പിക്കാനും സാധ്യതയുണ്ട്.കഗീസോ റബാദ നയിക്കുന്ന ദക്ഷിണാഫ്രിക്കൻ പേസ് നിരയിൽ മാർകോ യാൻസെൺ, കോർബിൻ ബോഷ്, വിയാൻ മുൽദർ എന്നിവരുമുണ്ട്. ടെംബ ബവുമയാണ് ക്യാപ്റ്റൻ.ഇടവേളയ്ക്കുശേഷം ആഭ്യന്തര ക്രിക്കറ്റ് കളിക്കാനൊരുങ്ങി ഇന്ത്യൻ ടീം മുൻ ക്യാപ്റ്റൻ രോഹിത് ശർമ. ഡിസംബർ 24 മുതൽ ജനുവരി എട്ടുവരെ നടക്കുന്ന വിജയ് ഹസാരെ ഏകദിന ട്രോഫിയിൽ മുംബൈക്കായി കളിച്ചേക്കുമെന്നാണ് സൂചന.മഹാരാഷ്ട്ര, പഞ്ചാബ്, ഗോവ തുടങ്ങിയ ടീമുകളാണ് മുംബൈ ഗ്രൂപ്പിൽ. ജയ്പുരിലാണ് മത്സരം. ടെസ്റ്റിലും ട്വന്റി20യിൽനിന്നും വിരമിച്ച രോഹിത് ഇന്ത്യയുടെ ഏകദിന ടീമിൽ തുടരുന്നുണ്ട്. ദേശീയ താരങ്ങളോട് ആഭ്യന്തര സീസണിൽ കളിക്കാൻ ബിസിസഐയും സെലക്ടർമാരും ആവശ്യപ്പെട്ടിരുന്നു. രോഹിതിനെ കൂടാതെ വിരാട് കോഹ്‌ലിയും വിജയ് ഹസാരെ കളിക്കുമെന്നാണ് സൂചനകൾ.

## മെസ്സി ഹൈദരാബാദിലേക്ക്; സ്ഥിരീകരിച്ച് തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി

**ഹൈദരാബാദ്:** അർജന്റീന ടീം ഇത്തവണ കേരത്തിലെത്തില്ലെങ്കിലും സൂപ്പർ താരം ലയണൽ മെസ്സി ഹൈദരാബാദിലെത്തും. ഇന്ത്യയിലെ 'ഗോട്ട് ടൂറി'ന്റെ ഭാഗമായാണ് ലയണൽ മെസ്സി ഹൈദരാബാദ് സന്ദർശിക്കുന്നത്. തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി മെസ്സിയുടെ സന്ദർശനം സ്ഥിരീകരിച്ചിട്ടുണ്ട്. നേരത്തെ നിശ്ചയിച്ച അഹമ്മദാബാദ് സന്ദർശനത്തിന് പകരമായാണ് മെസ്സി ഹൈദരാബാദിലെത്തുന്നത്. ഇന്ത്യയിൽ ഫുട്ബോൾ പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള ഗോട്ട് ടൂറിന്റെ ഭാഗമായാണ് മെസ്സിയുടെ ഹൈദരാബാദ് സന്ദർശനം. ഡിസംബർ 13-ന് വൈകുന്നേരമാകും ഹൈദരാബാദിൽ മെസ്സി പങ്കെടുക്കുന്ന പരിപാടി നടക്കുക. ഗച്ചിബൗളിയിലോ രാജീവ് ഗാന്ധി ഇന്റർനാഷണൽ സ്റ്റേഡിയത്തിലോ നടക്കുന്ന ഈ പരിപാടിയിൽ സെലിബ്രിറ്റി മത്സരമടക്കമുള്ള കാര്യങ്ങളുണ്ടായിരിക്കും. ഹൈദരാബാദ് കൂടാതെ കൊൽക്കത്ത, മുംബൈ, ന്യൂഡൽഹി എന്നീ നഗരങ്ങളിലാണ് ഗോട്ട് ടൂറിന്റെ ഭാഗമായി മെസ്സി എത്തുക. തങ്ങൾ ദക്ഷിണേന്ത്യയും കവർ ചെയ്യാൻ പോകുകയാണെന്ന് ടൂറിന്റെ സംഘാടകനായ സതാദ്രു ദത്ത പറഞ്ഞു.





## സഞ്ജു ഓപ്പണറായി തിരിച്ചെത്തുന്നു, പ്രോട്ടീസിനെതിരേ ടി20 യിൽ ഗിൽ കളിച്ചേക്കില്ല

**ന്യൂഡൽഹി:** ടി20 ക്രിക്കറ്റിൽ മലയാളി താരം സഞ്ജു സാംസൺ ഓപ്പണറായി തിരിച്ചെത്തുന്നു. ദക്ഷിണാഫ്രിക്കയ്ക്കെതിരായ ടി20 പരമ്പരയിൽ സഞ്ജുവിനെ ഓപ്പണറാക്കുമെന്നാണ് റിപ്പോർട്ടുകൾ. ഡിസംബർ അഞ്ചിനാണ് അഞ്ചുമത്സരങ്ങളടങ്ങിയ ടി20 പരമ്പരയ്ക്ക് തുടക്കമാവുന്നത്.പരമ്പരയിൽ ടെസ്റ്റ്, ഏകദിന നായകൻ കൂടിയായ ഗില്ലിന് വിശ്രമം അനുവദിക്കാനാണ് സാധ്യത. അങ്ങനെയെങ്കിൽ സഞ്ജു ഓപ്പണറാകും. ഇടംകൈയ്യൻ ബാറ്റർ യശസ്വി ജയ്സ്വാളിനെയും ടീമിലെടുത്തേക്കും. ദക്ഷിണാഫ്രിക്കയ്ക്കെതിരേ രണ്ട് മത്സരങ്ങളടങ്ങിയ ടെസ്റ്റ് പരമ്പര നവംബർ 14 നാണ് തുടങ്ങുന്നത്. അതിന് പിന്നാലെ നവംബർ 30 ന് ഏകദിനപരമ്പരയും ആരംഭിക്കും. ഈ രണ്ട് ഫോർമാറ്റുകളിലും ഗില്ലാണ് ഇന്ത്യയെ നയിക്കുന്നത്. ഓസീസിനെതിരായ പമ്പരയിൽ സഞ്ജുവിനെ ഓപ്പണിങ് സ്ഥാനത്തുനിന്ന് മാറ്റിയിരുന്നു. ശുഭ്മാൻ ഗിൽ ടി20 ടീമിലേക്ക് തിരിച്ചെത്തിയ പശ്ചാത്തലത്തിലാണ് മലയാളിതാരത്തിന് സ്ഥാനം നഷ്ടമായത്. എന്നാൽ ഓപ്പണറായെത്തിയ ഗില്ലിന് കാര്യമായ പ്രകടനം കാഴ്ചവെക്കാൻ സാധിച്ചില്ല. അതോടെ മുൻ താരങ്ങളടക്കം വിമർശനവുമായി രംഗത്തെത്തി. അഭിഷേക് ശർമയ്ക്കൊപ്പം ഇന്നിങ്സ് ഓപ്പൺ ചെയ്തിരുന്ന സഞ്ജു പിന്നീട് ബാറ്റിങ് ഓർഡറിൽ താഴേക്കിറങ്ങി. അതോടെ പല മത്സരങ്ങളിലും തിളങ്ങാനുമായില്ല.ഓസീസിനെതിരായ ടി20 പരമ്പരയിലെ രണ്ടാം മത്സരത്തിൽ മാത്രമാണ് താരം ബാറ്റ് ചെയ്തത്. മത്സരത്തിൽ വൺഡൗണായി ഇറങ്ങിയ സഞ്ജു രണ്ട് റൺസ് മാത്രമെടുത്ത് പുറത്തായി. പിന്നീട് മൂന്നാം ടി20 യിലും നാലാം ടി20 യിലും സഞ്ജുവിന് പകരം ജിതേഷ് ശർമയാണ് കളിച്ചത്.



EDITORS CHOICE

# ലോക ദയ ദിനം





ലോക ദയ ദിനത്തിൽ അപരിചിതരെ സഹായിച്ചുകൊണ്ടോ, സമൂഹത്തിന് തിരികെ നൽകിക്കൊണ്ടോ, അല്ലെങ്കിൽ നിങ്ങളുടെ കുട്ടികളെ നന്മയുടെ മൂല്യം പഠിപ്പിച്ചുകൊണ്ടോ കാരുണ്യപ്രവൃത്തികൾ പങ്കുവെക്കുക.ഒരു കൂട്ടം മാനുഷിക ഗ്രൂപ്പുകൾ ഒത്തുചേർന്ന് 'ദയയുടെ പ്രഖ്യാപനം' നടത്തിയപ്പോഴാണ് ദയ ദിനം പിറന്നത്. അതുപോലെ, ദയ ദിനത്തിൽ സമാനമായ ഒരു പ്രഖ്യാപനം നടത്താൻ എല്ലാവരെയും പ്രോത്സാഹിപ്പിക്കുന്നു.എന്നിരുന്നാലും, ഒരു ദയാപ്രവൃത്തി ചെയ്യുമെന്ന് പ്രതിജ്ഞയെടുക്കുന്നതും അത്ര മികച്ചതല്ല: ഒരു അപരിചിതന് വേണ്ടി വാതിൽ തുറന്നിടുക, നിങ്ങളുടെ അയൽക്കാരന്റെ പൂന്തോട്ട ഗ്നോമുകളുടെ ശേഖരത്തെ അഭിനന്ദിക്കുക, അല്ലെങ്കിൽ സമീപത്തുള്ള ഒരാൾക്ക് മറ്റെന്തെങ്കിലും തരത്തിലുള്ള ദയാപ്രവൃത്തി ചെയ്യാൻ സ്വയം ശ്രമിക്കുക!കടന്നുപോകുന്ന അപരിചിതരെ നോക്കി പുഞ്ചിരിക്കുക, വാതിൽ തുറന്നിടുക, പൊതുഗതാഗതത്തിൽ നിങ്ങളുടെ സീറ്റ് ഉപേക്ഷിക്കുക, അല്ലെങ്കിൽ ആരെങ്കിലും ചെയ്തതോ മാറിയതോ ആയ എന്തെങ്കിലും, ഉദാഹരണത്തിന് പുതിയ ടോപ്പ് ധരിക്കുക, പുതിയ ഹെയർകട്ട് ധരിക്കുക എന്നിവയെ ആത്മാർത്ഥമായി അഭിനന്ദിക്കുക. ഈ ചെറിയ ആംഗ്യങ്ങൾ പോലും മറ്റുള്ളവരോട് ദയ കാണിക്കുന്നതിനുള്ള ഒരു നല്ല മാർഗമാണ്.ചിലപ്പോഴൊക്കെ ആളുകൾക്ക് അധിക പരിചരണം ആവശ്യമായി വരും, അതിനാൽ ഇന്ന് നിങ്ങൾ ആലിംഗനങ്ങൾ നൽകുന്നത് അവ കൂടുതൽ ദീർഘവും അർത്ഥവത്തായതുമാക്കുന്നു. ബന്ധങ്ങളും ദയയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. നിങ്ങളിൽ എന്താണ് ഉൾപ്പെട്ടിരിക്കുന്നതെന്ന് ചില ആളുകൾ ആശ്ചര്യപ്പെടുന്നതായി നിങ്ങൾ കണ്ടെത്തിയേക്കാം, പക്ഷേ അവർ തീർച്ചയായും അത് വിലമതിക്കും. ലോക ദയ ദിനം നിങ്ങളുടെ ആശയങ്ങൾ സർഗ്ഗാത്മകമായി അവതരിപ്പിക്കാനുള്ള മികച്ച അവസരം നൽകുന്നു. ആളുകളെ അവരുടെ ശ്രമങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ പ്രോത്സാഹിപ്പിക്കുന്ന മറ്റ് നിരവധി ദിവസങ്ങളുണ്ട്, ഈ ദിവസവും വ്യത്യസ്തമല്ല. മറ്റുള്ളവരോടുള്ള നിങ്ങളുടെ ദയയും വിലമതിപ്പും ഒരു സവിശേഷമായ രീതിയിൽ പ്രകടിപ്പിക്കാൻ നിങ്ങൾ എന്തുചെയ്യാൻ ആഗ്രഹിക്കുന്നുവെന്ന് മുൻകൂട്ടി ചിന്തിക്കുക.പലരും സ്വന്തം ജീവിതത്തിൽ വളരെയധികം ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാൽ മറ്റുള്ളവർക്ക് എന്താണ് വേണ്ടതെന്ന് ചിന്തിക്കാൻ ഒരു നിമിഷം പോലും മറന്നുപോകും. എന്നിരുന്നാലും, മറ്റുള്ളവർക്ക് നല്ലത് ചെയ്യുന്നത് നിങ്ങൾക്കും ഗുണം ചെയ്യും. നിങ്ങളുടെ ദയയെ മറ്റുള്ളവർ എങ്ങനെ വിലമതിക്കുന്നുവെന്ന് ആസൂത്രണം ചെയ്യുന്നതും കാണുന്നതും വളരെ രസകരമായിരിക്കും.മനുഷ്യപ്രകൃതിയുടെ ഈ കാതലായ വശത്ത് നിന്ന് നമുക്ക് ലഭിക്കുന്ന നേട്ടങ്ങളും ദയയും ആഘോഷിക്കേണ്ടത് എല്ലാവർക്കും വിലപ്പെട്ടതാണ്. നമ്മുടെ ജീവിതത്തിൽ നമ്മൾ ഒറ്റയ്ക്കല്ലെന്നും, മറ്റുള്ളവർ ദയയുള്ളവരും നമ്മളെ പരിപാലിക്കുന്നവരുമാണെന്നും, നന്മ നിലവിലില്ലാത്ത ഒരു ലോകത്തിലല്ല നാം ജീവിക്കുന്നതെന്നും ഓർമ്മിപ്പിക്കാൻ ലോക ദയ ദിനം സഹായിക്കും.മറ്റുള്ളവരുമായി ദയ പങ്കിടുന്നതിൽ പങ്കുചേരാനും ആഘോഷിക്കാനും നിങ്ങൾക്ക് നിരവധി മാർഗങ്ങളുണ്ട്. നിങ്ങൾക്ക് പരിചയമില്ലാത്ത ഒരാളെ കടന്നുപോകുമ്പോൾ നിങ്ങൾ ഒരു പുഞ്ചിരി പങ്കിട്ടാലും, ആർക്കെങ്കിലും കുറച്ച് പൂക്കൾ അയച്ചാലും, അല്ലെങ്കിൽ അവർക്ക് ഒരു അധിക ആലിംഗനം നൽകിയാലും, പക്ഷേ, ദയ ദിനത്തിന്റെ ഏറ്റവും മികച്ച കാര്യം അത് ഒരു ചെലവുമില്ലാതെ ആഘോഷിക്കാൻ നിങ്ങൾ തീരുമാനിക്കുന്നു.അമേരിക്കയിൽ ഭീഷണിപ്പെടുത്തൽ വലിയ ഒരു കാര്യമാണ്, ഓരോ നാല് കുട്ടികളിൽ ഒരാൾക്കും സ്കൂളിൽ പതിവായി ഭീഷണിപ്പെടുത്തൽ നേരിടേണ്ടിവരുന്നു. വ്യത്യസ്തരാണെങ്കിൽ പോലും എല്ലാവരോടും ദയ കാണിക്കാൻ നമ്മുടെ കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള ഒരു മികച്ച മാർഗമാണ് ഈ ദിവസം, കൂടാതെ ഭീഷണിപ്പെടുത്തൽ കാണുമ്പോൾ അതിനെ ചെറുക്കാൻ അവരെ പഠിപ്പിക്കാനും ഇത് സഹായിക്കും. ഇത് അവരെ ധീരരായ കുട്ടികളായും ദയയുള്ള മുതിർന്നവരായും മാറ്റും.അതെ, മറ്റുള്ളവരോട് ദയ കാണിക്കുക എന്നതിനർത്ഥം നിങ്ങൾക്ക് സമ്മർദ്ദം ഉണ്ടാകാനുള്ള സാധ്യത കുറവാണ് എന്നാണ്. എപ്പോഴും ദയ കാണിക്കുന്ന ആളുകളിൽ സമ്മർദ്ദ ഹോർമോണായ കോർട്ടിസോൾ 23 കുറവ് ഉത്പാദിപ്പിക്കപ്പെടുന്നു. ഇതിനർത്ഥം ദയ കാണിക്കുന്ന ആളുകൾ ശരാശരി ജനസംഖ്യയേക്കാൾ വളരെ പതുക്കെയാണ് പ്രായമാകുന്നത് എന്നാണ്, കാരണം സമ്മർദ്ദ നില കുറവാണ്, അതിനാൽ ദയ കാണിക്കുന്നത് ശരിക്കും ഗുണം ചെയ്യും.ഈ പ്രസ്ഥാനം ഒരു രാഷ്ട്രീയ അല്ലെങ്കിൽ മത പ്രസ്ഥാനവുമായി ഔദ്യോഗികമായി ബന്ധപ്പെട്ടിട്ടില്ലെങ്കിലും, 28-ലധികം രാജ്യങ്ങൾ ഇപ്പോൾ ലോക ദയ ദിനത്തിൽ പങ്കെടുക്കുന്നു.

സമീപഭാവിയിൽ എപ്പോഴെങ്കിലും ഐക്യരാഷ്ട്രസഭ ഈ ദിവസം ഔദ്യോഗിക അവധി ദിവസമായി തിരഞ്ഞെടുക്കുമെന്ന് പ്രസ്ഥാനം പ്രതീക്ഷിക്കുന്നു.വേൾഡ് ദയ പ്രസ്ഥാനം സ്ഥാപിതമായതിനു ശേഷമാണ് ലോക ദയ ദിനം ആരംഭിച്ചത്. ലോകമെമ്പാടുമുള്ള പരമാവധി ആളുകളിൽ ദയയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം വളർത്താൻ കഴിയുന്ന ഒരു ദിവസം ആരംഭിക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യവും പ്രതീക്ഷയും. ലോകമെമ്പാടുമുള്ള ആളുകളെ ഒന്നിപ്പിക്കുക.ഈ ദിവസത്തിന്റെ ഏക ലക്ഷ്യം 'നമ്മെ ബന്ധിപ്പിക്കുന്ന പോസിറ്റീവ് ശക്തിയിലും ദയയുടെ പൊതു നൂലിലും ശ്രദ്ധ കേന്ദ്രീകരിച്ച് സമൂഹത്തിലെ നല്ല പ്രവൃത്തികളെ ഉയർത്തിക്കാട്ടുക' എന്നതാണ്. നിങ്ങളുടെ ദയ പഠിക്കാനും പഠിപ്പിക്കാനും മറ്റുള്ളവരുമായി പങ്കിടാനുമുള്ള ഒരു ദിവസമാണിത്.അപ്പോൾ, ദയ എന്ന വാക്ക് എവിടെ നിന്നാണ് വന്നത്? അതിന്റെ വേരുകൾ പഴയ ഇംഗ്ലീഷ് പദമായ "kyndnes' ൽ നിന്നാണ് ഉത്ഭവിച്ചത്, ഇത് 'മര്യാദ' എന്നർത്ഥം വരുന്ന 'സശിറലിലഠ' എന്ന മധ്യ ഇംഗ്ലീഷ് പദത്തിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran, Executive Editor: K. R. Krishna Kumar,News Editor : T . K Chithra (Responsible for selection of news under PRB Act 1867). Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com